ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 02 ഏപ്രിൽ 2019 ലക്കം 04

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephpatharadio.com
0490- - 2342440

# ഉള്ളടക്കം


1. Prot No. 182/19 സർക്കുലർ നമ്പർ 5/19 ........ 5
2. കെസിബിസി-സർക്കുലർ ........ 7
3. മെയ്ദിന സന്ദേശം-സർക്കുലർ ........ 11
4. കച്ചേരിക്കാര്യം ........ 18
5. വൈദികസമിതി റിപ്പോർട്ട് ........ 30
6. പസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 32
7. സെമിനാരി വാർത്തകൾ ........ 35
8. വിശ്വാസപരിശീലനം ........ 38
9. കുടുംബക്കൂട്ടായ്മ ........ 44
10. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 46
11. ചെറുപുഷ്പ മിഷൻലീഗ് ........ 49
12. തിരുബാലസഖ്യം ........ 54
13. യുവജനശുശ്രൂഷ ........ 56
14. കുടുംബപ്രേഷിതത്വം ........ 62
15. വിദ്യാഭ്യാസ ഏജൻസി ........ 69
16. സാൻജോസ് അക്കാഡമി ........ 74
17. വിമൽജ്യോതി വാർത്തകൾ ........ 79
18. നിർമ്മലഗിരി വാർത്തകൾ ........ 83
19. എ.കെ.സി.സി. വാർത്തകൾ ........ 85
20. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 88
21. പ്രതീക്ഷാ വാർത്തകൾ ........ 92
22. കെസിബിസി മദ്യവിരുദ്ധ സമിതി ........ 94
23. സാമൂഹ്യസേവനവേദി ........ 99
24. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 104
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 107
26. Programme of the Archbishop Mar George Njaralakatt ........ 110
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 112
28. Programme of the Abp. Emeritus Mar George Valiamattam ........ 113
29. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 114
30. Programme of the Auxiliary Bishop Mar Joseph Pamplany ........ 117

Prot No. 182/19 circular No.05/19

# പ്രളയ ദുരിതാശ്വാസ വിതരണം

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

കഴിഞ്ഞവർഷം കേരളത്തെയാകെ ദുരിതത്തിലാഴ്ത്തിയ പ്രളയകാലത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നിങ്ങളെല്ലാവരും ഔദാര്യപൂർവ്വം സംഭാവനചെയ്യുകയുണ്ടായല്ലോ. പണമായും ഭക്ഷ്യവസ്തുക്കളായും നിത്യോപയോഗസാധനങ്ങളായും ധാരാളമാളുകൾ സന്മനസ്സോടെ പങ്കുവച്ചു. അതിൽ വസ്തുക്കളായി ലഭിച്ചതുമുഴുവൻ മാനന്തവാടി, കോഴിക്കോട്, ചങ്ങനാശ്ശേരി, തൃശ്ശൂർ രൂപതകളിലായി നാം വിതരണം ചെയ്തു. ഒപ്പം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും പുനരധിവാസപ്രവർത്തനങ്ങൾക്കുമായി ബഹു. വൈദികരുടെ നേതൃത്വത്തിൽ ധാരാളമാളുകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോവുകയുണ്ടായി. പലതരത്തിൽ സഹകരിച്ച എല്ലാവരെയും വീണ്ടും ഞാൻ നന്ദിയോടുകൂടി അനുസ്മരിക്കുകയാണ്. പണമായി ലഭിച്ച സംഭാവനകൾ എങ്ങിനെ വിനിയോഗിച്ചു എന്ന് നിങ്ങളെ അറിയിക്കുവാനാണ് ഈ സർക്കുലർ എഴുതുന്നത്.

അതിരൂപതയുടെ ദുരിതാശ്വാസനിധിയിലേക്ക് നമ്മുടെ അതിരൂപതയിൽനിന്നും പണമായി ലഭിച്ച തുക ഒരുകോടി അറുപത്തിനാലുലക്ഷത്തി എണ്ണായിരത്തി പതിനാറ് രൂപയും (1,64,080,16) വിദേശങ്ങളിൽ ജോലി ചെയ്യുന്ന വൈദികരും മറ്റ് അഭ്യുദയകാംക്ഷികളും സമാഹരിച്ചു നല്കിയ തുക അറുപത്തിയേഴ് ലക്ഷത്തി എഴുപത്തിയേഴായിരത്തി എഴുന്നൂറ്റി പത്തൊൻപത് (67,77,719)രൂപയും ഉൾപ്പെടെ ആകെ രണ്ടുകോടി മുപ്പത്തിയൊന്നു ലക്ഷത്തി എൺപത്താറായിരത്തി ഇരുന്നൂറ്റി മുപ്പത്തഞ്ച് (2,31,86,235) രൂപയാണ്.

ഈ തുകയിൽ പതിനഞ്ചുലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അറുനൂറ്റി നാല്പത്തി നാലു രൂപ (15,94,644) റ്റി.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നടത്തിയ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ചിലവഴിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 12 ലക്ഷം രൂപ നേരിട്ടും പത്തുലക്ഷം രൂപ സീറോ-മലബാർ കൂരിയ വഴിയും നല്കി. മാനന്തവാടി രൂപതയ്ക്ക് പത്തുലക്ഷം രൂപയും കോഴിക്കോട് രൂപതയ്ക്ക് അഞ്ചുലക്ഷം രൂപയും നല്കി. ബാക്കി തുക

മുഴുവൻ തലശ്ശേരി അതിരൂപതയിലെ 25 ഇടവകകളിലായി വിതരണം ചെയ്തു. കൃഷി നഷ്ടപ്പെട്ട 27 കുടുംബങ്ങൾക്ക് 5, 80,000 രൂപയും വീട് നിർമ്മാണത്തിനായി 69 കുടുംബങ്ങൾക്ക് 81,20,000 രൂപയും കുളം, കിണർ റിപ്പയറിംങ്ങിനായി ഏഴ് കുടുംബങ്ങൾക്ക് 1,18,000 രൂപയും വീടിനുപുറകിൽ വീണ മണ്ണ് നീക്കുന്നതിനായി പതിനൊന്ന് കുടുംബങ്ങൾക്ക് 2,18,000 രൂപയും കയ്യാല കെട്ടുന്നതിനായി പതിനഞ്ച് കുടുംബങ്ങൾക്ക് 1,95,500 രൂപയും തോടിന്റെ വശങ്ങൾ കെട്ടുന്നതിനായി ആറു കുടുംബങ്ങൾക്ക് 76,000 രൂപയും ഇതിനോടകം വിതരണം ചെയ്തു. ആകെ ഒരു കോടി നാല്പത്താറു ലക്ഷത്തി രണ്ടായിരത്തി ഒരുനൂറ്റിനാല്പത്തിനാല് (1,46,02,144) രൂപയാണ് ചിലവഴിച്ചത്. ബാക്കി തുക പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കായി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഭവനങ്ങൾക്ക് ഘട്ടംഘട്ടമായി നല്കിക്കൊണ്ടിരിക്കുകയാണ്.

പ്രളയം കഴിഞ്ഞ് ജീവിതത്തിലേക്ക് തിരികെവരാൻ ബുദ്ധിമുട്ടിയ അനേകംപേർക്ക് നാം നല്കിയ ചെറിയ സംഭാവനകൾ വലിയ സഹായമായി മാറി. അവരുടെ നഷ്ടങ്ങൾ കുറെയെങ്കിലും നികത്തി സാധാരണ ജീവിതത്തിലേക്ക് ആനയിക്കാൻ കുറച്ചെങ്കിലും സാധിച്ചതോർത്ത് നമുക്ക് അഭിമാനിക്കാം. ആപത്ത് ഘട്ടങ്ങളിൽ സഹായഹസ്തവുമായി എത്തുന്നവരാണ് യഥാർത്ഥ അയൽക്കാർ. "നിങ്ങൾ ഈ ചെറിയവരിൽ ഒരുവന് ഇത് ചെയ്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്." എന്ന വചനം നമുക്ക് ഓർമ്മിക്കാം. സന്മനസ്സോടെ സഹകരിച്ച എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നിങ്ങൾക്കേവർക്കും സമാഗതമാകുന്ന ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

സ്നേഹപൂർവ്വം, നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**

25.03.2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** ഈ സർക്കുലർ 2019 ഏപ്രിൽ മാസം 7-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3183/K-5/KCBC/OL/DS 26.3.2019

## 17-ാം ലോകസഭാ പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരീസഹോദരന്മാരേ,

2019 ഏപ്രിൽ11 മുതൽ മെയ് 19 വരെ ഏഴുഘട്ടങ്ങളായി നടക്കുന്ന 17-ാം ലോകസഭാ തിരഞ്ഞെടുപ്പ് ഭാരതത്തെ സംബന്ധിച്ച് സുപ്രധാനവും നിർണായകവുമാണ്.

രാജ്യത്തിന്റെ ജനാധിപത്യ മനസ്സ് വ്യക്തമായി പ്രകടമാക്കുന്നതിനുള്ള അവസരമാണ് പൊതുതിരഞ്ഞെടുപ്പുകൾ. ഭാരതത്തിന്റെ ഭരണഘടന വിഭാവനചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളിലേക്കും മൂല്യങ്ങളിലേക്കും രാജ്യത്തെ നയിക്കുന്നതിൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ സുപ്രധാനമായ പങ്കുവഹിക്കുന്നു. സ്വഭാവമഹിമയും സാമൂഹ്യ പ്രതിബദ്ധതയും ഭരണഘടനയോടും ഭരണഘടനാസ്ഥാപനങ്ങളോടും ആദരവുമുള്ള നേതാക്കൾ ഭരണത്തിന്റെ തലപ്പത്തു വരേണ്ടത് രാജ്യത്തിന്റെ ഭാവിക്കും എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമത്തിനും അത്യന്താപേക്ഷിതമാണ്. ജനാധിപത്യ പ്രക്രിയയിൽ രാഷ്ട്രീയപാർട്ടികൾക്കും പ്രത്യയശാസ്ത്രങ്ങൾക്കുമുള്ള പ്രാധാന്യവും വലുതാണ്. ഭരണഘടനയിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ലക്ഷ്യങ്ങളുമായി ഒത്തുപോകുന്ന പ്രത്യയശാസ്ത്ര നിലപാടുകളാണ് രാഷ്ട്രീയപാർട്ടികളെ പ്രസക്തമാക്കുന്നത്. അക്രമരഹിതവും സമാധാനപൂർണവുമായ ജനജീവിതം ഉറപ്പുവരുത്താൻ രാഷ്ട്രീയ പാർട്ടികൾക്കു ചുമതലയുണ്ട്.

കത്തോലിക്കാസഭയ്ക്ക് ഏതെങ്കിലും ഒരു പ്രത്യേക മുന്നണിയുമായോ രാഷ്ട്രീയ പാർട്ടിയുമായോ സ്ഥാനാർത്ഥിയുമായോ സവിശേഷബന്ധമോ പ്രത്യയശാസ്ത്ര ആഭിമുഖ്യമോ ഇല്ല. സഭാംഗങ്ങളുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ സഭ ഇടപെടാറുമില്ല. എന്നാൽ ജനാധിപത്യവും മതേതരത്വവും ഉൾപ്പെടെയുള്ള ഭരണഘടനാ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സമഗ്രപുരോഗതിയും ഉറപ്പുവരുത്തുന്നതിനും അതിനു കഴിവുള്ള ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനും കത്തോലിക്കാസഭ പ്രതിജ്ഞാബദ്ധമാണ്. ദരിദ്രരോടും പാർശ്വവത്കരിക്കപ്പെട്ടവരോടുമുള്ള പ്രത്യേക പരിഗണനയും കരുതലും സഭയുടെ നയവും നിലപാടുമാണ്.

വൈവിധ്യമാർന്ന ജനസമൂഹങ്ങളും സാംസ്കാരിക പൈതൃകങ്ങളും ഭാഷകളുമുള്ള ഭാരതം ഒരു രാജ്യവും ഒറ്റ ജനതയുമായി മുന്നേറുന്നതിൽ ഭരണഘടനാധിഷ്ഠിതമായ ജനാധിപത്യസംവിധാനം

മുഖ്യപങ്കു വഹിക്കുന്നു. ലോകരാജ്യങ്ങൾക്കിടയിൽ ഭാരതത്തിന് അഭിമാനാർഹമായ സ്ഥാനം നേടിത്തരുന്നതും ഈ ജനാധിപത്യ സംവിധാനംതന്നെയാണ്. കൃത്യസമയത്തു നടക്കുന്ന തിരഞ്ഞെടുപ്പുകൾ ഈ ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാനശിലകളാണ്. എല്ലാ പൗരന്മാർക്കും തുല്യാന്തസ്സും പൗരാവകാശങ്ങളും ഉറപ്പുവരുത്തുന്ന ഭരണഘടന, ഒരാൾക്ക് ഒരു വോട്ട് എന്ന രീതിയിൽ പ്രായപൂർത്തി വോട്ടവകാശം ഏർപ്പെടുത്തിക്കൊണ്ട്, ഭരണഘടനയെയും ജനാധിപത്യത്തെയും സംരക്ഷിക്കാനും ശക്തിപ്പെടുത്താനുമുള്ള ഉത്തരവാദിത്വം ഓരോ പൗരനും നല്കിയിരിക്കുന്നു. ഈ ഉത്തരവാദിത്വ നിർവഹണത്തിൽ വീഴ്ചവരുത്താതെ, രാജ്യത്തിന്റെ ഭരണാധികാരികളെ തിരഞ്ഞെടുക്കാൻ ഓരോ പൗരനും കടമയുണ്ട്. തിരുസഭാംഗങ്ങളായ വോട്ടർമാർ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഈ കർത്തവ്യം ഉത്തരവാദിത്വത്തോടെയും വിവേകപൂർവവും നിർവഹിക്കണം.

ലോകത്തിലെ പല ജനാധിപത്യ രാജ്യങ്ങളും സമഗ്രാധിപത്യത്തിന്റെയും ഏകാധിപത്യത്തിന്റെയും പാതയിലേക്കുള്ള പ്രവണത കാട്ടുമ്പോഴും ഇന്ത്യ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പാതയിൽ മുന്നേറുന്നു എന്നത് ഓരോ ഇന്ത്യൻ പൗരനെയും അഭിമാനപുളകിതനാക്കും. ഈ പാതയിൽ നിന്ന് ഇന്ത്യയെ വ്യതിചലിപ്പിക്കുന്ന രാഷ്ട്രീയ നിലപാടുകൾ ഒരു കാരണവശാലും പിന്തുണ അർഹിക്കുന്നില്ല. ഭരണഘടനയുടെ അടിസ്ഥാനശിലകളെ ഇളക്കുന്ന പ്രത്യയശാസ്ത്രങ്ങളെയും രാഷ്ട്രീയ നിലപാടുകളെയും പ്രോത്സാഹിപ്പിക്കുന്ന വ്യക്തികളും രാഷ്ട്രീയ പാർട്ടികളും അധികാരത്തിൽ വരുന്നത് രാജ്യത്തിന് ആപത്തുണ്ടാക്കും. വിവിധ ഭരണഘടനാസ്ഥാപനങ്ങളുടെ സ്വതന്ത്രവും നിഷ്പക്ഷവുമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടത് ജനാധിപത്യമൂല്യങ്ങളുടെയും ഭരണഘടനയുടെയും സംരക്ഷണത്തിന് അനിവാര്യമാണ്.

ആഗോളവത്കരണത്തിന്റെ പശ്ചാത്തലത്തിൽ ലോകം വലിയ സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. കോർപറേറ്റു ശക്തികൾ സാധാരണക്കാരെ ചൂഷണംചെയ്തു തടിച്ചുകൊഴുക്കുകയും ദരിദ്രർ കൂടുതൽ ദരിദ്രരാവുകയും ചെയ്യുന്നു. സമ്പന്നരെ മാത്രമല്ല സാധാരണക്കാരെയും കർഷകരെയും ആദിവാസികളെയും ദളിത് ജനവിഭാഗങ്ങളെയും കരുതുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന നയപരിപാടികൾ ഭരണകൂടം പിൻതുടരണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ദരിദ്ര ജനവിഭാഗങ്ങളുടെ പരാധീനതകൾ മനസ്സിലാക്കി സാമ്പത്തിക നയരൂപീകരണം നടത്തുകയും, രാജ്യം ഒരു സാമ്പത്തിക ശക്തിയായി വളരുന്നതോടൊപ്പം ഓരോ ഇന്ത്യക്കാരനും സാമ്പത്തിക സാമൂഹ്യരംഗങ്ങളിൽ വികസനത്തിന്റെ പ്രയോ

ജനം ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു ഇന്ത്യ വിഭാവനം ചെയ്യുന്ന വരെയാണ് തിരഞ്ഞെടുക്കേണ്ടത്. പരിസ്ഥിതിയെയും പാവപ്പെട്ടവരെയും പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാവണം സർക്കാരിന്റെ വികസനനയം.

മനസ്സാക്ഷി സ്വാതന്ത്ര്യവും മതബോധവും മനുഷ്യന്റെ സാംസ്കാരിക വളർച്ചയിൽ മുഖ്യപങ്കാണു വഹിക്കുന്നത്. ഇന്ത്യയുടെ ഭരണഘടന ഉറപ്പു നല്കുന്ന മതസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുകയും, മനസ്സാക്ഷിയുടെ സ്വരത്തിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതിന് വ്യക്തികൾക്കും മതസമൂഹങ്ങൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും ചെയ്യണം. ഏതെങ്കിലും ഒരു മതത്തോടു പ്രത്യേക മമതയോ ഏതെങ്കിലും മതത്തിനെതിരേ വിവേചനമോ പുലർത്താതിരിക്കുകയും നിയമപരമായി എല്ലാവർക്കും തുല്യപരിഗണന ഉറപ്പുവരുത്തുകയും ചെയ്യുന്ന മതേതര സങ്കല്പമാണ് ഭാരതം ഉയർത്തിപ്പിടിക്കുന്നത്. മതത്തിന്റെ പേരിൽ ഉയർന്നുവരുന്ന എല്ലാ തീവ്രവാദ ഭീകരവാദ നിലപാടുകളെയും വിട്ടുവീഴ്ചയില്ലാതെ ചെറുത്തുതോല്പിക്കുന്നതോടൊപ്പം, എല്ലാ മത-സാംസ്കാരികധാരകളെയും രാഷ്ട്രപുരോഗതിക്കായി ചേർത്തുനിറുത്തുന്ന രാഷ്ട്രീയ നേതൃത്വമാണ് ഉണ്ടാകേണ്ടത്.

മതത്തിന്റെയോ ഭാഷയുടെയോ ജാതിയുടെയോ സമുദായത്തിന്റെയോ സമ്പത്തിന്റെയോ ഭക്ഷണരീതിയുടെയോ പേരിൽ സാമൂഹ്യവിവേചനത്തിനോ ശാരീരിക ആക്രമണത്തിനോ ഒരാളും ഇരയാകേണ്ടി വരരുത്. അക്രമ രാഷ്ട്രീയത്തിനു മുതിരുന്നത് ജനാധിപത്യ സംസ്കാരത്തിൽ പതംവരാത്ത മനസ്സുകളാണ്. മനുഷ്യജീവന്റെ മൂല്യവും മഹത്ത്വവും ഉയർത്തിപ്പിടിക്കുന്നവരും ജനാധിപത്യ മര്യാദകളെ മാനിക്കുന്നവരുമാകണം ജനപ്രതിനിധികൾ. ചരിത്രത്തെ മുന്നോട്ടു നയിക്കുന്നത് സാമ്പത്തികഘടകങ്ങൾ മാത്രമല്ല, മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുള്ള സാംസ്കാരിക ഇടപെടലുകളും രാഷ്ട്രീയ നിലപാടുകളും തീരുമാനങ്ങളും നടപടികളുമാണ്. അഴിമതിക്കും അക്രമത്തിനും സ്വജനപക്ഷപാതത്തിനും കൂട്ടുനില്ക്കാത്ത നേതാക്കൾ തിരഞ്ഞെടുക്കപ്പെടണം.

ഭാരതപൗരൻ എന്ന നിലയിൽ ഒരു വ്യക്തിക്കു കിട്ടേണ്ട ഭരണഘടനാപരമായ തുല്യതയും പരിഗണനയും ന്യൂനപക്ഷങ്ങൾക്ക് ആസൂത്രിതമായി നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുത്. ഇന്ത്യയിൽ ദളിത് ക്രൈസ്തവർ ഇത്തരത്തിലുള്ള വിവേചനം അനുഭവിച്ചുവരുന്നു എന്നത് നിർഭാഗ്യകരമാണ്. ഇത്തരം വിവേചനങ്ങൾക്കെതിരേ നിലപാടെടുക്കാൻ കഴിയുന്ന രാഷ്ട്രീയപാർട്ടികളും വ്യക്തികളും അധികാരത്തിൽ വരേണ്ടത് നീതി നിഷേധിക്കപ്പെടുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ആവശ്യമാണ്.

പാശ്ചാത്യ രാജ്യങ്ങളെ അന്ധമായി അനുകരിക്കുന്ന നിയമനിർമാണം ഭാരതത്തിന്റെ സംസ്കൃതിക്കും സാമൂഹികജീവിതത്തിനും ചേരുന്നതല്ല. സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബത്തിന്റെ ഭദ്രതയും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണവും സുരക്ഷിതത്വവും ഭരണകർത്താക്കൾ കണക്കിലെടുക്കണം. കുടുംബത്തിനു ശൈഥില്യമുണ്ടാക്കുന്ന നിയമനിർമാണശ്രമങ്ങൾ സമൂഹത്തിന്റെ സുസ്ഥിതിയെയും കെട്ടുറപ്പിനെയും ദോഷകരമായി ബാധിക്കും. ഭരണഘടനാമൂല്യങ്ങളോടൊപ്പം ധാർമ്മിക മൂല്യങ്ങളും മതബോധവും സമൂഹത്തിന്റെ സാംസ്കാരിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. അത്തരം മൂല്യങ്ങൾ സംരക്ഷിക്കുന്നവരാണ് ഭരണനേതൃത്വത്തിൽ വരേണ്ടത്.

പൗരസമൂഹങ്ങൾ തമ്മിൽ പരസ്പര ബഹുമാനവും സ്നേഹവും ഐക്യവും വളർത്തുന്നതിൽ ഭരണനേതൃത്വത്തിനുള്ള പങ്ക് സുപ്രധാനമാണ്. വൈവിധ്യത്തെ മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലാണ് ഇന്ത്യയുടെ സംസ്കൃതി കുടികൊള്ളുന്നത്. ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ തകർക്കുന്നതോ ഏതെങ്കിലും ഒരു ഏകശിലാരൂപത്തിലേക്ക് ആവാഹിക്കാൻ ശ്രമിക്കുന്നതോ ആയ നീക്കങ്ങൾ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടാകരുത്. അത് രാജ്യത്തിന്റെ അഖണ്ഡതയെയുംനിലനില്പിനെത്തന്നെയും ദോഷകരമായി ബാധിക്കും. അതുകൊണ്ട് സംവാദത്തിന്റെയും സഹകരണത്തിന്റെയും പരസ്പര ശാക്തീകരണത്തിന്റെയും സമീപനം പുലർത്തുന്ന നേതാക്കളെയാണ് നമുക്കാവശ്യം.

തിരഞ്ഞെടുപ്പിന്റെ സമാധാനപൂർണമായ നടത്തിപ്പിനും രാജ്യത്തിന്റെ സുസ്ഥിതിക്കുമായി എല്ലാ വിശ്വാസികളും പ്രത്യേകം പ്രാർത്ഥന നടത്തുകയും പ്രായപൂർത്തിയായ എല്ലാവരും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കുകയും വേണം. സമാധാനപൂർവകമായ പൗരജീവിതവും സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ വളർച്ചയും രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങൾക്കുമുണ്ടാകട്ടെ! എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവം,

**ആർച്ചുബിഷപ് എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

---

NB: 2019 ഏപ്രിൽ 7-ാം തീയതി ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3180/K-5/KCBC/OL/DS 18.3.2019

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2019

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ, പ്രിയപ്പെട്ട തൊഴിലാളികളെ,

1. നമ്മുടെ ഗുരുവും നാഥനുമായ യേശു, തന്റെ വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിതാവിനോടൊപ്പം മരപ്പണിശാലയിൽ കായികമായി അദ്ധ്വാനിച്ചും സ്വഭവനത്തിൽ നിരന്തരം മാതാവായ മറിയത്തെ ഗാർഹിക കാര്യങ്ങളിൽ സഹായിച്ചും മീൻപിടുത്തക്കാരായിരുന്ന ശിഷ്യന്മാരോടൊപ്പം പടവുകളിൽ സഞ്ചരിച്ചും തൊഴിലിന്റെ മഹത്വവും മാഹാത്മ്യവും ഉയർത്തിയ രക്ഷകനും വിമോചകനുമാണ്. 2019-ലെ മെയ്ദിനം തൊഴിൽ മേഖലയെപ്പറ്റിയും തൊഴിലിന്റെ ക്രൈസ്തവാഭിമുഖ്യത്തെപ്പറ്റിയും ചിന്തിക്കാനുള്ള ശുഭാവസരം കൂടിയാണ്. അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ ആശംസകൾ സ്നേഹത്തോടെ ഏവർക്കും നേരുന്നു.

2. "നീതി ജലംപോലെ ഒഴുകട്ടെ, സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും" (ആമോ 5:24) എന്ന വചനം ഇന്നത്തെ കാലഘട്ടത്തിൽ ഏറെ പ്രസക്തമായിക്കൊണ്ടിരിക്കുന്നു. സാങ്കേതിക വിദ്യയുടെയും വിജ്ഞാനത്തിന്റെയും പുരോഗതിയുടെയും മാർഗത്തിൽ ചരിക്കുമ്പോഴും എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നത് സത്യവും നീതിയും സമാധാനവുമാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം ഇവ മൂന്നും ഭരണഘടനയുടെ അടിസ്ഥാന ശിലകളെന്നു എഴുതിവെച്ചിട്ടുള്ള ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ജീവിക്കുന്നവരിൽ ബഹുഭൂരിപക്ഷവും അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റുന്നതിനു ശേഷിയില്ലാത്തവരാണെന്ന തിരിച്ചറിവിനു മുൻപിൽ സ്തബ്ധരായി നില്കുന്ന സാഹചര്യത്തിലാണ് ഒരു തൊഴിലാളി ദിനം കൂടി വന്നണയുന്നത്.

3. നീതിയും മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ടു നിരന്തരമായി അടിച്ചമർത്തലിനു വിധേയമാക്കപ്പെട്ട ഒരു തൊഴിലാളി സമൂഹമാണ് "എട്ടുമണിക്കൂർ തൊഴിൽ, എട്ടുമണിക്കൂർ വിനോദം, എട്ടുമണിക്കൂർ വിശ്രമം" എന്ന മുദ്രാവാക്യം മുഴക്കി 1886-ൽ ചിക്കാഗോയുടെ തെരുവോരങ്ങളെ ശബ്ദമുഖരിതമാക്കിയത്. സഹനത്തിന്റെ എല്ലാ പരിധിയും കടന്നുപോയപ്പോൾ രൂപപ്പെട്ട

സംഘടിതശക്തിയുടെ ആത്മധൈര്യം മൂലമായിരുന്നു തൊഴിൽചരിത്രത്തിലെ മറക്കാനാവാത്ത ആ മുറവിളി ഉയർന്നത്. അതുകൊണ്ടു തന്നെ ഓരോ തൊഴിലാളി ദിനാചരണവും തൊഴിലാളികളോട് ആവശ്യപ്പെടുന്നത്, സംഘടിച്ചു ആത്മധൈര്യമുള്ളവരാകാനും ഉറക്കെ ശബ്ദിക്കുവാനും  ഭയം നല്കുന്ന അടിമത്ത്വത്തിൽ നിന്ന് മോചിതരാകുവാനുമാണ്.

4. നമ്മുടെ രാജ്യം നാനാവിധ മേഖലകളിലും അഭൂതപൂർവ്വമായ വളർച്ച നേടിക്കൊണ്ടിരിക്കുകയാണെന്ന കാര്യം സന്തോഷകരമാണ്. വിദ്യാഭ്യാസരംഗത്തും ശാസ്ത്ര-സാങ്കേതികമണ്ഡലങ്ങളിലും വ്യവസായിക-സാമ്പത്തിക രംഗങ്ങളിലുമെല്ലാം ഗണനീയമായ മുന്നേറ്റമുണ്ടായിട്ടുണ്ട്. എന്നാൽ രാജ്യത്തുണ്ടാകുന്ന പുരോഗതിയെ നീതിയോടെയും കരുണയോടെയും എല്ലാവർക്കുമായി വിതരണം ചെയ്യുന്നതിൽ രാജ്യം ദയനീയമായി പരാജയപ്പെടുന്നു എന്നു കൂടി സ്ഥിതിവിവരണക്കണക്കുകൾ നമ്മെ മനസ്സിലാക്കിത്തരുന്നുണ്ട്.

5. 2019 ജനുവരി മാസത്തിൽ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക സമ്മേളനത്തിൽ ഇന്ത്യയിലെ സാമ്പത്തിക അസുന്തിലിതാവസ്ഥയെക്കുറിച്ച് ഓക്സ്ഫാം പുറത്തിറക്കിയ  റിപ്പോർട്ട് വളരെ ഗൗരവം നിറഞ്ഞ പരിഗണന അർഹിക്കുന്നു. ഇന്ത്യയിലെ സമ്പത്തിന്റെ മുക്കാൽ പങ്കിലധികം കയ്യടക്കിയിരിക്കുന്നത് മേൽത്തട്ടിലുള്ള പത്തുശതമാനം പേരാണ്. രാജ്യത്തെ പകുതിയിലധികം സ്വത്തും കേവലം ഒരു ശതമാനം വരുന്ന ധനികരുടെ പക്കലാണ് ഉള്ളത്. ഇവർക്ക് കഴിഞ്ഞ ഒരു വർഷക്കാലം കൊണ്ട് 39 ശതമാനം വളർച്ച കൈവരിക്കാനായപ്പോൾ രാജ്യത്തെ താഴെത്തട്ടിലുള്ള പകുതി ജനവിഭാഗത്തിനു എത്തിപ്പിടിക്കാൻ കഴിഞ്ഞ വളർച്ച കേവലം മൂന്നു ശതമാനം മാത്രമാണ്.

അതിവളർച്ചയുടെ ചുരുക്കം ചില പച്ചത്തുരുത്തുകളുടെ സമീപത്ത് ബഹുഭൂരിപക്ഷവും ദാരിദ്യത്തിന്റെ നിലയില്ലാകയങ്ങളിലാണ് കഴിയുന്നത്. രാജ്യത്ത് ആനുപാതിക ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചുവരുന്നതായിട്ടാണ് വിവിധ സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. അടുത്തിടെ പുറത്തുവന്ന ചില പ്രധാന സർവ്വെകൾ ഇത് ശരിവെയ്ക്കുന്നു. കേന്ദ്രസർക്കാരിന്റെ സ്ഥാപനമായ നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ കണക്കുപ്രകാരം 2011-12 ൽ 2.2 ശതമാനം ആയിരുന്ന തൊഴിലില്ലായ്മ, 2017-18ൽ ഗ്രാമപ്രദേശങ്ങളിൽ 6.3 ശതമാനമായും നഗരങ്ങളിൽ 7.8 ശതമാനമായും വർദ്ധിച്ചു. യുവജനങ്ങളുടെ തൊഴിലില്ലായ്മ നിരക്ക്  ഭയപ്പെടുത്തുന്നതാണ്. ഗ്രാമങ്ങളിൽ 15.5 ശതമാനം യുവജനങ്ങൾ തൊഴിൽ രഹിതരാണ്. നഗരങ്ങളിൽ ഇത് 22.9 ശതമാനം ആണ്. നോട്ടു നിരോ

ധനം വഴിയും ജി.എസ്.ടി യുടെ നടപ്പിലാക്കൽ രീതിയുടെ വൈകല്യം മൂലവും 1.3 കോടി പേർ തൊഴിലിൽ നിന്ന് പുറത്തുപോയെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ചെറുകിട സംരംഭങ്ങളിൽ 1.1 കോടി പേർക്ക് ഉപജീവനമാർഗം ഇല്ലാതായപ്പോൾ വിലയിടിവും തൊഴിൽ നഷ്ടവും കാർഷികമേഖലയുടെ നടുവൊടിച്ചതായും കണക്കുകൾ വ്യക്തമാക്കുന്നു. ഇത്രയും സ്ഥിതി വിവരക്കണക്കുകൾ ഉദ്ധരിച്ചത് ഭരണകർത്താക്കൾ നയങ്ങൾ രൂപീകരിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുമ്പോൾ അത് ഏറ്റവും താഴെത്തട്ടിലുള്ളവരെ എങ്ങനെ ബാധിക്കുമെന്ന ചിന്തയോടെ വേണം എന്ന് വ്യക്തമാക്കാനാണ്.

6. കഴിഞ്ഞവർഷം കേരളത്തെ ഗ്രസിച്ച മഹാപ്രളയമുൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയെ തകർത്തിരിക്കുകയാണ്. ഇതിന്റെ ഏറ്റവും വലിയ ബലിയാടുകൾ കർഷകരുൾപ്പെടെയുള്ള അസംഘടിത തൊഴിലാളികളാണ്. ദുരന്തം സൃഷ്ടിച്ചിട്ടുള്ള ആഘാതത്തിൽ നിന്നു ഇന്നും ഇവർ മോചിതരായിട്ടില്ല. എന്നുമാത്രമല്ല സ്ഥിതി വിശേഷം കൂടുതൽ രൂക്ഷമാകുന്ന അവസ്ഥയിലാണ് എന്നുകൂടി പറയേണ്ടിയിരിക്കുന്നു. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കർഷക ആത്മഹത്യകൾ കേരളത്തിൽ ഉണ്ടായി എന്നത് അതീവ ഗൗരവമുള്ള കാര്യമാണ്. ഇതൊരിക്കലും ആവർത്തിക്കാതിരിക്കാനുള്ള സമാശ്വാസ നടപടികൾ സർക്കാർ, സന്നദ്ധസംഘടനകൾ, മതസമൂഹങ്ങൾ, സാമൂഹിക സംഘടനകൾ തുടങ്ങിയ വിവിധ തലത്തിലുള്ളവരുടെ നേതൃത്വത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു. 2019 വർഷത്തേക്കു ബാങ്കുകളുടെ ജപ്തി നടപടികൾ സർക്കാർ ഇടപെട്ടു നിർത്തിവെച്ചിട്ടുള്ളത് ആശ്വാസകരമാണ്. എന്നാൽ ഇതു പ്രാഥമിക നടപടി മാത്രമാണ്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരുടെ കാര്യം കൂടി പരിഗണിക്കപ്പെടണം. എല്ലാത്തരം വായ്പകളും പൂർണ്ണമായും എഴുതിത്തള്ളാൻ സർക്കാർ തയ്യാറാകണം. ഉരുൾ പൊട്ടൽ, പ്രളയം എന്നിവ മൂലം നഷ്ടപ്പെട്ടിട്ടുള്ള കൃഷിഭൂമി, തൊഴിൽ ഉപകരണങ്ങൾ ഇവർക്ക് എത്രയും വേഗത്തിൽ സംലഭ്യമാക്കപ്പെടണം.

മഹാപ്രളയത്തിൽ രക്ഷകരായി കടന്നുവന്ന മത്സ്യത്തൊഴിലാളികളെ ആദരപൂർവ്വം നോക്കിക്കാണുന്നു. എന്നാൽ ഓഖി ദുരന്തവുമായി ബന്ധപ്പെട്ടു അവർക്കായി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള പദ്ധതികളിൽ സിംഹഭാഗവും ഇന്നും പ്രഖ്യാപനം മാത്രമായി ഒതുങ്ങുന്നു എന്നത് ഖേദകരമാണ്. എത്രയും വേഗത്തിൽ ഇവ പൂർത്തിയാക്കാൻ വേണ്ട നടപടികൾ അധികാരികൾ സ്വീകരിക്കേണ്ടതാണ്.

7. കേരളത്തിൽ അടിക്കടിയുണ്ടാകുന്ന രാഷ്ട്രീയ അക്രമങ്ങളിൽ ജീവൻ നഷ്ടപ്പെട്ടതിൽഏതാണ്ട് മുഴുവൻ പേരും അസംഘടിത മേഖലയിലെ തൊഴിലാളികളും ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങളു മാണെന്ന് കാണാം. ചുരുക്കത്തിൽ തെറ്റായ നയങ്ങളും തീരുമാനങ്ങളും പ്രകൃതി ദുരന്തങ്ങളും രാഷ്ട്രീയ സംഘട്ടനങ്ങളുമെല്ലാം അടിസ്ഥാന വിഭാഗത്തിന്റെയും അസംഘടിത തൊഴിലാളികളുടെയും ജീവിത ത്തെയും ജീവിത സാഹചര്യങ്ങളെയുമാണ് തകർത്തെറിയുന്നത്. ഈ സത്യം മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും മാധ്യമങ്ങളും കാണാതെ പോകരുത്. കാരണം അരക്ഷിതാവസ്ഥയിൽ അകപ്പെട്ടു പോകുന്ന യുവത്വം വഴിവിട്ട ധനാഗമ മാർഗങ്ങളിലേക്കും തീവ്രവാദത്തിലേ ക്കുമെല്ലാം തിരിഞ്ഞെന്ന് വരാം. ഇത് രാജ്യത്തിന്റെ വികസനത്തെയും സുസ്ഥിതിയെയും ബാധിക്കും.

8. ഇവിടെയാണ് തൊഴിലാളി പ്രസ്ഥാനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രസക്തിയും പ്രാധാന്യവും വർധിക്കുന്നത്. അസംഘടിത തൊഴിലാളികളുടെ അവകാശസംരക്ഷണത്തിനും അവർക്ക് നീതി ഉറപ്പാക്കി കൊടുക്കുന്നതിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര പരിഗണന നല്കണം. കക്ഷി രാഷ്ട്രീയ താത്പര്യങ്ങൾ മാറ്റിവെച്ചു തൊഴിലാളികളുടെയും രാജ്യത്തിന്റെയും താത്പര്യങ്ങൾ സംരക്ഷിക്കാൻ ട്രേഡ് യൂണിയനുകൾ ഐക്യത്തോ ടെ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. രാജ്യത്തെ തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കാനുള്ള ശ്രമങ്ങൾ സമാരംഭിക്കപ്പെട്ടിട്ടുള്ള ഇക്കാലത്ത്, നിർദ്ദിഷ്ട പരിഷ്കാരങ്ങൾ പലതും തൊഴിലാളി താത്പര്യസംരക്ഷണ ത്തേക്കാൾ മുതൽമുടക്കുന്നവരുടെ താത്പര്യ സംരക്ഷണത്തിനാണ് മുൻതൂക്കം നല്കിയിട്ടുള്ളതെന്ന ആക്ഷേപം വ്യാപകമാണ്. നിലവിൽ തൊഴിലാളികൾ അനുഭവിച്ചുവരുന്ന പല ആനുകൂല്യങ്ങ ളും നഷ്ടമാകുമെന്ന പരാതിയും ഉയരുന്നുണ്ട്. ഈ സവിശേഷ സാ ഹചര്യത്തിൽ പല പിണക്കങ്ങളും സങ്കുചിതമായ കക്ഷിതാത്പര്യ ങ്ങളും ഒഴിവാക്കി രാജ്യത്തെ ട്രേഡ് യൂണിയനുകൾ ഒന്നിച്ചു വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മെയ്ദിനം പങ്കുവെയ്ക്കുന്ന സന്ദേ ശവും അതു തന്നെയാണല്ലോ.

9. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. നിയമ പരിരക്ഷ, തൊഴിൽ സംരക്ഷണം, സാമൂഹിക സുരക്ഷ എന്നിവ ലഭിക്കാത്ത തൊഴിലാളി കളെയാണ് അസംഘടിത തൊഴിലാളികൾ എന്ന് വിളിക്കുന്നത്. സ്വാഭാവികമായും ഇവർ സംഘടിതരുമല്ല. ഇതു മൂലം സ്വാധീന ശക്തിയും വിലപേശൽ ശക്തിയും ഈ വിഭാഗത്തിനു തീരെ കുറവാണ്. അതുകൊണ്ട് ന്യായമായ അവകാശങ്ങളും ആനുപാതി

കമായ വികസന വിഹിതവും ഇവർക്കു നിഷേധിക്കപ്പെടുന്നു. അഞ്ച് ഏക്കർ വരെ കൃഷിഭൂമി സ്വന്തമായുള്ള ചെറുകിട നാമ മാത്ര കർഷകരെയും അസംഘടിത തൊഴിലാളികൾ എന്ന വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തിന്റെ മൊത്ത വരുമാനത്തിൽ 65 ശതമാനവും സംഭാവന ചെയ്യുന്നത് ഈ വിഭാഗമാണ്. എന്നാൽ കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ ഇവർക്കായി നീക്കിവെക്കപ്പെടുന്നത് നാമമാത്ര തുകയാണ്.

10. മാറി മാറി വരുന്ന സർക്കാരുകൾ തങ്ങളുടെ രാഷ്ട്രീയ കാഴ്ചപ്പാടുകൾക്കനുസരിച്ച് അസംഘടിത തൊഴിലാളികളുടെ പ്രഖ്യാപിതപദ്ധതികളിൽ ഇടയ്ക്കിടെ മാറ്റങ്ങൾ വരുത്തുകയും ഓരോ സർക്കാർ തന്നെ ആദ്യം സമാരംഭിച്ച പദ്ധതികൾ യാതൊരു മുന്നറിയിപ്പുമില്ലാതെ പിൻവലിക്കുകയും പുതിയവ അവതരിപ്പിക്കുകയും ചെയ്യുന്നുമുണ്ട്. വിലവർധനവും കാലാവസ്ഥാ വ്യതിയാനവും പകർച്ച വ്യാധികളുമെല്ലാം ജീവിതത്തെ വരിഞ്ഞു മുറുക്കുമ്പോഴും അവയെ അതിജീവിക്കാനുള്ള സമഗ്രമായ പദ്ധതികൾ കാര്യമായി ഇല്ലെന്നു മാത്രമല്ല പേരിനുമാത്രം ഉള്ളതിന്റെ തുടർച്ചയും ഇല്ലാതാകുന്നുവെന്നത് ഉത്കണ്ഠാജനകമാണ്. അന്താരാഷ്ട്ര തൊഴിലാളി സംഘടനയുടെ നിർദ്ദേശാനുസരണം വികസിത രാഷ്ട്രങ്ങളിൽ ഉള്ളതുപോലെ എല്ലാ തൊഴിലാളികൾക്കുമായി സാർവ്വത്രിക സാമൂഹിക സുരക്ഷാ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടേണ്ടതാണ്.

11. കത്തോലിക്കാസഭ എന്നും തൊഴിലാളികൾക്കും സമൂഹത്തിലെ അടിസ്ഥാന ജനത്തിനുമൊപ്പം നീതിയുടെയും ധാർമ്മീകതയുടെയും സ്വരമായി നിലനിന്നിട്ടുണ്ട്. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷനും അതിന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെന്റും വഴിയാണ് കേരള സഭയുടെ തൊഴിലാളി സംഘാടന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സി. ബി സി ഐ ലേബർ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ സംസ്ഥാന ഘടകമാണ് കെ.എൽ.എം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന വിവിധ പദ്ധതികളിൽ തൊഴിലാളികളെ ഗുണഭോക്താക്കളാക്കുക, ക്ഷേമനിധികളിൽ അംഗത്വം എടുക്കാൻ സഹായിക്കുക, പെൻഷൻ പദ്ധതികളിൽ പങ്കാളികളാക്കുക, വിദഗ്ധ തൊഴിൽ പരിശീലനം നല്കുക, ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നല്കുക, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളെ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് കെ.എൽ.എം. പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കി

വരുന്നത്. തൊഴിലാളികളുടെ സാമൂഹിക നേതൃത്വം വളർത്താനുള്ള പ്രവർത്തനങ്ങളും കെ.എൽ.എം ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു. അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണ ത്തിനുമായി എട്ട് തൊഴിലാളി ഫോറങ്ങൾ കെ.എൽ.എം-ന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അസംഘടിത മേഖലയിലെ പ്രധാന തൊഴിൽ വിഭാഗങ്ങളായ മത്സ്യത്തൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ, ഗാർഹീകതൊഴിലാളികൾ, കർഷകതൊഴി ലാളികൾ, ചെറുകിട തോട്ടംതൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, മോട്ടോർവാഹനത്തൊഴിലാളികൾ, പീടിക തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ സംഘാടന പ്രവർത്തനങ്ങളിലാണ് പ്രധാനമായും കെ.എൽ.എം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. കുടിയേറ്റ തൊഴിലാളി കളുടെ ക്ഷേമ കാര്യങ്ങളിലും പ്രവർത്തിക്കുന്നുണ്ട്.

12. സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിയമാനുസൃത മുള്ള സേവന വേതനവ്യവസ്ഥകളും മറ്റ് ഉറപ്പാക്കണം. സംതൃപ്തരായ തൊഴിലാളികൾ ആണ് സ്ഥാപനത്തിന്റെ മൂലധനം. നിന്റെ സമ്പത്ത് നിന്റെ സഹോദരനുമായി പങ്കുവെയ്ക്കലാണ് നിത്യജീവൻ നേടാൻ വേണ്ടതെന്നും (ധനവാനും ലാസറും, ലൂക്കാ 16:19-31)അധ്വാനം കൊണ്ടു തൊഴിലെടുക്കുന്നവന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ളത് നല്കണമെന്നും (മുന്തിരിത്തോട്ടത്തിലെ തൊഴിലാളികൾ, മത്തായി 20:1-16) പുതിയ നിയമത്തിൽ ക്രിസ്തു അവതരിപ്പിച്ച ദർശനം നടപ്പിൽ വരുത്താൻ സഭാനേതൃത്വത്തിനും വിശ്വാസി സമൂഹത്തിനും ഉത്തരവാദിത്വമുണ്ട്. കേരളത്തിലെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്ന തിനായി കെസിബിസി രൂപപ്പെടുത്തിയിട്ടുള്ള പീപ്പിൾ മാനേജ്മെന്റ് പോളിസി (മനുഷ്യ വിഭവനയം) നടപ്പിലാക്കാൻ വേണ്ട ഒത്താശകൾ നല്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് കെ.എൽ.എംനെ യാണ്. കേരളത്തിലെ എല്ലാ രൂപതകളും സന്യാസസമൂഹങ്ങളും തങ്ങളുടെ നേതൃത്വത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ പീപ്പിൾ മാനേജ്മെന്റ് പോളിസി സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിലാളികളെ ചൂഷണം ചെയ്യുന്നതും അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് മാരകപാപമാണെന്നാണ് ഫ്രാൻസീസ് പാപ്പ ഉദ്ബോധിപ്പിക്കുന്നത്. (പ്രസംഗം, സാന്താ മാർത്ത, മാർച്ച് 8, 2019).

13. കേരളത്തിലെ എല്ലാ രൂപതകളിലും കെ.എൽ.എം സംഘടനാ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ചിലയിടങ്ങളിൽ സജീവമല്ല. എല്ലാ ഇടവകകളിലും കെ.എൽ.എം പ്രവർത്തനങ്ങൾ ആരംഭിക്കാൻ

ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വികാരിമാർ അതിന് മുൻകൈ എടുക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ സന്യാസ സമൂഹങ്ങൾ തൊഴിലാളി ശക്തീകരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കണം. സമകാലിക സാമൂഹിക സാഹചര്യത്തിൽ തൊഴിലാളി ശുശ്രൂഷയ്ക്കു വലിയ പ്രാധാന്യവും പ്രസക്തിയുമുണ്ടെന്ന കാര്യം ആരുംതന്നെ വിസ്മരിക്കരുത്.

14. തൊഴിൽ ചെയ്യുക വഴി ദൈവത്തിന്റെ സൃഷ്ടികർമത്തിലും രക്ഷാകർമത്തിലും പങ്കുചേരുകയാണു ഓരോ തൊഴിലാളിയും ചെയ്യുന്നതെന്നാണ് സഭ പഠിപ്പിക്കുന്നത്. (സഭയുടെ സാമൂഹിക പ്രബോധനം 263) അതായത് മഹത്വവും ഉത്തരവാദിത്തവും നിറഞ്ഞ ചുമതലയാണ് തൊഴിൽ ചെയ്യുന്നവർ നിർവ്വഹിക്കുന്നതെന്ന് ഓർക്കണം. ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയും കൂടി തൊഴിൽ ചെയ്യുവാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു. തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മാധ്യസ്ഥ സഹായം നമുക്ക് ധാരാളമായി ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2019 ഏപ്രിൽ 21-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീ കരിച്ചുകൊടുക്കുകയോ ചെയ്യണം.




## 1. പുതിയ നിയമനങ്ങൾ

ഫാ. ജോസഫ് ചെത്തിപ്പുഴ എം.സി.ബി.എസ്-അസി. വികാർ പുറവയൽ

## 2. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികം

അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ പതിമൂന്നാം ചരമവാർഷികം ഏപ്രിൽ 4-ാം തീയതി വ്യാഴാഴ്ചയാണ്. അന്നേ ദിവസം അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും പള്ളിച്ചെലവിൽ അഭിവന്ദ്യപിതാവിനുവേണ്ടി വി. കുർബാന അർപ്പിക്കണം. ഭദ്രാസന ദൈവാലയത്തിൽ ഏപ്രിൽ 1,2,3,4 തീയതികളിൽ സൺഡേ സ്കൂൾ പത്താംക്ലാസ്സ് വിദ്യാർത്ഥികൾക്കുവേണ്ടി കബറിട തീർത്ഥാടനവും എക്സിബിഷനും സംഘടിപ്പിക്കുന്നു. ഈ ദിവസങ്ങളിൽ 9.30 നും 11.30നും വി. കുർബ്ബാന ഉണ്ടായിരിക്കും.

## 3. ബഹു. വൈദികരുടെ പൊതു സ്ഥലംമാറ്റം

ബഹു. വൈദികരുടെ ഇക്കൊല്ലത്തെ പൊതുസ്ഥലംമാറ്റം മെയ്മാസം 11-ാം തീയതി ശനിയാഴ്ചയായിരിക്കും. ഏപ്രിൽ മാസം 27-ന് ശനിയാഴ്ച രാവിലെ സ്ഥലംമാറ്റ വിവരം അതിരൂപതാ വെബ്സൈറ്റിൽ പ്രസിദ്ധീകരി ക്കുന്നതാണ്.

## 4. അഭിവന്ദ്യപിതാക്കന്മാരുടെ നാമഹേതുകത്തിരുനാൾ

അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെയും അഭിവന്ദ്യ വലിയമറ്റം പിതാവിന്റെയും നാമഹേതുകത്തിരുനാൾ ഏപ്രിൽ 24-ാം തീയതിയാണ് അന്ന് പ്രത്യേകമായി നമ്മുടെ അഭിവന്ദ്യപിതാക്കന്മാരെ പ്രാർത്ഥനയിൽ ഓർക്കുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്യാം. അതോടൊപ്പം നമ്മുടെ സഭയുടെ പിതാവും തലവനുമായ അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവിനുവേണ്ടിയും ജോർജ് നാമധാരികൾ എല്ലാവർക്കും വേണ്ടിയും പ്രാർത്ഥിക്കാം.

## 5. പുതിയ ഡയറക്ടറി - വിവരശേഖരണം

പുതിയ ഡയറക്ടറിക്കുവേണ്ടിയുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഫോം ഏതാനും ചില ഇടവകകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും ഇനിയും ലഭിക്കാനുണ്ട്. പൂരിപ്പിച്ച ഫോമുകൾ എത്രയും പെട്ടെന്ന് കൂരിയയിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

## 6. വി. മൂറോൻ വെഞ്ചരിപ്പ്

ഇക്കൊല്ലത്തെ വി. മൂറോൻ വെഞ്ചരിപ്പ് അതിരൂപതയിലെ എല്ലാ വൈദികരുടെയും സാന്നിധ്യത്തിൽ വലിയ ആഴ്ചയിലെ തിങ്കളാഴ്ച (ഏപ്രിൽ 15) തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തുന്നതാണ്. രാവിലെ 10 മണിക്ക് ആരാധന ആരംഭിക്കും. അതോടൊപ്പം ബഹു. വൈദികർക്ക് കുമ്പസാരത്തിനുള്ള സൗകര്യമുണ്ടായിരിക്കും. തുടർന്ന് ധ്യാനപ്രസംഗം നടക്കും. 11.30ന് വി. കുർബ്ബാനയും മൂറോൻ വെഞ്ചരിപ്പ് കർമ്മങ്ങളും നടക്കും. അതിരൂപതയിലെ മുഴുവൻ വൈദികരും കൃത്യസമയത്തുതന്നെ എത്തിച്ചേർന്ന് തിരുക്കർമ്മങ്ങളിൽ പങ്കെടുക്കണം. തിരുവസ്ത്രങ്ങൾ കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ. ഇടവകകളിലേക്ക് അന്നുതന്നെ വി. മൂറോൻ കൊണ്ടുപോകാവുന്നതാണ്. എല്ലാ പള്ളികളിലെയും പഴയ തൈലം മാറ്റി പുതിയ തൈലം ഉപയോഗിക്കുവാൻ ബഹു. വികാരിമാർ ശ്രദ്ധിക്കണം.

## 7. കൂരിയ അവധി

വലിയ ആഴ്ച പ്രമാണിച്ച് ഏപ്രിൽ 14 മുതൽ 21 വരെ കൂരിയയും ട്രൈബ്യൂണലും അവധിയായിരിക്കും. ആ ദിവസങ്ങളിൽ ആളുകളെ അതിരൂപതാ കേന്ദ്രത്തിലേക്ക് പറഞ്ഞയക്കാതിരിക്കാൻ ബ. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## 8. ഓശാന ഞായർ, ദുഃഖവെള്ളി പിരിവുകൾ

ഏപ്രിൽ 14-ാം തീയതി ഞായറാഴ്ച ഓശാന ഞായർ പിരിവ് പതിവുപോലെ സെമിനാരി വിദ്യാർത്ഥികൾക്കുവേണ്ടി സമാഹരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഏപ്രിൽ 19 ദുഃഖവെള്ളിയാഴ്ചത്തെ സംഭാവന വിശുദ്ധ നാടിനുവേണ്ടിയുള്ളതാണ്. ഈ പിരിവുകളുടെ പ്രാധാന്യം ജനങ്ങളെ അറിയിച്ച് സംഭാവന സ്വീകരിച്ച് ഏപ്രിൽ മാസത്തിൽത്തന്നെ അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 9. അലവൻസ് ഇൻക്രിമെന്റ്

ബഹു. വൈദികരുടെ പ്രതിമാസ അലവൻസിൽ ഏപ്രിൽമാസം മുതൽ 500 രൂപ വർദ്ധനവുണ്ടാകുന്നതാണ്. ദൈവാലയ ശുശ്രൂഷിക്കും സെക്രട്ടറിക്കും നിയമാനുസൃത ഇൻക്രിമെന്റ് ഏപ്രിൽ മാസം മുതൽ നല്കേണ്ടതാണ്. 2017 ജനുവരി മാസത്തിലെ ബുള്ളറ്റിൻ കാണുക.

## 10. ഡീക്കന്മാരുടെ സമ്മേളനം-ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

2019 സെപ്റ്റംബർ മുതൽ 2020 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന എല്ലാ ബഹു. ശെമ്മാശന്മാരുടെയും അവരുടെ മാതാപിതാക്കന്മാരുടെയും ഒരു സമ്മേളനം 2019 മെയ് 6-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30ന് തലശ്ശേരി മൈനർ സെമിനാരിയിൽ

വച്ച് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ ചേരുന്നതാണ്. ഇടവകകളിൽ നിന്നുള്ള ശെമ്മാശന്മാരുടെ പേരും വീട്ടിലെ വിലാസവും ഫോൺനമ്പറും ഏപ്രിൽ 15നു മുമ്പ് ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരി റെക്ടറച്ചനെ അറിയിക്കേണ്ടതാണ്. ക്ഷണക്കത്തുകൾ യഥാസമയം അയയ്ക്കുന്നതിനുവേണ്ടിയാണിത്.

## 11. ജൂണിയർ വൈദികരുടെ കോഴ്സ്

2009-2010 വർഷം തിരുപ്പട്ടം സ്വീകരിച്ചവർ മുതൽ 2018-19 വർഷം തിരുപ്പട്ടം സ്വീകരിച്ചവർ വരെയുള്ള പത്ത് ബാച്ചുകളിലെ വൈദികർക്കായി ഒരു പരിശീലനപരിപാടി 2019 ജൂൺ 10 ന് വൈകുന്നേരം 5 മണി മുതൽ ജൂൺ 12 ന് വൈകുന്നേരം 4 മണിവരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുന്നതാണ്. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റും വിശദവിവരങ്ങളും അടുത്ത ലക്കം ഗിരിദീപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## 12. ജൂണിയർ സിസ്റ്റേഴ്സിനുള്ള കോഴ്സ്

തലശ്ശേരി അതിരൂപതയിൽ ജനറൽ/പ്രൊവിൻഷ്യൽ ഹൗസുകളുള്ള സന്യാസ സമൂഹങ്ങളിലെ 2016-17, 2017-18, 2018-19 വർഷങ്ങളിൽ പ്രഥമ വ്രതവാഗ്ദാനം നടത്തിയ എല്ലാ സിസ്റ്റേഴ്സിനും മറ്റ് സന്യാസസമൂഹ ങ്ങളിലെ തലശ്ശേരി അതിരൂപതയിൽ സേവനം ചെയ്യുന്ന ജൂണിയർ സിസ്റ്റേഴ്സിനുംവേണ്ടി ഒരു കോഴ്സ് 2019 മെയ് 24 മുതൽ 31 വരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുന്നു. തലശ്ശേരി അതിരൂപതയെ പരിചയപ്പെ ടാനും ഈ അതിരൂപതയുടെ അജപാലന-സംഘടനാ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി സഹകരിക്കുന്നതിനുള്ള പരിശീലനം ലഭിക്കുവാനും സാധിക്കത്തക്കവിധത്തിലുള്ള ക്ലാസ്സുകളായിരിക്കും ക്രമീകരിക്കുന്നത്. കോഴ്സിൽ സംബന്ധിക്കാനുള്ള സിസ്റ്റേഴ്സിന്റെ പേരുവിവരങ്ങൾ അവരുടെ സുപ്പീരിയേഴ്സ് 2019 ഏപ്രിൽ 30 നു മുമ്പ് സന്ദേശഭവൻ ഡയറക്ടർ ഫാ. തോമസ് തയ്യിലിനെ അറിയിക്കണം.

## 13. വാർഷിക പൊതുയോഗവും തിരഞ്ഞെടുപ്പും ഏപ്രിൽ 7ന്

ഈ വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേക്കുള്ള ബജറ്റ് എന്നിവ പാസ്സാക്കുന്നതിനും കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം എല്ലാ ഇടവകകളിലും ഏപ്രിൽ 7-ാം തീയതി ഞായറാഴ്ചത്തന്നെ നടത്താൻ ശ്രദ്ധിക്കുമല്ലോ. പെരിയ. ബഹു. ജനറാളച്ചന്മാരും ഓഡിറ്റേഴ്സും ഏപ്രിൽ 29, 30, മെയ് 1,2,3,4 തീയതികളി ലായി ആണ്ടുതിരട്ട് പരിശോധിച്ച് പാസ്സാക്കാൻ ഫൊറോന കേന്ദ്രങ്ങളിൽ എത്തുന്നതാണ്. പൊതുയോഗത്തിനുശേഷം 8 ദിവസത്തെ ഇടവേള തീരുമാനങ്ങൾ പാസ്സാക്കുന്നതിനുമുമ്പ് ആവശ്യമുള്ളതുകൊണ്ട് ഈസ്റ്ററിനു മുമ്പുതന്നെ നിർബന്ധമായും പൊതുയോഗങ്ങൾ നടത്തേണ്ടതാണ്.

പൊതുയോഗത്തിൽ 2018-19 വർഷത്തെ വാർഷിക കണക്ക്, 2019-20 വർഷത്തേക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസാക്കുകയും 2019-20 വർഷത്തേക്കുള്ള കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്യണം. രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടുക്കണം. കൈക്കാരന്മാരായി തിരഞ്ഞെടുക്കപ്പെടുന്നവരിൽനിന്ന് പ്രതിജ്ഞാപത്രം അപ്പോൾത്തന്നെ ഒപ്പിട്ട് വാങ്ങേണ്ടതാണ്. കൈക്കാരന്മാരുടെ പ്രതിജ്ഞാ പത്രങ്ങൾ കച്ചേരിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയതിനുശേഷം മാത്രമാണ് പുതിയ കൈക്കാരന്മാർ ചുമതലയേല്ക്കുക. കൈക്കാരന്മാരെ തിരഞ്ഞെടുക്കുമ്പോൾ അതിരൂപതാനിയമാവലി p.176-ൽ പറഞ്ഞിരിക്കുന്ന യോഗ്യതയുള്ളവരാണെന്ന് ഉറപ്പുവരുത്തണം. എല്ലാ കൈക്കാരന്മാരെയും തിരഞ്ഞെടുക്കുന്നത് പൊതുയോഗമാണെങ്കിലും കൈക്കാരന്മാരിൽ പകുതിപ്പേരെങ്കിലും നിലവിലുള്ള പാരീഷ് കൗൺസിൽ അംഗങ്ങളായിരിക്കണം (അതിരൂപതാ നിയമാവലി p.170).

## 14. ആണ്ട് തിരട്ട്, ബജറ്റ് പാസ്സാക്കൽ-ഏപ്രിൽ 29,30, മെയ് 1,2,3,4.

ആണ്ട് തിരട്ടും പൊതുയോഗതീരുമാനങ്ങളും അംഗീകരിക്കുന്നതിനും കണക്കുകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ നല്കുന്നതിനുമായി പെരിയ ബഹു. ജനറാളച്ചന്മാരും ഓഡിറ്റേഴ്സും ഏപ്രിൽ 29, 30, മെയ് 1,2,3,4 തീയതികളിൽ ഫൊറോന കേന്ദ്രങ്ങളിൽ എത്തുന്നതാണ്.

ഈ ദിവസങ്ങളിൽ രാവിലെ 9 മണിക്ക് ഓഡിറ്റിംങ്ങ് ആരംഭിക്കും; ഉച്ചകഴിഞ്ഞ് 2 മണിക്കും. രാവിലെ സമയം കിട്ടിയിരിക്കുന്നവർ 9 മണിയോടെയും ഉച്ചകഴിഞ്ഞ് കിട്ടിയിരിക്കുന്ന എല്ലാവരും 2 മണിയോടെയും എത്തിച്ചേരാൻ ശ്രദ്ധിക്കണം.

## പരിശോധനയ്ക്കായി കൊണ്ടുവരേണ്ടവ

1. വാർഷിക പൊതുയോഗ മിനിട്സ് രേഖപ്പെടുത്തിയ യോഗപുസ്തകം
2. വാർഷിക പൊതുയോഗ മിനിട്സിന്റെ അരമനപത്രത്തിൽ എഴുതിയ ഒരു കോപ്പി.
3. അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറിൽനിന്നും എടുത്ത വാർഷിക തിരട്ടിന്റെ ഒരു കോപ്പി.
4. 2019-2020 വർഷത്തേക്കുള്ള ബജറ്റ്-2 കോപ്പി
5. 10% അതിരൂപതാ വിഹിതവും ഇതരപിരിവുകളും കുടിശ്ശികകൾ ഉണ്ടെങ്കിൽ അവയും അടച്ചിട്ടുള്ളതിന്റെ രസീതുകൾ.
6. പി.പി. എഫിലേക്കുള്ള 2019-ലെ വിഹിതവും കുടിശ്ശികയുണ്ടെങ്കിൽ അതും.
7. പാസ്സ് ബുക്കുകളും ചെക്ക് ബുക്കുകളും (അപ്ഡേറ്റ് ചെയ്തവ)
8. കൈക്കാരന്മാരുടെ പ്രതിജ്ഞാപത്രങ്ങൾ

9. എല്ലാ ഇടവകപ്പള്ളികളുടെയും ആധാരങ്ങളുടെ ഫോട്ടോ കോപ്പി (ആർക്കൈവ്സിൽ സൂക്ഷിക്കുന്നതിന്)

## പ്രത്യേക ശ്രദ്ധയ്ക്ക്

1. ബഹു. വികാരി, നടത്തുകൈക്കാരൻ, സെക്രട്ടറി എന്നിവരാണ് ഓരോ ഇടവകയിൽനിന്നും വരേണ്ടത്.
2. അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറിൽ ഏപ്രിൽ 15-നു മുമ്പായി മാർച്ചു വരെയുള്ള കണക്കുകൾ അപ്‌ലോഡ് ചെയ്യണം. ഓരോ ഇടവകയും അടയ്ക്കാനുള്ള 10% തുക എത്രയെന്ന് മുൻകൂട്ടി അറിയിക്കാൻ സാധിക്കും. സംശയങ്ങൾ ഉള്ളവർ ഇന്റർനെറ്റ് മിഷൻ ഓഫീസുമായി ബന്ധപ്പെടുക.
3. പതിനായിരം രൂപയ്ക്കുമുകളിൽ അതിരൂപതാവിഹിതവും മറ്റ് പിരിവുകളും അടയ്ക്കാനുള്ളവർ നിർബന്ധമായും ചെക്കുകളായി നല്കണം. ജീവകാരുണ്യഫണ്ടും പി.പി.എഫ്. വിഹിതവും വെവ്വേറെ ചെക്കുകളായും ബാക്കിയുള്ളവ ഒറ്റചെക്കിലും നല്കാവുന്നതാണ്.
4. ഓരോ ഇടവകയും 2019-2020 വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കി പാരീഷ് കൗൺസിലിൽ പാസാക്കി പൊതുയോഗത്തിൽ അവതരിപ്പിച്ച് പാസാക്കണം. അതിന്റെ കോപ്പി വേണം ഓഡിറ്റിങ്ങിനു വരുമ്പോൾ കൊണ്ടുവരുവാൻ.

ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിരിക്കുന്ന സമയക്രമം ചുവടെ ചേർക്കുന്നു

## ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിരിക്കുന്ന സമയക്രമം

| **കാഞ്ഞങ്ങാട് ഫൊറോന** | **ഏപ്രിൽ 29 തിങ്കൾ** | **പടന്നക്കാട് ബിഷപ്സ്ഹൗസ്** |
|---|---|---|
| ബദിയടുക്ക | രാവിലെ 9 മുതൽ | ,, |
| ചായ്യോത്ത് | ,, | ,, |
| ചീമേനി | ,, | ,, |
| ദേലമ്പാടി | ,, | ,, |
| മുള്ളേരിയ | ,, | ,, |
| എണ്ണപ്പാറ | ,, | ,, |
| കാലിച്ചാനടുക്കം | ,, | ,, |
| കാഞ്ഞിരടുക്കം | ,, | ,, |
| കാഞ്ഞങ്ങാട് | ,, | ,, |
| കാസർഗോഡ് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ഹൊസങ്കടി | ,, | ,, |
| നീലേശ്വരം | ,, | ,, |
| നെല്ലിയടുക്കം | ,, | ,, |

| | | |
|---|---|---|
| പടന്നക്കാട് | ,, | ,, |
| ഉദയപുരം, കോടോത്ത് | ,, | ,, |
| പെരിയ, പൊയ്നാച്ചി | ,, | ,, |
| **ചെറുപുഴ ഫൊറോന** | **ഏപ്രിൽ 29 തിങ്കൾ** | **ചെറുപുഴ** |
| അരവഞ്ചാൽ | രാവിലെ 9 മുതൽ | ,, |
| ചെറുപുഴ | ,, | ,, |
| ചൂരപ്പടവ് | ,, | ,, |
| ജോസ്ഗിരി | ,, | ,, |
| കോലുവള്ളി | ,, | ,, |
| കോഴിച്ചാൽ | ,, | ,, |
| മുളപ്ര | ,, | ,, |
| പാടിയോട്ടുചാൽ | ,, | ,, |
| പുളിങ്ങോം | ,, | ,, |
| രാജഗിരി | ,, | ,, |
| താബോർ | ,, | ,, |
| തിരുമേനി | ,, | ,, |
| ഉമ്മറപ്പൊയിൽ (സ്നേഹഗിരി) | ,, | ,, |
| **മേരിഗിരി ഫൊറോന** | **ഏപ്രിൽ 29 തിങ്കൾ** | **മേരിഗിരി** |
| ചെറുപാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| എടക്കോം | ,, | ,, |
| കാര്യപ്പള്ളി | ,, | ,, |
| കോടോപ്പള്ളി | ,, | ,, |
| മേരിഗിരി | ,, | ,, |
| പച്ചാനി | ,, | ,, |
| പെരിങ്ങാല | ,, | ,, |
| പെരുമ്പടവ് | ,, | ,, |
| റയറോം | ,, | ,, |
| വിമലശ്ശേരി | ,, | ,, |
| വെള്ളരിയാനം | ,, | ,, |
| **ആലക്കോട് ഫൊറോന** | **ഏപ്രിൽ 29 തിങ്കൾ** | **ആലക്കോട്** |
| ആലക്കോട് | രാവിലെ 9 മുതൽ | ,, |
| അരിവിളഞ്ഞപൊയിൽ | ,, | ,, |
| ചീക്കാട് | ,, | ,, |
| ജയഗിരി | ,, | ,, |
| കാർത്തികപുരം | ,, | ,, |
| കുട്ടാപറമ്പ | ,, | ,, |
| മാമ്പൊയിൽ | ,, | ,, |
| മണക്കടവ് | ,, | ,, |

| | | |
|---|---|---|
| നെല്ലിപ്പാറ | രാവിലെ 9 മുതൽ | ,, |
| ഒറ്റത്തൈ | ,, | ,, |
| പരപ്പ | ,, | ,, |
| ഉദയഗിരി | ,, | ,, |
| വിജയഗിരി | ,, | ,, |
| **വായാട്ടുപറമ്പ് ഫൊറോന** | **ഏപ്രിൽ 29 തിങ്കൾ** | **വായാട്ടുപറമ്പ്** |
| അൽഫോൻസാഗിരി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കരുണാപുരം | ,, | ,, |
| കരുവഞ്ചാൽ | ,, | ,, |
| മാവുഞ്ചാൽ | ,, | ,, |
| പാത്തൻപാറ | ,, | ,, |
| തടിക്കടവ് | ,, | ,, |
| വായാട്ടുപറമ്പ് | ,, | ,, |
| തുരുമ്പി | ,, | ,, |
| വെള്ളാട് | ,, | ,, |
| വിജയപുരം | ,, | ,, |
| **തളിപ്പറമ്പ് ഫൊറോന** | **ഏപ്രിൽ 30 ചൊവ്വ** | **തളിപ്പറമ്പ്** |
| അമ്മംകുളം | രാവിലെ 9 മുതൽ | ,, |
| ബാലേശുഗിരി | ,, | ,, |
| കണ്ണൂർ | ,, | ,, |
| മേലെചൊവ്വ | ,, | ,, |
| നെടുവാലൂർ | ,, | ,, |
| പരിയാരം | ,, | ,, |
| പയ്യന്നൂർ | ,, | ,, |
| തളിപ്പറമ്പ | ,, | ,, |
| പുഷ്പഗിരി | ,, | ,, |
| **ചെമ്പന്തൊട്ടി ഫൊറോന** | **ഏപ്രിൽ 30 ചൊവ്വ** | **ചെമ്പന്തൊട്ടി** |
| ചെമ്പന്തൊട്ടി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ചേപ്പറമ്പ | ,, | ,, |
| കരയത്തുംചാൽ | ,, | ,, |
| കോട്ടൂർ | ,, | ,, |
| മണ്ടളം | ,, | ,, |
| നടുവിൽ | ,, | ,, |
| നെല്ലിക്കുന്ന് | ,, | ,, |
| ശ്രീകണ്ഠപുരം, കോട്ടൂർവയൽ | ,, | ,, |
| വെണ്ണക്കല്ല് | ,, | ,, |
| വിളക്കന്നൂർ | ,, | ,, |

| | | |
|---|---|---|
| **ചെമ്പേരി ഫൊറോന** | **ഏപ്രിൽ 30 ചൊവ്വ** | **ചെമ്പേരി** |
| അരീക്കമല | രാവിലെ 9 മുതൽ | ,, |
| ചെമ്പേരി | ,, | ,, |
| ദീപഗിരി | ,, | ,, |
| കനകക്കുന്ന് | ,, | ,, |
| കുടിയാന്മല | ,, | ,, |
| ലിസ്സിഗിരി | ,, | ,, |
| നെല്ലിക്കുറ്റി | ,, | ,, |
| പൊന്മല | ,, | ,, |
| പൂപ്പറമ്പ | ,, | ,, |
| പൊട്ടംപ്ലാവ് | ,, | ,, |
| പുലിക്കുരുമ്പ | ,, | ,, |
| രത്നഗിരി | ,, | ,, |
| **പൈസക്കരി ഫൊറോന** | **ഏപ്രിൽ 30 ചൊവ്വ** | **പൈസക്കരി** |
| ആടാംപാറ | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| ചന്ദനക്കാംപാറ | ,, | ,, |
| ചുണ്ടപ്പറമ്പ | ,, | ,, |
| ഷിമോഗാനഗർ, ചന്ദനഗിരി | ,, | ,, |
| ഏറ്റുപാറ | ,, | ,, |
| ജോസ്മൗണ്ട് | ,, | ,, |
| പൈസക്കരി, മുത്താറിക്കുളം | ,, | ,, |
| പയ്യാവൂർ | ,, | ,, |
| വെമ്പുവ | ,, | ,, |
| പാടാംകവല | ,, | ,, |
| **നെല്ലിക്കാംപൊയിൽ ഫൊറോന** | **മെയ് 1 ബുധൻ** | **നെല്ലിക്കാംപൊയിൽ** |
| ആനറ | രാവിലെ 9 മുതൽ | ,, |
| അറബി | ,, | ,, |
| ഇരിട്ടി | ,, | ,, |
| കാലാങ്കി | ,, | ,, |
| കല്ലുവയൽ | ,, | ,, |
| കാഞ്ഞിരക്കൊല്ലി | ,, | ,, |
| മണിക്കടവ് | ,, | ,, |
| മണിപ്പാറ | ,, | ,, |
| മാട്ടറ | ,, | ,, |
| മുണ്ടാനൂർ | ,, | ,, |
| നെല്ലിക്കാംപൊയിൽ | ,, | ,, |
| പടിയൂർ | ,, | ,, |
| പുറവയൽ | ,, | ,, |
| ശാന്തിനഗർ | ,, | ,, |

| | | |
|---|---|---|
| തേർമല, തിരൂർ | രാവിലെ 9 മുതൽ | |
| ഉളിക്കൽ | ,, | ,, |
| വിളമന | ,, | ,, |

| **കുന്നോത്ത് ഫൊറോന** | **മെയ് 1 ബുധൻ** | **കുന്നോത്ത്** |
|---|---|---|
| ആനപ്പന്തി | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| അങ്ങാടിക്കടവ് | ,, | ,, |
| ചരൾ | ,, | ,, |
| എടക്കാനം | ,, | ,, |
| കച്ചേരിക്കടവ് | ,, | ,, |
| കിളിയന്തറ | ,, | ,, |
| കുന്നോത്ത്, നാട്ടേൽ | ,, | ,, |
| മാടത്തിൽ | ,, | ,, |
| മൊടയരഞ്ഞി | ,, | ,, |
| പാലത്തുംകടവ് | ,, | ,, |
| പേരട്ട | ,, | ,, |
| പെരിങ്കരി | ,, | ,, |
| രണ്ടാംകടവ് | ,, | ,, |
| വാണിയപ്പാറ | ,, | ,, |

| **പേരാവൂർ ഫൊറോന** | **മെയ് 1 ബുധൻ** | **പേരാവൂർ** |
|---|---|---|
| ആര്യപ്പറമ്പ | രാവിലെ 9 മുതൽ | ,, |
| ചെങ്ങോം | ,, | ,, |
| ചെട്ട്യാംപറമ്പ | ,, | ,, |
| എടത്തൊട്ടി | ,, | ,, |
| കല്ലുമുതിരക്കുന്ന് | ,, | ,, |
| കണിച്ചാർ | ,, | ,, |
| കൊളക്കാട് | ,, | ,, |
| കോളയാട് | ,, | ,, |
| മട്ടന്നൂർ | ,, | ,, |
| മഞ്ഞളാംപുറം | ,, | ,, |
| നിർമ്മലഗിരി | ,, | ,, |
| വാഴമല | ,, | ,, |
| നെടുംപുറംചാൽ | ,, | ,, |
| ഓടന്തോട് | ,, | ,, |
| പേരാവൂർ, മടപ്പുരച്ചാൽ | ,, | ,, |
| പെരുമ്പുന്ന, മേൽമുരിങ്ങോടി | ,, | ,, |
| പൂളക്കുറ്റി | ,, | ,, |
| രാജമുടി | ,, | ,, |

| എടൂർ ഫൊറോന | മെയ് 1 ബുധൻ | എടൂർ |
|---|---|---|
| ചെടിക്കുളം | ഉച്ചകഴിഞ്ഞ് 3 മുതൽ | ,, |
| എടപ്പുഴ | ,, | ,, |
| എടൂർ | ,, | ,, |
| കരിക്കോട്ടക്കരി | ,, | ,, |
| കീഴ്പ്പള്ളി | ,, | ,, |
| മാങ്ങോട് | ,, | ,, |
| ഉരുപ്പുംകുറ്റി | ,, | ,, |
| വട്ടിയറ | ,, | ,, |
| വെളിമാനം | ,, | ,, |

| തോമാപുരം ഫൊറോന | മെയ് 2 വ്യാഴം | തോമാപുരം |
|---|---|---|
| അതിരുമാവ് | രാവിലെ 9 മുതൽ | ,, |
| ആയന്നൂർ | ,, | ,, |
| ബേഡൂർ | ,, | ,, |
| ചട്ടമല | ,, | ,, |
| ചാവറഗിരി | ,, | ,, |
| കടുമേനി | ,, | ,, |
| കമ്പല്ലൂർ | ,, | ,, |
| കണ്ണിവയൽ | ,, | ,, |
| കാവുന്തല | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| കുന്നുംകൈ | ,, | ,, |
| കുളിനീർ | ,, | ,, |
| മണ്ടപം | ,, | ,, |
| പാലാവയൽ | ,, | ,, |
| തയ്യേനി | ,, | ,, |
| തോമാപുരം | ,, | ,, |
| വരക്കാട് | ,, | ,, |

| വെള്ളരിക്കുണ്ട് ഫൊറോന | മെയ് 3 വെള്ളി | വെള്ളരിക്കുണ്ട് |
|---|---|---|
| ആനമഞ്ഞൾ | രാവിലെ 9 മുതൽ | ,, |
| അട്ടക്കണ്ടം | ,, | ,, |
| അട്ടേങ്ങാനം | ,, | ,, |
| ബളാൽ | ,, | ,, |
| ഭീമനടി | ,, | ,, |
| ബിരിക്കുളം | ,, | ,, |
| ചുള്ളി | ,, | ,, |
| കാലിച്ചാമരം | ,, | ,, |
| കൊന്നക്കാട് | ,, | ,, |

| | | |
|---|---|---|
| മാലോം, ദർക്കാസ് | ഉച്ചകഴിഞ്ഞ് 2 മുതൽ | ,, |
| പറമ്പ | ,, | ,, |
| നാട്ടക്കല്ല് | ,, | ,, |
| പുഞ്ച | ,, | ,, |
| പുന്നക്കുന്ന് | ,, | ,, |
| വെള്ളരിക്കുണ്ട് | ,, | ,, |
| വിമലഗിരി | ,, | ,, |
| കനകപ്പള്ളി | ,, | ,, |
| **പനത്തടി ഫൊറോന** | **മെയ് 4 ശനി** | **പനത്തടി** |
| അടോട്ടുകയ, പുല്ലടി | രാവിലെ 9 മുതൽ | ,, |
| കള്ളാർ | ,, | ,, |
| കൊട്ടോടി | ,, | ,, |
| മാനടുക്കം | ,, | ,, |
| മേരിപുരം, കനീലടുക്കം, ചൂരിത്തോട് | ,, | ,, |
| പടുപ്പ് | ,, | ,, |
| പടിമരുത് | ,, | ,, |
| പനത്തടി | ,, | ,, |
| പാണത്തൂർ | ,, | ,, |

## 13. പുതിയ കോൺവെന്റ്

പൂപ്പറമ്പ് ഇടവകയിൽ സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ പുതിയ കോൺവെന്റും 'മരിയഭവൻ എന്ന പേരിൽ' മാനസിക രോഗികളായ സ്ത്രീകൾക്കുവേണ്ടിയുള്ള പുതിയ ഭവനവും ആരംഭിച്ചിരിക്കുന്നു. 2019 മാർച്ച് 2 ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഈ ഭവനത്തിന്റെ ആശീർവ്വാദ കർമ്മം നിർവ്വഹിച്ചു. പ്രഥമ സുപ്പീരിയർ സി. പിയൂഷ എസ്.എം.എസ്.ആണ്.

അഡ്രസ്സ് : മരിയഭവൻ, സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സ്
പൂപ്പറമ്പ് പി.ഒ. ചെമ്പേരി
കണ്ണൂർ ജില്ല. 670 632
ഫോൺ : 8078549307, 9497483721

## 14. ആദരാഞ്ജലി

**ശ്രീ. അബ്രാഹം വാരണത്ത് (83) :** ബഹു. ജോസഫ് വാരണത്തച്ചന്റെ വത്സലപിതാവ് ശ്രീ അബ്രാഹം (കുഞ്ഞൂട്ടി) വാരണത്ത് 2019 ഫെബ്രുവരി 26-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാരം 2019 ഫെബ്രുവരി 27-ന് ബുധനാഴ്ച ഭീമനടി ക്രിസ്തുരാജ ദൈവാലയ സിമിത്തേരിയിൽ നടന്നു. മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവും ദൈവാലയത്തിൽ മാർ ജോർജ് ഞറളക്കാട്ട് പിതാവും താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയുസ് പിതാവും നേതൃത്വം നല്കി.

പരേതന് നിത്യശാന്തിനേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## 15. സ്നേഹസ്മൃതി

| | | |
|---|---|---|
| 1. റവ. ഫാ. മാത്യു മേക്കുന്നേൽ | - | 01-04-2008 |
| 2. റവ. ഫാ. സേവ്യർ കണിയാന്തറ | - | 02-04-1990 |
| **3. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** | **-** | **04-04-2006** |
| **4. അഭിവന്ദ്യ മാർ ഇമ്മാനുവൽ പോത്തനാമൂഴി** | **-** | **06-04-2003** |
| 5. റവ. ഫാ. പോൾ മണക്കാട്ടുമറ്റം | - | 08-04-2015 |
| 6. റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ | - | 10-04-1977 |
| 7. റവ. ഫാ. മാത്യു പാലമറ്റം | - | 20-04-1972 |
| 8. റവ. ഫാ. ഫ്രാൻസീസ് ആറുപറയിൽ | - | 20-04-2012 |
| 9. റവ. ഫാ. അഗസ്റ്റിൻ കണ്ണാടിക്കര | - | 21-04-1994 |
| 10. റവ. ഫാ. സക്കറിയാസ് വള്ളോപ്പിള്ളി | - | 28-04-2016 |
| 11. റവ. ഫാ. ജോർജ് സ്രാമ്പിക്കൽ | - | 29-04-1997 |
| 12. റവ. ഫാ. ജോർജ് പുനക്കാട്ട് | - | 29-04-1968 |
| 13. റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ | - | 29-04-1999 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

അതിരൂപതയിലേക്ക് തരുന്ന എല്ലാ പിരിവുകളും 10000/- രൂപയിൽ കൂടുതലാണെങ്കിൽ നിർബന്ധമായും ചെക്ക് ആയിട്ടോ RTGS ആയിട്ടോ തരണം. RTGS ചെയ്യുന്നവർ അയച്ചതിന്ശേഷം വിളിച്ച് അറിയിക്കണം.

| | |
|---|---|
| Archdiocese of Thalassery | Secretary charity fund |
| Ac No-0078053000053927 | AC No. 0078053000060882 |
| South Indian Bank | South Indian Bank |
| Branch Thalasserry | Thalassery |
| IFSC-SIBL0000078 | IFSC. SIBL0000078 |

**ഫാ. പ്രൊക്കുറേറ്റർ**

# അതിരൂപതാ വൈദിക സമിതി റിപ്പോർട്ട്
**25-02-2019**

തലശ്ശേരി അതിരൂപതാ വൈദിക സമിതിയുടെ ദ്വിതീയ യോഗം 2019 ഫെബ്രുവരി 25 -ാം തീയ്യതി തലശ്ശേരി സന്ദേശഭവനിൽ വച്ച് ചേർന്നു. ഫാ. കുര്യാക്കോസ് കോലക്കുന്നേലിന്റെ പ്രാർത്ഥനാ ശുശ്രൂഷയോടെ യോഗം ആരംഭിച്ചു. ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ അവതരിപ്പിച്ചുകൊണ്ട് മാർ ജോസ് പാംപ്ലാനി പിതാവ് ഏവരെയും സ്വാഗതം ചെയ്തു. ഫാ. ജോസഫ് കാക്കരമറ്റത്തിൽ അവതരിപ്പിച്ച മുൻയോഗ റിപ്പോർട്ട് പാസ്സാക്കി. അധ്യക്ഷ പ്രസംഗത്തിൽ ആനുകാലിക സംഭവങ്ങളെ പരാമർശിച്ചുകൊണ്ട് വൈദികർ പുലർത്തേണ്ട നിതാന്ത ജാഗ്രതയെക്കുറിച്ച് മാർ ജോർജ്ജ് ഞെറളക്കാട്ട് പിതാവ് സംസാരിച്ചു. പ്രഥമ വിഷയാവതരണവും ചർച്ചയും നടന്നത് കുടുംബ കൂട്ടായ്മ വർഷാചരണത്തെ സംബന്ധിച്ചായിരുന്നു. വർഷാചരണ ഉദ്ഘാടന പരിപാടികളെക്കുറിച്ചും കുടുംബ കൂട്ടായ്മ വർഷാചരണത്തിൽ നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികളെക്കുറിച്ചും ഡയറക്ടർ ഫാ. മാത്യു ആശാരിപ്പറമ്പിൽ വിശദീകരിച്ചു. വിശ്വാസ സമൂഹത്തിൽ വൈദികന് നഷ്ടമായിക്കൊണ്ടിരിക്കുന്ന വിശ്വസനീയത നിയന്ത്രണവും കൂട്ടായ്മയും വീണ്ടെടുക്കാൻ കുടുംബ കൂട്ടായ്മയിലൂടെ സാധിക്കണമെന്ന് മാത്യു അച്ചൻ സമർത്ഥിച്ചു. കുടുംബ കൂട്ടായ്മയിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ ജനങ്ങളെ സ്പർശിക്കുന്നതും കാലിക പ്രസക്തിയുള്ളതുമായിരിക്കണം എന്ന് യോഗം അഭിപ്രായപ്പെട്ടു. ചർച്ചാ വിഷയങ്ങൾ പഠിച്ച് തയ്യാറാക്കി ലീഫ് ലെറ്റുകൾ ഭവനങ്ങളിൽ എത്തിക്കണമെന്ന് തീരുമാനിച്ചു.

തുടർന്ന് വൈദിക ക്ഷേമസമിതിയെക്കുറിച്ചും വൈദിക തുടർ പരിശീലനത്തെക്കുറിച്ചും ബഹു. അലക്സ് താരാമംഗലത്തിലച്ചൻ സംസാരിച്ചു. വൈദികക്ഷേമം എന്ന പദം തന്നെ വൈദികരുടെ ശാരീരിക, മാനസിക, ആത്മീയ, അജപാലന തലങ്ങളെയെല്ലാം ഉൾക്കൊള്ളുന്നതാണെന്നും സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണെന്നും ജനറാളച്ചൻ സൂചിപ്പിച്ചു. റിട്ടയർമെന്റും വൈദിക മന്ദിരത്തിലെ ജീവിതവും സ്വീകരിക്കാൻ വൈദികരെ മാനസികമായി പര്യാപ്തമാക്കുന്നതിനെക്കുറിച്ച് ചർച്ചകൾ ഉണ്ടായി. വ്യക്തിപരമായി, മറ്റ്സ്ഥലങ്ങളിൽ റിട്ടയർമെന്റിന് ശേഷം വസിക്കാൻ താൽപര്യപ്പെടുന്നവരെ അതിനായി അനുവദിക്കണമെന്ന് അഭിപ്രായപ്പെട്ടു. എല്ലാ വൈദീകരും വിൽപ്പത്രം തയ്യാറാക്കണമെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുവാൻ നിർദേശിക്കപ്പെട്ടു. വൈദിക തുടർപരിശീലനത്തിന് പുതിയമാനങ്ങൾ എപ്രകാരം സൃഷ്ടിക്കാമെന്ന് തുടർന്ന് ചിന്തിച്ചു. റിഫ്രെഷർ കോഴ്സുകൾ പുതിയ

സ്ഥലങ്ങളിൽ സംഘടിപ്പിക്കണക്കമെന്നും വൈദികരൊത്തുള്ള പിക്നിക്കുകൾ കൂട്ടായ്മ വർദ്ധിപ്പിക്കാൻ ഉതകുമെന്നും അഭിപ്രായമുയർന്നു. ഓരോ ഇടവകകളിലും ഒരു പാസ്റ്ററൽ ഓഡിറ്റ് അത്യന്താപേക്ഷിതമാണെന്നും യോഗം അഭിപ്രായപ്പെട്ടു. ഇടവകയുടെ ആത്മീയ കാര്യങ്ങളുടെ അവസ്ഥ അതിലൂടെ വെളിവാക്കപ്പെടുകയും ചെയ്യും.

വൈദിക ക്ഷേമ സമിതിയുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ചും അതിന്റെ നിയതമായ അധികാര പരിധികളെ സംബന്ധിച്ചും ഒരു നിർവചനം ആവശ്യമാണെന്ന ചിന്ത യോഗം പങ്കുവച്ചു. കൂട്ടായ്മയിൽ നിന്നും മരണംമൂലം വേർപിരിഞ്ഞ വൈദീകരെ ഓർമ്മിക്കണമെന്നും അവർ സേവനം ചെയ്ത ഇടവകകൾ മരിച്ച് പോയ വൈദികർക്ക് വേണ്ടി കുർബാനയർപ്പിക്കുന്നത് യുക്തമാണെന്നും അഭിപ്രായപ്പെട്ടു. രൂപത കത്തീഡ്രൽ പള്ളിയിൽ /സെമിനാരിയിൽ മരിച്ച വൈദികരുടെ ഓർമ്മ ആചരിച്ചുകൊണ്ട് വി. ബലിയർപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായം ഉയർന്നു. രൂപതാ സംവിധാനത്തിൽ Princilple of Subsidiarity യെക്കുറിച്ച് പാംപ്ലാനി പിതാവ് സൂചിപ്പിച്ചു. ഫൊറോന വികാരിമാർ അവരുടെ പരിധിയിലുള്ള പള്ളികളിലെ അച്ചൻമാരുടെയും അവരുടെ പള്ളികളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും ഉത്തരവാദിത്ത പൂർണ്ണമായ സമീപനം സ്വീകരിക്കണമെന്ന് പറഞ്ഞു.

വൈദിക ക്ഷേമനിധി ( PPF) യുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ചും വൈദികരും ഇടവകകളും നൽകാനുള്ള കുടിശ്ശികയെക്കുറിച്ചും ബഹു. ജേക്കബ് വെണ്ണായപ്പിള്ളി അച്ചൻ കണക്കുകൾ അവതരിപ്പിച്ചു. ഇടവക തരേണ്ട വിഹിതം ആണ്ട് തിരട്ട് പാസ്സാക്കുമ്പോൾ മേടിക്കണമെന്നും സന്യാസ സമൂഹങ്ങൾക്ക് ഉത്തരവാദിത്തം ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഇടവകദേവാലയങ്ങളുടെ വിഹിതം സ്വീകരിക്കാനുമുള്ള നടപടി എടുക്കണമെന്നും തീരുമാനിക്കച്ചു. വൈദിക ക്ഷേമനിധി, ഇപ്പോൾ തുടരുന്ന ഇൻഷുറൻസ് സ്കീമുകളെക്കുറിച്ചും മറ്റ് ഇൻഷുറൻസ് കമ്പനികളുടെ സാധ്യതകളെക്കുറിച്ചുമുള്ള വിശദമായ ചർച്ചക്കൊടുവിൽ ഈ വർഷം ഇപ്രകാരം തുടരുവാനും ഈ വിഷയം വിശദമായി വീണ്ടും പഠിക്കുവാനും കമ്മറ്റിയെ ചുമതലപ്പെടുത്തി. ഈ കമ്മറ്റിയിലേക്ക് ഫാ. സെബാൻ ഇടയാടി, ഫാ. സെബാസ്റ്റ്യൻ വെമ്മേനിക്കട്ട എന്നീ അച്ചൻമാരെയും നാമനിർദേശം ചെയ്തു.

സീറോ മലബാർ സഭയുടെ സേഫ് എൻവയൺമെന്റ് പോളിസിയെക്കുറിച്ചും, ഗ്രീവൻസെല്ലിനെക്കുറിച്ചും ബഹു. തോമസ് തെങ്ങുംപള്ളിയിലച്ചൻ വിശദീകരിച്ചു. ദൈവവിളി പ്രോത്സാഹനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ദൈവവിളി ക്യാംപിൽ പങ്കെടുക്കാതെ മറ്റ് സന്യാസ സമൂഹങ്ങളിൽ ചേരുന്നവരെക്കുറിച്ചും ബഹു. ജോർജ് കരോട്ടച്ചൻ

# പാസ്റ്ററൽ കൗൺസിൽ സമ്മേളനം - റിപ്പോർട്ട്
**23-03-2019**

തലശ്ശേരി അതിരൂപതാ 17-ാമത് പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാമത്തെ യോഗം 2019 മാർച്ച് മാസം 23-ന് ശനിയാഴ്ച രാവിലെ 10 മണിമുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. സി.എം.സി. പ്രൊവിൻഷ്യൽ സി. സിനോബിയുടെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനാശുശ്രൂഷയോടെ യോഗം ആരംഭിച്ചു. അതിരൂപതാ സിൻചെല്ലൂസ് മോൺ. അലക്സ് താരാമംഗലം സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ ജോർജ് തയ്യിൽ അവതരിപ്പിച്ച മുൻയോഗ റിപ്പോർട്ട് യോഗം ഏകകണ്ഠമായി അംഗീകരിച്ചു.

തുടർന്നു നടന്ന ഉദ്ഘാടന പ്രസംഗത്തിൽ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവ്, കാലത്തിനനുസരിച്ചുള്ള അജപാല പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുമ്പോൾ സാമൂഹ്യ, രാഷ്ട്രീയ മണ്ഡലങ്ങളിലെ മാറ്റങ്ങളെ തിരിച്ചറിയണമെന്ന് ഓർമ്മപ്പെടുത്തി. യുവജനവർഷം ഭംഗിയായി ആഘോഷിക്കുവാൻ നേതൃത്വം കൊടുത്ത എല്ലാവരെയും, സംസ്ഥാന തലത്തിൽ മികച്ച മദ്യവിരുദ്ധ സമിതിയായി തിരഞ്ഞെടുക്കപ്പെട്ട തലശ്ശേരി അതിരൂപതാ സമിതിയേയും അഭിവന്ദ്യ പിതാവ് അനുമോദിച്ചു. കുടുംബ

സംസാരിച്ചു. ഇന്ത്യ മുഴുവനും മിഷനറി പ്രവർത്തനങ്ങൾക്ക് അനുവാദം ലഭിച്ച കേരള സുറിയാനി സഭയുടെ മിഷനറി ദൗത്യത്തെക്കുറിച്ച് അഭിവന്ദ്യ മാർ ജോർജ്ജ് ഞെറളക്കാട്ട് പിതാവ് സൂചിപ്പിച്ചു. തലശ്ശേരി, താമരശ്ശേരി, മാനന്തവാടി, ഇടുക്കി രൂപതകൾ ഒന്നു ചേർന്ന് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ ഒരു മിഷൻ പ്രദേശം ഏറ്റെടുക്കുവാൻ തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ ആ സ്ഥലങ്ങളെക്കുറിച്ച്, പഠിക്കുവാൻ ഒരു പ്രതിനിധി സംഘത്തെ അയക്കുന്നതിനെക്കുറിച്ച് അഭിവന്ദ്യ പിതാവ് വിശദീകരിച്ചു.

കേരള ഗവൺമെന്റ് കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്ന ചർച്ച് ആക്റ്റിന്റെ ദൂരവ്യാപകമായ ദുരന്തഫലങ്ങളെക്കുറിച്ചുള്ള പഠനം പാസ്റ്ററൽ കൗൺസിൽ അംഗങ്ങളോടൊപ്പം ഉച്ചക്ക് ശേഷം നടന്നു. മാർച്ച് 3 ഞായറാഴ്ച കരിദിനം ആചരിക്കുവാനും ഞായറാഴ്ച വി. കുർബാനയ്ക്ക് ശേഷം പ്രതിഷേധ പരിപാടികൾ സംഘടിക്കുവാനും തീരുമാനിച്ചു.

ബഹു. ജോർജ്ജ് ഞെറളക്കാട്ട് എളൂക്കുന്നേലച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. അഭിവന്ദ്യ പിതാക്കൻമാരുടെ ആശീർവാദ പ്രാർത്ഥനയോടെ യോഗംഅവസാനിച്ചു.

കൂട്ടായ്മ വർഷം വിജയിപ്പിക്കുവാൻ എല്ലാവരുടെയും സഹകരണം അഭിവന്ദ്യ പിതാവ് അഭ്യർത്ഥിച്ചു. ഷംഷാബാദ് രൂപതയോട് ചേർന്ന് നോർത്ത് ഈസ്റ്റിൽ ഒരു മിഷൻപ്രദേശം ഏറ്റെടുക്കാനുള്ള ചർച്ചകൾ നടക്കുകയാണെന്ന് അഭിവന്ദ്യ പിതാവ് അറിയിച്ചു. വസ്തുതകളെ വളച്ചൊടിച്ച് അവതരിപ്പിക്കുന്ന രീതി മാധ്യമങ്ങൾ പിന്തുടരുന്നുവെന്നും അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ എല്ലാവരും സമ്മതിദാനാവകാശം ഉപയോഗിക്കണമെന്നും കാർഷിമേഖലയിലെ തകർച്ചകളെക്കുറിച്ച് ഗൗരവമായ ചർച്ചകൾ നടക്കണമെന്നും അഭിവന്ദ്യപിതാവ് ഓർമ്മപ്പെടുത്തി.

തുടർന്ന് വിവിധ മേഖലകളിൽ മികവുതെളിയിച്ചവരെ ആദരിച്ചു. ദേശീയ കശുവണ്ടി കർഷക അവാർഡ് നേടിയ പൊന്മല ഇടവകാംഗം ശ്രീ കുര്യൻ മങ്ങുന്നം, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ദേശീയവനിതാ പ്രതിനിധിയായി നിയമിതയായ ശ്രീമതി ജോളി കാരക്കുന്നേൽ, എ.കെ.സി.സി. ഗ്ലോബൽ പുരസ്ക്കാരം നേടിയ ചെമ്പന്തൊട്ടി ഫൊറോന, കണ്ണൂർ യൂണിവേഴ്സിറ്റി സെനറ്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട ഡോ. ഡോമിനിക് പുളിക്കൽ, കോർപറേറ്റ് അധ്യാപക അവാർഡ് നേടിയ ശ്രീമതി വത്സമ്മ മഠത്തിപറമ്പിൽ എന്നിവരെ ആദരിച്ചു.

ഈ സമ്മേളനത്തിന്റെ ചർച്ചാവിഷയങ്ങളായി തിരഞ്ഞെടുത്ത മാധ്യമ അജണ്ടകളും സഭയും, തിരഞ്ഞെടുപ്പും രാഷ്ട്രീയ നിലപാടും, കാർഷിക മേഖലയിലെ പ്രതിസന്ധികളും ബദൽ നിർദ്ദേശങ്ങളും എന്നീ വിഷയങ്ങളെക്കുറിച്ച് മാർ ജോസഫ് പാംപ്ലാനി ആമുഖ പ്രഭാഷണം നടത്തി. സോഷ്യൽ മീഡിയായിലെ ഇടപെടൽ കാര്യക്ഷമമാക്കണമെന്നും നമ്മുടെ സമുദായത്തിന് പാലക്കാടിനു വടക്കോട്ട് ആനുപാതികമായ പ്രാതിനിധ്യം ലഭിക്കുന്നില്ലെന്നും ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കാനുള്ള പരിശ്രമങ്ങൾ നടക്കണമെന്നും അഭിവന്ദ്യപിതാവ് പറഞ്ഞു.

തുടർന്ന് മാധ്യമരംഗത്തെ പ്രവണതകളെക്കുറിച്ചും ഒന്നിച്ച് വളരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ദീപിക ബാലജനസഖ്യം കൊച്ചേട്ടൻ ഫാ. റോയി കണ്ണഞ്ചിറ സി.എം.ഐ. സംസാരിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ ജോർജ് തയ്യിൽ തിരഞ്ഞെടുപ്പു കളിൽ കത്തോലിക്കാ സമുദായത്തിന് ആനുപാതികമായ പ്രാതിനിധ്യം ലഭിക്കുന്നില്ലെന്ന് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് സമർത്ഥിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടുതൽ പ്രാതിനിധ്യം ലഭിക്കുവാൻ ഇപ്പോഴേ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് അദ്ദേഹം പറഞ്ഞു. കാർഷികരംഗത്തെ പ്രതിസന്ധികളെക്കുറിച്ചും ബദൽ വിപണരീതികളെക്കുറിച്ചും ശ്രീ എൻ.ജെ. ജോസഫ് നമ്പുടാകം സംസാരിച്ചു. വിഷയാവതരണ പ്രസംഗങ്ങളെത്തുടർന്ന് യോഗാംഗങ്ങൾ എട്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ വിഷയത്തെക്കുറിച്ചും ചർച്ച നടത്തി.

ഉച്ചഭക്ഷണത്തിനുശേഷം ഗ്രൂപ്പ് സെക്രട്ടറിമാർ ചർച്ചയുടെ സംക്ഷിപ്ത റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതയിൽ ഒരു മീഡിയ സെൽരൂപീകരിക്കണം, വിവിധ ക്രൈസ്തവസമൂഹങ്ങൾ സംയുക്തമായി മീഡിയാ ജാഗ്രത

പുലർത്തുക, നവമാധ്യമങ്ങളിലൂടെ സത്യസന്ധമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുക, ദീപിക പത്രത്തിന്റെ പ്രചാരം വർദ്ധിപ്പിക്കുക, കൂടുതൽ യുവജനങ്ങളെ മീഡിയ, ജേർണലിസം കോഴ്സുകൾ പഠിക്കാൻ പ്രോത്സാഹിപ്പിക്കുക, എല്ലാ വീടുകളിലും എത്തുന്ന ഒരു പ്രസിദ്ധീകരണം ആരംഭിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ മാധ്യമരംഗത്തെക്കുറിച്ചുള്ള ചർച്ചയിൽ ഉയർന്നുവന്നു. കഴിവുറ്റ നേതാക്കളെ വാർത്തെടുക്കാൻ പരിശ്രമിക്കണം. രാഷ്ട്രീയ കാര്യ സമിതി രൂപീകരിക്കണം, രാഷ്ട്രീയപാർട്ടികളിൽ ചേർന്നു പ്രവർത്തിച്ച് നേതൃസ്ഥാനങ്ങളിലേക്ക് ഉയർന്നു വരുവാൻ നമ്മുടെ ആളുകളെ പ്രേരിപ്പിക്കണം, കുടുംബക്കൂട്ടായ്മകളിലൂടെ നേതാക്കളെ വളർത്തണം, ഉയർന്നു വരുന്ന സമുദായ നേതാക്കളെ രൂപത പ്രോത്സാഹിപ്പിക്കണം തുടങ്ങിയ നിർദ്ദേശങ്ങൾ രാഷ്ട്രീയരംഗത്തെക്കുറിച്ചുള്ള ചർച്ചയിൽ അവതരിപ്പിക്കപ്പെട്ടു. കർഷകർ സംഘടിതശക്തിയായി മാറണം, കർഷക കൂട്ടായ്മകൾ രൂപീകരിച്ച് വിളസംഭരണം, സംസ്കരണം, വിപണനം എന്നിവക്കുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തണം, മുഴുവൻ കർഷകർക്കും 60 വയസ്സിനുശേഷം പെൻഷൻ നല്കണമെന്ന് ആവശ്യപ്പെടണം, മിൽക്ക് ഡയറി ആരംഭിക്കണം, മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി കാർഷിക വിഭവങ്ങൾ മാറ്റാനുള്ള സംരംഭങ്ങൾ തുടങ്ങണം തുടങ്ങിയ നിർദ്ദേശങ്ങൾ കാർഷികരംഗത്തെക്കുറിച്ചുള്ള ചർച്ചയിൽ ഉയർന്നുവന്നു.

തുടർന്നുനടന്ന പൊതുചർച്ച മാർ ജോസഫ് പാംപ്ലാനി മോഡറേറ്റു ചെയ്തു. എല്ലാ വീടുകളിലും എത്തുന്ന ഒരു പ്രസിദ്ധീകരണം രൂപത ആരംഭിക്കണം, രൂപതയിലെ എല്ലാ വിശ്വാസികളെയും ബന്ധിപ്പിക്കുന്ന ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് തുടങ്ങുക, കൃഷി അധിഷ്ഠിതമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉണ്ടായി. ഡോ. ജോൺ ജോസഫ് വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ആറ് പ്രമേയങ്ങൾ അവതരിപ്പിച്ചു.കുടുംബക്കൂട്ടായ്മ വർഷാചരണത്തെക്കുറിച്ച് ഡോ. എം.ജെ.മാത്യു വിശദീകരിച്ചു. എറണാകുളം പി.ഒ.സി.യിൽ വച്ചു നടന്ന കെ.സി.സി. മീറ്റിങ്ങിനെക്കുറിച്ച് ഡോ. മനോജ് വി. തോമസ് വിശദീകരിച്ചു.

സമാപന സന്ദേശത്തിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് മെത്രാപ്പോലീത്ത വിഷയങ്ങൾ അവതരിപ്പിച്ചവർക്ക് നന്ദി പറഞ്ഞു. അതിരൂപതക്ക് ഒരു മീഡിയ സെൽ രൂപീകരിക്കാനുള്ള നടപടികൾ ഉടൻതന്നെ സ്വീകരിക്കുമെന്നും ഒരു രാഷ്ട്രീയകാര്യ സമിതിക്ക് രൂപം കൊടുക്കുമെന്നും കാർഷികപ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഒരു വിദഗ്ധസമിതി രൂപീകരിക്കുമെന്നും അഭിവന്ദ്യപിതാവ് പറഞ്ഞു.

യോഗത്തിന് അജണ്ടാ കമ്മിറ്റി ശ്രീ മനോജ് വടക്കേൽ നന്ദി പ്രകാശിപ്പിച്ചു. നാലുമണിയോടെ യോഗം പര്യവസാനിച്ചു.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ജനറൽ സെക്രട്ടറി

**ജോർജ് തയ്യിൽ**
സെക്രട്ടറി

# സെമിനാരി വാർത്തകൾ

## ദൈവവിളി ക്യാമ്പ്-2019

നമ്മുടെ അതിരൂപതയിലെ റീജണൽ വൊക്കേഷൻ ക്യാമ്പ് സമയ ക്രമീകരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**ക്യാമ്പ് തീയതികൾ : ഏപ്രിൽ 7,8,9,10**

**ഏപ്രിൽ 7 ഞായറാഴ്ച 5 മണിക്ക് ആരംഭിക്കുന്നു.**

**ഏപ്രിൽ 10 ബുധനാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നു.**

## ക്യാമ്പ് നടക്കുന്ന സ്ഥലങ്ങൾ

| **ആൺകുട്ടികൾക്ക് - ഫൊറോനകൾ** | |
|---|---|
| 1. കുന്നോത്ത് - ബാലഭവൻ | എടൂർ, നെല്ലിക്കാംപൊയിൽ, പേരാവൂർ, കുന്നോത്ത് |
| 2. പൈസക്കരി ഫൊറോന ദൈവാലയം | ചെമ്പന്തൊട്ടി, ചെമ്പേരി, പൈസക്കരി, വായാട്ടുപറമ്പ |
| 3. തോമാപുരം ഫൊറോന ദൈവാലയം | ആലക്കോട്, ചെറുപുഴ, മേരിഗിരി, തോമാപുരം |
| 4. പടന്നക്കാട്- പാസ്റ്ററൽ സെന്റർ | കാഞ്ഞങ്ങാട്, പനത്തടി, തളിപ്പറമ്പ്, വെള്ളരിക്കുണ്ട് |
| **പെൺകുട്ടികൾക്ക്** മദർ ഹോം | എല്ലാ ഫെറോനകളിൽ നിന്നുമുള്ള പെൺകുട്ടികൾ |

## റീജണൽ ക്യാമ്പിനെ സംബന്ധിച്ചുള്ള പ്രത്യേക നിർദ്ദേശങ്ങൾ

1 റീജണൽ ക്യാമ്പ് ആരംഭിക്കുന്നത് ഏപ്രിൽ 7 ഞായറാഴ്ച 5 മണിക്കായിരിക്കും.

2. സെമിനാരിയിലും കോൺവെന്റുകളിലും ചേരുവാൻ താല്പര്യമുള്ള കുട്ടികളെ നിർബന്ധമായും ക്യാമ്പിൽ പറഞ്ഞുവിടണം. നമ്മുടെ അതിരൂപതയ്ക്കു വേണ്ടി നല്ല കുട്ടികളെ കണ്ടെത്തുകയും ക്യാമ്പിന് കത്ത് കൊടുത്തുവിടുമ്പോൾ അവരുടെ പേരുകൾ പ്രത്യേകമായി സൂചിപ്പിക്കുകയും ചെയ്യുമല്ലോ.

3. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും.

4. വൊക്കേഷൻ പ്രോമോട്ടേഴ്സിനു ക്യാമ്പ് സന്ദർശിക്കുവാനുള്ള സമയം 10-ാം തീയതി ബുധനാഴ്ച രാവിലെ 8 മുതൽ ഉച്ചയ്ക്ക് 12 വരെയായിരിക്കും.

5. ക്യാമ്പ് അവസാനിക്കുന്നത് 10-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 1 മണിക്കായിരിക്കും.

## പെൺകുട്ടികളുടെ ക്യാമ്പ്

പെൺകുട്ടികളുടെ ദൈവവിളി പ്രോത്സാഹിപ്പിക്കുക എന്നത് ഈ കാല ഘട്ടത്തിന്റെ അനിവാര്യതയാണ്. അതുകൊണ്ട് ഈ വർഷം മദർഹോ മിൽവെച്ച് നടത്തുന്ന പെൺകുട്ടികളുടെ ദൈവവിളി ക്യാമ്പിലേയ്ക്ക് സാധി ക്കുന്നിടത്തോളം കുട്ടികളെ പറഞ്ഞയക്കുമല്ലോ. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ജീവിത ദർശന ക്യാമ്പായിട്ടാണ് പെൺകുട്ടികളുടെ ക്യാമ്പ് നടത്തുവാൻ ആഗ്രഹിക്കുന്നത്. ആയതിനാൽ 9 മുതൽ 12 ക്ലാസ്സുവരെ പഠി ക്കുന്ന സാധിക്കുന്നിടത്തോളം പെൺക്കുട്ടികളെ ഈ ക്യാമ്പിലേയ്ക്ക് പറ ഞ്ഞയക്കാവുന്നതാണ്. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും. പെൺകുട്ടിക ളുടെ ദൈവവിളിയെ പരിപോഷിപ്പിക്കുവാൻ പ്രത്യേകം പരിശ്രമിക്കാം. ഒരു ഇടവകയിൽ നിന്നും കുറഞ്ഞത് 2 പെൺകുട്ടികളെയെങ്കിലും ക്യാമ്പിന് പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാരും സിസ്റ്റേഴ്സും ശ്രദ്ധിക്കണ മെന്ന് ഓർമ്മപ്പെടുത്തുന്നു.

## അതിരൂപതാ സെലക്ഷൻ ക്യാമ്പ്

- ❖ ഏപ്രിൽ 11, 12, 13, 14 തീയതികളിൽ നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് നടക്കുന്നു.
- ❖ ഏപ്രിൽ 11 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് ആരംഭിച്ച് ഏപ്രിൽ 14ന് ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നു.
- ❖ റീജണൽ ക്യാമ്പിനു കുട്ടികളെ പറഞ്ഞുവിടുമ്പോൾ നമ്മുടെ അതിരൂ പതയിൽ ചേരേണ്ട കുട്ടികളുടെ പേരുകൾ വികാരിയച്ചന്മാർ പ്രത്യേകം സൂചിപ്പിക്കണമെന്നോർമ്മിപ്പിക്കുന്നു.
- ❖ നമ്മുടെ മൈനർ സെമിനാരിയിലേക്കുള്ള സെലക്ഷൻ ക്യാമ്പിനു ഫീസ് ഉണ്ടായിരിക്കുകയില്ല.
- ❖ ഈ വർഷവും മിടുക്കന്മാരായ നല്ല കുട്ടികളെ നമ്മുടെ അതിരൂപതയിൽ ചേരുവാൻ പറഞ്ഞയയ്ക്കുമല്ലോ.

## മേജർ സെമിനാരി വാർത്തകൾ

**മൈനർ ഓർഡേഴ്സ്:** നമ്മുടെ അതിരൂപതയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ മൈനർ ഓർഡേസിന്റെ (ചെറുപട്ടങ്ങളുടെ) സ്വീകരണം ഏപ്രിൽ മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 6.30 മണിക്ക് സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടക്കുന്നതാണ്. ഈ വൈദികവിദ്യാർത്ഥികളെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകമായി അനുസ്മരിക്കാം.

## വൈദികവസ്ത്ര സ്വീകരണം

ഈ വർഷത്തെ റീജൻസിക്കാരുടെ വൈദികവസ്ത്രസ്വീകരണം ഏപ്രിൽ 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 6.30 മണിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടക്കുന്നു. നമ്മുടെ അതിരൂപതയ്ക്കുവേണ്ടി 6 പേരാണ് ഈ വർഷം വൈദികവസ്ത്രം സ്വീകരിക്കുന്നത് ഇവരെ പ്രത്യേകമായി പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

## മേജർ സെമിനാരി ഗാതറിംഗ്

തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദികവിദ്യാർത്ഥികളുടെ കൂട്ടായ്മ ഏപ്രിൽ 29, 30, മെയ് 1 തീയതികളിൽ നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് നടക്കുന്നു. ഏപ്രിൽ 29ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച് മെയ് ഒന്നാം തീയതി ഉച്ചയ്ക്ക് അവസാനിക്കുന്നു.

## അവധിക്കാല സേവനങ്ങൾ

നമ്മുടെ അതിരൂപതയിലെ മേജർ സെമിനാരിക്കാരുടെ അവധിക്കാല സേവനങ്ങൾ (ധ്യാനം, ക്ലാസ്സുകൾ, സെമിനാറുകൾ, ആത്മസ്ഥിതി തയ്യാറാക്കൽ) ആവിശ്യമുള്ളവർ അറിയിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ 8547128523

**ഫാ. ജോർജ് കരോട്ട്**
റെക്ടർ 8304871142

### കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ അല്മായർക്കായി

## വിശുദ്ധവാര പെസഹാനുഭവധ്യാനം

കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ വിശുദ്ധവാര പെസഹാനുഭവധ്യാനം സംഘടിപ്പിക്കുന്നതാണ്. 2019 ഏപ്രിൽ 14-ാം തീയതി ഓശാന ഞായറാഴ്ച 4.00 pm ന് ആരംഭിക്കുന്ന ധ്യാനം 17-ാം തീയതി ബുധനാഴ്ച 1.00 pm ന് അവസാനിക്കുന്നു. ആത്മാഭിഷിക്തനും അനുഗ്രഹീത വചനപ്രഘോഷകനു മായ റവ. ഡോ. തോമസ് വള്ളിയാനിപ്പുറം ധ്യാനത്തിനു നേതൃത്വം നൽകുന്നതാണ്.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മാർച്ചു മാസം 15-ാം തീയതിക്കു മുമ്പായി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാണു പ്രവേശനം ലഭിക്കുക. രജിസ്ട്രേഷൻ ഫീസ് 750 രൂപ. ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ദയവായി ഈ വിവരം പള്ളിയിൽ അറിയിക്കണമെന്നു താല്പര്യപ്പെടുന്നു.

ഫാ. എമ്മാനുവൽ ആട്ടേൽ, റെക്ടർ : 94 47 54 78 66
ഫാ. തോമസ് വള്ളിയാനിപ്പുറം (കോ - ഓർഡിനേറ്റർ) : 94 95 74 55 57

# വിശ്വാസപരിശീലനം

> "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).

## 1. വിശ്വാസോത്സവം മാർച്ച് 31 – ഏപ്രിൽ 4

2019 മാർച്ച് 31 മുതൽ ഏപ്രിൽ 4 വരെയുള്ള ദിവസങ്ങളിലാണ് നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവം നടക്കുന്നത്. അഞ്ചു മണിക്കൂർ സമയം ലഭിക്കത്തക്കവിധത്തിലാണ് എല്ലാ ഇടവകകളിലും ക്ലാസ്സുകൾ ക്രമീകരിക്കേണ്ടത്. ദിവസത്തിന്റെ എണ്ണവും സമയക്രമവും എല്ലാ സൺഡേ സ്കൂളുകളും കൃത്യമായി പാലിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാ ദിവസവും വി. കുർബാനയോടുകൂടിയാണ് വിശ്വാസോത്സവം ആരംഭിക്കേണ്ടത്.

## 2. വിശ്വാസോത്സവ ആൽബം

ഈ വർഷം വിശ്വാസോത്സവത്തോടനുബന്ധിച്ച് കുട്ടികൾ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ.

**വിഷയം : പ്രളയകാലത്തെ സഭയുടെ പ്രവർത്തനങ്ങൾ**

കഴിഞ്ഞ വർഷം ഉണ്ടായ പ്രളയക്കെടുതിയിൽ കേരളം വിറങ്ങലിച്ചപ്പോൾ സഭയുടെ ഇടപെടലുകൾക്ക് നാമെല്ലാവരും സാക്ഷ്യം വഹിച്ചതാണല്ലോ. സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾ ബോധപൂർവ്വം തമസ്കരിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് സഭയുടെ ഇടപെടലുകളെക്കുറിച്ച് അവബോധം നല്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ആൽബത്തിന് ഈ വിഷയം നിർദ്ദേശിച്ചിരിക്കുന്നത്. ആൽബത്തിൽ പ്രളയകാലത്തെ സഭയുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ചിത്രങ്ങൾ, വാർത്തകൾ, പേപ്പർ കട്ടിംഗ്സ് ഉണ്ടായിരിക്കണം. കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് കുറഞ്ഞത് 3 ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിൽ ഒരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ 4 പേജിൽ കവിയരുത്.

## 3. വാർഷികപരീക്ഷ I- XI

**I** മുതൽ **XI** -ാം ക്ലാസ്സു വരെയുള്ള കുട്ടികളുടെ ഈസ്റ്റർ (വാർഷിക) പരീക്ഷ ഏപ്രിൽ 7-ാം തീയതി ഞായറാഴ്ച്ച രാവിലെ 11.00 മുതൽ 1.00 വരെയായിരിക്കും. പരീക്ഷാസമയക്രമത്തിൽ യാതൊരു മാറ്റവും

വരുത്തുവാൻ പാടില്ല. 4, 7, 10 ക്ലാസുകളിലെ സ്കോളർഷിപ്പ് പരീക്ഷ നടക്കുന്നതിനാൽ മേഖലാ കമ്മിറ്റികൂടി സൂപ്പർവൈസർമാരെ നിയോഗിക്കേണ്ടതാണ്.

## 4. ജനറൽ ചോദ്യങ്ങൾ

ഏപ്രിൽ 7-ന് നടത്തുന്ന **IV** മുതൽ **XI** വരെ ക്ലാസ്സുകളിലെ വാർഷിക പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ വെബ്സൈറ്റൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് ജനറൽ ചോദ്യങ്ങളിൽ നിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽ നിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

## 5. ഫൊറോനാതല സ്കോളർഷിപ്പ് മൂല്യനിർണ്ണയം

4,7,10 ക്ലാസുകളിലെ കുട്ടികളുടെ (ഒരു ഇടവകയിൽ നിന്ന് മൂന്ന് പേപ്പർ വീതം) സ്കോളർഷിപ്പിനുള്ള ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തി ഫൊറോനയിൽ നിന്ന് ഓരോ ക്ലാസ്സിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേപ്പറുകൾ ഏപ്രിൽ 18ന് മുമ്പ് അതിരൂപതാ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്. ഫൊറോനാ കമ്മിറ്റി വിളിച്ചുകൂട്ടി വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 6. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും മലബാർ കുടിയേറ്റ അനുസ്മരണ എക്സിബിഷനും

ഏപ്രിൽ 4-ാം തീയതി അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 13-ാം ചരമവാർഷികം ആചരിക്കുകയാണല്ലോ. അതിരൂപതയിലെ സൺഡേ സ്കൂളുകളുടെ നേതൃത്വത്തിൽ മിഷൻലീഗ്, കെ.സി.വൈ.എം, മാതൃവേദി etc. തുടങ്ങിയ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഏപ്രിൽ 4-ാം തീയതി **"മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടന"** ദിനമായി ആചരിക്കുകയാണ്. ഏപ്രിൽ 1 മുതൽ 4 വരെയുള്ള ദിവസങ്ങളിൽ ഫൊറോന അടിസ്ഥാനത്തിൽ അതിരൂപതയിലെ മുഴുവൻ സൺഡേ സ്കൂളുകളിലെയും 10-ാം ക്ലാസ്സിലെ കുട്ടികൾ ക്ലാസ്സ് അധ്യാപകരുടെ നേതൃത്വത്തിൽ വള്ളോപ്പിള്ളി പിതാവിന്റെ കബറിടത്തിങ്കലേക്ക് തീർത്ഥയാത്ര നടത്തുന്നു. മലബാർ കുടിയേറ്റത്തിന്റെ പ്രാധാന്യത്തെയും വള്ളോപ്പിള്ളി പിതാവിന്റെ സംഭാവനകളെയും പരിചയപ്പെടുത്തുന്ന വിവിധ കർമ്മപദ്ധതികളാണ് പ്രസ്തുത ദിനങ്ങളിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ തീർത്ഥാടനം വിജയമാക്കുന്നതിനുവേണ്ടി എല്ലാ ബഹു. വികാരിയച്ചന്മാരുടെയും വിശ്വാസപരിശീലകരുടെയും എല്ലാ ഭക്തസംഘടനകളുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**ക്രമീകരണങ്ങൾ**

1. ഏപ്രിൽ 1 മുതൽ 4 വരെയുള്ള തീയതികളിലാണ് തീർത്ഥാടനം സംഘടിപ്പിക്കുന്നത്.
2. എല്ലാദിവസവും രാവിലെ 9.30നും 11.30നും വി. ബലിയർപ്പണം ഉണ്ടായിരിക്കും. ഓരോ ഇടവകയും താഴെ പറഞ്ഞിരിക്കുന്ന ക്രമമനുസരിച്ച് ഫൊറോന അടിസ്ഥാനത്തിൽ വി. ബലിയിൽ പങ്കെടുക്കേണ്ടതാണ്.

| | | | |
|---|---|---|---|
| ഏപ്രിൽ 1 തിങ്കൾ | വി. കുർബ്ബാന | 9.30 | - പേരാവൂർ, തളിപ്പറമ്പ് |
| ഏപ്രിൽ 1 തിങ്കൾ | വി. കുർബ്ബാന | 11.30 | - എടൂർ, ചെമ്പന്തൊട്ടി |
| ഏപ്രിൽ 2 ചൊവ്വ | വി. കുർബ്ബാന | 9.30 | - ആലക്കോട്, വായാട്ടുപറമ്പ് |
| ഏപ്രിൽ 2 ചൊവ്വ | വി. കുർബ്ബാന | 11.30 | - വെള്ളരിക്കുണ്ട്, പനത്തടി |
| ഏപ്രിൽ 3 ബുധൻ | വി. കുർബ്ബാന | 9.30 | - പൈസക്കരി, ചെമ്പേരി |
| ഏപ്രിൽ 3 ബുധൻ | വി. കുർബ്ബാന | 11.30 | - ചെറുപുഴ, മേരിഗിരി |
| ഏപ്രിൽ 4 വ്യാഴം | വി. കുർബ്ബാന | 9.30 | - കുന്നോത്ത്, നെല്ലിക്കാംപൊയിൽ |
| ഏപ്രിൽ 4 വ്യാഴം | വി. കുർബ്ബാന | 11.30 | - തോമാപുരം, കാഞ്ഞങ്ങാട് |

3. രാവിലെ 9.30-ന്റെ വി. ബലിയിൽ പങ്കെടുക്കേണ്ട ഇടവകകൾ 9 മണിക്ക് മുമ്പായി കത്തീഡ്രൽ പള്ളിയുടെ മുമ്പിലെത്തി രജിസ്ട്രേഷൻ നടത്തണം. കുട്ടികൾക്ക് റിഫ്രഷ്മെന്റ് സൗകര്യങ്ങൾ സാൻ ജോസ് മെട്രോപോളിറ്റൻ സ്കൂളിലും മൈനർ സെമിനാരിയിലുമായി ക്രമീകരിക്കുന്നതാണ്. വി. ബലിക്കുശേഷം സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ സജ്ജീകരിച്ചിരിക്കുന്ന എക്സിബിഷൻ സെന്ററുകൾ സന്ദർശിക്കേണ്ടതാണ്.
4. 11.30ന്റെ വി. ബലിയർപ്പണത്തിൽ പങ്കെടുക്കേണ്ട ഇടവകകൾ രാവിലെ 9 മണിക്ക് മുമ്പായി സന്ദേശഭവനിലെത്തി രജിസ്ട്രേഷൻ നടത്തണം. റിഫ്രഷ്മെന്റ് സൗകര്യം സന്ദേശഭവനിൽ ക്രമീകരിക്കുന്നതാണ്. വി. ബലിക്കു മുമ്പായി ബിഷപ്പ്സ് ഹൗസിലെ മ്യൂസിയം, സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിലെ എക്സിബിഷൻ സെന്ററുകൾ എന്നിവ സന്ദർശിക്കേണ്ടതാണ്. തുടർന്ന് എല്ലാകുട്ടികളും 11.20ന് സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിന്റെ മുൻവശത്തായി ഒരുമിക്കേണ്ടതാണ്.
5. കുട്ടികൾക്ക് ഉച്ചഭക്ഷണം നല്കുന്നതായിരിക്കും. ഉച്ചഭക്ഷണം കഴിക്കാൻ മൈനർ സെമിനാരിയിൽ സ്ഥലം ക്രമീകരിക്കുന്നതാണ്.
6. ഉച്ചകഴിഞ്ഞ് 3 മണിയോടെ മടങ്ങിപോകാൻ കഴിയത്തക്കവിധമാണ് പ്രോഗ്രാം ക്രമീകരിച്ചിട്ടുള്ളത്.

## 7. സഭാവിജ്ഞാനീയ ക്വിസ്

അധ്യാപകർക്കു പഠിക്കാനുള്ള സഭയും സുവിശേഷവത്ക്കരണവും എന്ന പുസ്തകത്തെ ആസ്പദമാക്കിയുള്ള സഭാവിജ്ഞാനീയ ക്വിസ് ഏപ്രിൽ 13ന് തളിപ്പറമ്പ് ഇടവകയിൽ വച്ച് രാവിലെ 10 മണിക്ക് നടത്തുന്നു. പങ്കെടുക്കുന്നവർ ഓഫീസിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 8. അവധിക്കാല വേദപാഠം ഏപ്രിൽ 26-29

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 26ന് രാവിലെ 9.30 മുതൽ 29-ാം തീയതി ഉച്ചക്ക് 1 മണിവരെ സന്ദേശ ഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധ മായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടു വരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരേണ്ടതാണ്. ക്യാമ്പ് ഫീസ് 1000 രൂപയായിരിക്കും.

## 9. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്ക് ഉപരിപഠനാർത്ഥം ഏർപ്പെടുത്തിയി രിക്കുന്ന ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പിനുള്ള അപേക്ഷ ഏപ്രിൽ 10ന് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ഒരു ഇടവകയിൽനിന്ന് പരമാ വധി രണ്ട് അപേക്ഷകളേ സ്വീകരിക്കുകയുള്ളൂ. ആദ്യം ലഭിക്കുന്ന ഇരുപത് അപേക്ഷകളാണ് പരിഗണിക്കുന്നത്.

## 10. ജൂബിലി

മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും പേരും വീട്ടു പേരും ഫോട്ടോയും ഫോൺ നമ്പറും ഏപ്രിൽ 10ന് മുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 11. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേര് വിവരങ്ങൾ ഫോട്ടോ സഹിതം ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 10ന് മുമ്പായി ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

## 12. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസ പരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ പേര്

വിവരങ്ങൾ ഫോട്ടോ സഹിതം ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 10ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

### 13. ആമുഖസെമിനാർ മെയ് 1-4

നിലവിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന (ഇതുവരെയും ആമുഖ സെമിനാറിൽ പങ്കെടുക്കാൻ സാധിച്ചിട്ടില്ലാത്ത) വിശ്വാസപരിശീലകർക്കായി മെയ് 1 മുതൽ 4വരെയുള്ള തീയതികളിലായി ആമുഖസെമിനാർ സന്ദേശ ഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ മെയ് മാസം 1-ാം തീയതി ബുധനാഴ്ച്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 4-ാം തീയതി ശനിയാഴ്ച്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഫീസ് 1000 രൂപയായിരിക്കും സെമിനാറിൽ പങ്കെടുക്കുന്നവരുടെ എണ്ണം ഏപ്രിൽ 7-ന് മുമ്പായി ഓഫീസിൽ അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ 60-ൽ കുറവാണെങ്കിൽ സെമിനാർ നടത്തുന്നതല്ല.

### 14. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാ ധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാ ത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

### 15. WhatsApp Group

തലശ്ശേരി അതിരൂപതയിലെ ഫൊറോന പ്രസിഡന്റുമാർക്കും, ഫൊറോനകളിലെ പ്രധാനാധ്യാപകർക്കും വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭി ച്ചിട്ടുണ്ട്. ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അറിയി ക്കണേ. ഇടവകയിൽ നിങ്ങൾ ചെയ്യുന്ന വിശ്വാസപരിശീലനവുമായി ബന്ധ പ്പെട്ട കാര്യങ്ങൾ മാത്രമേ ഈ ഗ്രൂപ്പിൽ പങ്കുവയ്ക്കാവൂ.

### 16. സ്മാർട്ട് കാറ്റക്കിസം വെബ് പോർട്ടൽ

വിശ്വാസപരിശീലന ക്ലാസുകളും പാഠ്യപദ്ധതിയും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കുന്നതിനായി സ്മാർട്ട് കാറ്റക്കിസം പദ്ധതിയും വെബ് പോർട്ടലും സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ ആരംഭിച്ചിരിക്കുന്നു. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾ, പഠനസഹായികൾ, പവർ പോയിന്റ് പ്രസന്റേഷൻ, അനുബന്ധ പ്രവർത്തനങ്ങൾ etc. എന്നിവയുടെ ഡിജിറ്റൽ പതിപ്പുകൾ ഇനി www.smsmartcatechism.org എന്ന വെബ് പോർട്ടലിലൂടെ ലഭിക്കും. വിശദവിവരങ്ങൾ ഡിസംബർ മാസത്തെ ഗിരിദീപത്തിൽ ലഭ്യമാണ്.

## 17. വിവിധ കുടിശികകൾ

2018-2019 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 18. 2019 മതബോധന ഞായർ ജൂൺ 02

2019-20 അധ്യയന വർഷത്തെ സൺഡേസ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത് ജൂൺ 02 നായിരിക്കും.

## 19. നന്ദി, നല്ല അവധിക്കാലം

2018-2019 അധ്യയനവർഷം അനുഗ്രഹപ്രദമാക്കാൻ സഹായിച്ച ബഹു. വികാരിയച്ചന്മാർക്കും ഹെഡ്മാസ്റ്റർമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. അവധിക്കാലത്ത് കുട്ടികൾക്ക് ആത്മീയ ഉണർവു നല്കുന്ന പരിപാടികൾ നടത്താൻ ശ്രദ്ധിക്കുമല്ലോ. അടുത്ത വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ വിലവിവരപട്ടിക മെയ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. എല്ലാവർക്കും നല്ല അവധിക്കാലം ആശംസിക്കുന്നു.

## 20. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ പരപ്പ, ചായോത്ത്, ഉദയപുരം, കോടോത്ത്, തേർമല, തിരൂർ എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ ഏറ്റുപാറ, കണ്ണിവയൽ, നെല്ലിയടുക്കം, ഉളിക്കൽ എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

വലിയനോമ്പിന്റെ അവസാനദിനങ്ങളിലൂടെ കടന്നുപോകുമ്പോൾ ആത്മീയമായി കൂടുതൽ ഉണർവ്വും സന്തോഷവുമുള്ളവരായി തീരുവാൻ നമുക്ക് പരിശ്രമിക്കാം. കുടുംബത്തിലും യൂണിറ്റുകളിലും ഇടവകാ സമൂഹം മുഴുവനിലും ഒരു പുതുചൈതന്യം സംജാതമാകുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

### നസ്രാണികളുടെ ആചാരങ്ങളും പാരമ്പര്യങ്ങളും

കഴിഞ്ഞ മാസം അറിയിച്ചിരുന്നതുപോലെ നമ്മുടെ നല്ല പാരമ്പര്യങ്ങൾ മനസ്സിലാക്കി കാത്തുസൂക്ഷിക്കാൻ സഹായകമാകുന്ന 'നസ്രാണികളുടെ ആചാരങ്ങളും പാരമ്പര്യങ്ങളും' എന്ന ലഘുലേഖ ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. ഇടവകാ കോർഡിനേററർ യൂണിറ്റ് പ്രസിഡന്റുമാർ വഴി ഈ ലഘുലേഖ എല്ലാ കുടുംബങ്ങളിലും എത്തിക്കണം. ബഹു. വികാരിയച്ചന്മാർ ഇത് എല്ലാ കുടുംബങ്ങളിലും എത്തി എന്ന് ഉറപ്പുവരുത്തുകയും അവ വായിക്കുവാൻ എല്ലാവരെയും പ്രേരിപ്പിക്കുകയും ചെയ്യുമല്ലോ.

കൂട്ടായ്മകൾ കൂടുതൽ സജീവമാക്കുവാൻ നല്കിയിരിക്കുന്ന നിർദ്ദേശങ്ങളോട് (ഗിരിദീപം-മാർച്ച്) സഹകരിച്ചും ഭാരവാഹികളുടെയും ഇടവകാ വികാരിയുടെയും ഭാവനക്കനുസരിച്ചും ക്രിയാത്മകവും വ്യത്യസ്തങ്ങളുമായ പരിപാടികൾ ഓരോ മാസവും ആവിഷ്ക്കരിക്കുവാൻ പരിശ്രമിക്കുമല്ലോ. അങ്ങനെ വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുവാൻ ഇടയാകട്ടെ. അതിരൂപതാ മുഴുവനും നിറഞ്ഞുനിൽക്കുന്ന ഈ പുത്തൻ ചൈതന്യത്തിന് മങ്ങലേൽക്കാതെ കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനും സാധിക്കട്ടെ.

### സീറോമലബാർ കുടുംബ കൂട്ടായ്മ

മാർച്ച് 14-ന് മൗണ്ട് സെന്റ് തോമസ് കാക്കനാട് വെച്ചു നടന്ന സീറോമലബാർ കുടുംബകൂട്ടായ്മ കേന്ദ്ര കമ്മറ്റി മീറ്റിംഗിൽ FRUITS അതിരൂപതാ പ്രസിഡന്റ് ഡോ.എം. ജെ. മാത്യു മണ്ടപത്തിൽ പങ്കെടുത്തു. വിവിധ രൂപതകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും 2019 വർഷത്തെ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തു.

### പത്രോസ് കൺവെൻഷൻ

പനത്തടി, ചെറുപുഴ, തളിപ്പറമ്പ്, എടൂർ, നെല്ലിക്കാംപൊയിൽ, പേരാവൂർ എന്നീ ഫൊറോനകളിൽ 12 സോണുകളിലായി പത്രോസ് കൺവെൻഷനുകൾ നടത്തപ്പെട്ടു. 16 ഫൊറോനകളിലുമായി 35 കൺവെൻഷനുകൾ നടത്തുവാൻ സാധിച്ചു. ഈ പരിശീലന പരിപാടികൾക്ക് എല്ലാവിധ സഹായ സഹകരണങ്ങളും നല്കിയ വികാരിയച്ചന്മാരോട് പ്രത്യേകം നന്ദി പറയുന്നു.

## കുടുംബ കൂട്ടായ്മ വർഷം – 2019

സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് മാർച്ച് 24 ഞായറാഴ്ച 9 മണിക്ക് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് തലശ്ശേരി അതിരൂപതയിൽ 2019 മാർച്ച് 19 മുതൽ 2020 മാർച്ച് 18 വരെ കുടുംബ കൂട്ടായ്മ വർഷം നിലവിളക്ക് തെളിച്ച് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. തുടർന്ന് കൈ കോർക്കാം, ഒന്നിച്ച് വളരാം എന്ന ലോഗോ അടങ്ങിയ ഫലകം അനാഛാദനം ചെയ്യുകയും ചെയ്തു. കത്തിഡ്രൽ ഇടവകയിലെ 9 യൂണിറ്റുകളിൽ നിന്നുള്ള ഭാരവാഹികൾ യൂണിറ്റിനെ പ്രതിനിധീകരിച്ച് വിശുദ്ധന്റെ രൂപം, തിരി, പതാക തുടങ്ങിയവ കാഴ്ച സമർപ്പിച്ചു.

വി. കുർബാന മധ്യേ അഭിവന്ദ്യ പിതാവ് തന്റെ സന്ദേശത്തിലൂടെ കുടുംബ കൂട്ടായ്മയുടെ പ്രാധാന്യത്തെപ്പറ്റി ഊന്നിപ്പറഞ്ഞു. നമ്മുടെ കൂട്ടായ്മയുടെ മുദ്രാവാക്യം – കൈകോർക്കാം ഒന്നിച്ച് വളരാം – കൈ കോർക്കൽ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമാണെന്നും, കൂട്ടായ്മയിലൂടെ നാം മുന്നിൽ കാണുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കണമെന്നും ഓർമ്മിപ്പിച്ചു. അതായത് വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും നല്ല ബന്ധം വളർത്തിയെടുത്ത് നമ്മുടെ സ്നേഹവും സമ്പത്തും അറിവും എല്ലാം പങ്കുവയ്ക്കുന്ന ഒരു സമൂഹമായി നാം മാറണം. വിശ്വാസത്തിൽ ആഴപ്പെട്ട് സഭാത്മക ചിന്തയിൽ നാം വളർന്നു വരണം. നല്ല നേതാക്കന്മാരെ വളർത്തിയെടുക്കണം. 2017 നവംബർ മാസത്തെ അസംബ്ലിയിൽ നാം എടുത്ത തീരുമാനം ഈ കുടുംബ കൂട്ടായ്മ വർഷത്തിലൂടെ നടപ്പിൽ വരികയാണ്. അതിരൂപതയിലെ എല്ലാ ഇടവകകളെയും ചെറിയ യൂണിറ്റുകളായി നാം തിരിച്ചു. 200 ഇടവകകളിൽ നിന്നായി 3320 യൂണിറ്റുകൾ. ഓരോ യൂണിറ്റിൽ നിന്നും 5 ഭാരവാഹികളെ തെരഞ്ഞെടുത്ത് 16000 ൽ അധികം നേതാക്കന്മാരെ കടുംബ യൂണിറ്റ് ശാക്തീകരണത്തിനായി നേതൃത്വനിരയിലേക്ക് നാം കൊണ്ടുവന്നിരിക്കുകയാണ്. ഈ കൂട്ടായ്മയുടെ മൂന്ന് ഭാഗങ്ങളും – പ്രാർത്ഥന, ചർച്ച, ഭക്ഷണം – വളരെ പ്രധാനപ്പെട്ടതാണ്. ഇവയിലെല്ലാം സജീവമായും ആത്മാർത്ഥമായും പങ്കെടുത്തുകൊണ്ട് കൂട്ടായ്മയെ ശക്തിപ്പെടുത്തുവാൻ നാം ഒന്നു ചേർന്ന് പരിശ്രമിക്കണമെന്നും പിതാവ് ഓർമിപ്പിച്ചു.

കുടുംബ കൂട്ടായ്മ വർഷം ഉദ്ഘാടനം ചെയ്ത അഭിവന്ദ്യ പിതാവിനും ഓരോ ഇടവകയിലും കൂട്ടായ്മാ വർഷാരംഭം ഭക്തിസാന്ദ്രമായും ഭംഗിയായും നടത്തിയ എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും സിസ്റ്റേഴ്സ്, കോർഡിനേറ്റേഴ്സ്, യൂണിറ്റ് ഭാരവാഹികൾ തുടങ്ങി എല്ലാവർക്കും സ്നേഹനിർഭരമായ നന്ദി. എല്ലാവർക്കും അനുഗ്രഹദായകമായ ഒരു ഉയിർപ്പുതിരുനാൾ ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**

ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലൂമെൻ എക്ലേസിയ ഹീബ്രു ക്ലാസ്സ്

ഫൊറോന സെന്ററുകളിൽ നടത്തിയിരുന്ന ല്യൂമെൻ എക്ലേസിയ ക്ലാസ്സ് പ്രത്യേക സാഹചര്യത്തിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ഹീബ്രു ഭാഷ പഠിക്കേണ്ടതുകൊണ്ടും മാർച്ച് 31-ാം തീയതി വിശ്വാസോത്സവം ആരംഭിക്കുന്നതുകൊണ്ടും ഈ ഒരു പ്രാവശ്യം മാത്രം ഏപ്രിൽ 13 ാം തീയതി രണ്ടാംശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ തലശ്ശേരിയിൽ വച്ച് നടത്തുന്നു. രാവിലെ എത്തിച്ചേരാൻ സാധിക്കാത്തവർക്കായി ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരെയും ഇതേ വിഷയങ്ങളടങ്ങുന്ന ക്ലാസ്സുകൾ നൽകുന്നു.

ഏപിൽ 13-ാം തീയതി ക്ലാസ്സിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കായി 13-15 തീയതികളിലെ റസിഡൻഷ്യൽ ക്ലാസ്സിൽ പങ്കെടുക്കാം.

**വിഷയങ്ങൾ**

ഹീബ്രു ഭാഷാപഠനം

ഭാരതസഭയും സുവിശേഷവത്ക്കരണവും

## 2. BTh Convocation Dubai

ദുബായിലും ഷാർജയിലുമുള്ള 2016 ബാച്ചിലെ ബിരുദ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ദുബായ് സെന്റ് മേരീസ് പള്ളിയിൽ വച്ച് മാർച്ച് 30 ന് നടത്തപ്പെടുന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് 40 വിദ്യാർത്ഥികൾക്ക് ചടങ്ങിൽവച്ച് ബിരുദദാനം നടത്തുന്നതാണ്.

**Rank List**

Dubai

| | | |
|---|---|---|
| Ist | : | Rincy Babu (BT-21075-D16) |
| IInd | : | Reena Thomas (BT-21056-D16) |
| IIIrd | : | Sheeba Simon (BT-21176-D16) |

Sharjah

| | | |
|---|---|---|
| Ist | : | Joseph Chacko (BT-21153-S16) |
| IInd | : | Christi Sebastian (BT-21146-S16) |
| IIIrd | : | Sheeba Antony (BT-21161-S16) |

## 3. ത്രിദിന ക്ലാസ്സ്: തലശ്ശേരി

2018 – 2019 വർഷത്തിലെ ആദ്യ രണ്ടു സെമസ്റ്ററുകളിലെ എല്ലാ വിഷയങ്ങളും (BTh, MTh, IMA) ഉൾക്കൊള്ളിച്ചുള്ള ത്രിദിന ക്ലാസ്സ് തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് മെയ് 13,14,15 തീയതികളിൽ രാവിലെ 9.30 മുതൽ നടത്തപ്പെടുന്നു. അതാതു സെന്ററുകളിൽ ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കും പുതുതായി രജിസ്ട്രേഷൻ നടത്തിയ വിദ്യാർത്ഥികൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർ മെയ് 1 നകം പേർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**വിഷയങ്ങൾ**

**BTh**

1. Introduction to Theology
2. Theology of other Religion
3. Morality of Life
4. Wisdom Literature
5. Book of Revelation
6. On the ways of Prophets
7. The Universal Letters: Exegetical Studies
8. Indian Church History
9. Hebrew – Biblical Language

**MTh**

1. Greek II
2. Historical Approaches in the Bible
3. New Trends in Hermeneutics
4. Veritatis Splendor
5. Business Ethics
6. Media Ethics
7. Theology of Eucharist
8. Latin language

## 4. ലോഗോസ് പഠന സഹായി

ഈ വർഷത്തെ ലോഗോസ് ക്ലാസ്സിനോടനുബന്ധിച്ച് ബൈബിൾ അപ്പൊസ്റ്റോലേറ്റ് ഒരു ലോഗോസ് പഠന സഹായി പ്രസിദ്ധീകരിക്കുന്നുണ്ട് പഠന സഹായി വേണ്ട ഇടവകകളും വ്യക്തികളും മെയ് 1 നകം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## 5. Alpha Institite of Foregin Language AIFL

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാൻഗ്വേജസ് (ഐഫൽ) എന്ന സ്ഥാപനം അഭിവന്ദ്യ മാർ

ജോർജ്ജ് ഞറളക്കാട്ട് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. വളരെയധികം ജോലി സാധ്യതകൾ ജർമ്മൻ ഭാഷാ പഠനത്തിലൂടെ വിദ്യാർത്ഥികൾക്കും ജോലിചെയ്യുന്നവർക്കും തുറന്നുകിട്ടുവാൻ സാധ്യതയുണ്ടെന്ന് ഓസ്ട്രിയയിൽനിന്ന് വന്ന ശ്രീ. മാത്യൂസ് കിഴക്കേക്കര വിശദീകരിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഐഫലിന്റെ ലക്ഷ്യത്തെക്കുറിച്ചും സാധ്യതകളെക്കുറിച്ചും സംസാരിച്ചുകൊണ്ട് പ്രൗഢഗംഭീരമായ വേദിയെ സ്വാഗതം ചെയ്തു. ഉദ്ഘാടന ചടങ്ങിൽ മോൺ. അലക്സ് താരാമംഗലം, ഫാ. തോമസ് തയ്യിൽ എന്നിവർ ആശംസകളർപ്പിച്ചു. ജർമ്മൻ ഭാഷാ പണ്ഡിതനായ ഡോ. ഫിലിപ്പ് കവിയിൽ ജർമ്മൻ ഭാഷയുടെ ഡൈനാമിക്സും കോഴ്സ് നടത്തിപ്പിനെക്കുറിച്ചും വിശദീകരിച്ചു. ആൽഫയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസഫ് കാക്കരമറ്റത്തിൽ യോഗത്തിൽ നന്ദിയർപ്പിച്ച് സംസാരിച്ചു.

## പുതിയ ബാച്ചിന്റെ ആരംഭം

**AIFL - ജർമ്മൻ ഭാഷാ പഠനം**

പുതിയ ബാച്ചിന്റെ **(A1) ക്ലാസ്സ്**

ഏപ്രിൽ 22 ന് ആരംഭിക്കുന്നു

അന്വേഷണങ്ങൾക്ക് 04902344727, 8086312826

## 6. പ്രബന്ധ സമർപ്പണം

2018-2019 അക്കാദമിക് വർഷത്തിൽ MTH + IMA തീർക്കുന്ന വിദ്യാർത്ഥികൾ ജൂലൈ 15 ന് മുൻപ് അവരുടെ പ്രബന്ധം എഴുതി സമർപ്പിക്കേണ്ടതാണ്. അതിന് മുൻപ് സ്കേമ (Schema) സമർപ്പിക്കുകയും റിസേർച്ച് ഗൈഡിന്റെ സഹായം തേടുകയും ചെയ്യേണ്ടതാണ്.

## 7. പുതിയ ദൈവശാസ്ത്ര പഠന സെന്റർ

CMC സന്യാസിനി സമൂഹത്തിന്റെ കോതമംഗലം പാവനാത്മ പ്രൊവിൻസിന്റെ നേതൃത്തിൽ പുതിയ സെന്റർ ദൈവശാസ്ത്ര പഠന കോഴ്സ് ആരംഭിച്ചു. 60 ദൈവശാസ്ത്ര വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത് പഠനം ആരംഭിച്ചിരിക്കുന്നു.

## 8. കോൺടാക്ട് ക്ലാസ്സുകൾ

മാർച്ച് 30 - ഇടുക്കി

മാർച്ച് 31 - മണ്ണംപേട്ടാ

മാർച്ച് 31 - ബാംഗ്ലൂർ (ബാബൂസാ പാളയം)

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, മിഷനറിമാരെ,

ഗൗരവപൂർണ്ണമായ പഠനങ്ങൾക്കും, പരീക്ഷകൾക്കും ശേഷം ഉല്ലാസ കരമായ അവധിക്കാലത്തിന്റെ സന്തോഷത്തിലാണല്ലോ കൊച്ചുകൂട്ടുകാരെല്ലാവരും. കളികളും ചിരികളും പഠനങ്ങളും ഒക്കെയായി ഈ അവധിക്കാലം ആഘോഷിക്കുന്നതോടൊപ്പം സാധിക്കുന്ന ദിവസങ്ങളിലെല്ലാം വി. കുർബാനയിൽ സജീവമായി പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. നോമ്പുകാല ചൈതന്യം ജീവിതത്തിൽ സ്വന്തമാക്കി ഉത്ഥാന മഹത്വം ആഘോഷിക്കുവാൻ നമുക്ക് ഒരുങ്ങാം. മരണത്തെ ജയിച്ച് മഹത്ത്വപൂർണ്ണനായി ഉത്ഥാനം ചെയ്ത നമ്മുടെ കർത്താവിന്റെ ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും നല്ലൊരു അവധിക്കാലവും എല്ലാ കൂട്ടുകാർക്കും ആശംസിക്കുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ഉയിർപ്പ് തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ഗീവർഗീസ് |
| പ്രാർത്ഥനാ നിയോഗം | : ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾക്കായി |
| വചനഭേരി | : പ്രഭാഷകൻ 44-47 അധ്യായങ്ങൾ മനഃപാഠമാക്കുക |
| സുകൃതം | : 71 സ്വർഗ്ഗലോക രാജ്ഞി. |
| ദിയാക്കോണിയ | : കുടിയേറ്റ അനുസ്മരണം |

**ശാഖകൾ ശ്രദ്ധിക്കാൻ**

04 വ്യാഴം : മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 13-ാം ചരമവാർഷികം

08-12 : ക്രിസ്റ്റീൻ ധ്യാനം മദർഹോമിൽ വെച്ച്

13 ശനി : വചനഭേരി മെഗാക്വിസ് മത്സരം തളിപ്പറമ്പിൽ വെച്ച്

21 ഞായർ : ഈസ്റ്റർ

23-26 : MTC ക്യാമ്പ് താബോറിൽ വെച്ച്

24 ബുധൻ : വി. ഗീവർഗീസ് സഹദായുടെ തിരുനാൾ

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, ദൈവവിളി ക്യാമ്പുകൾ, ക്രിസ്റ്റീൻ ധ്യാനങ്ങൾ, ഭവനസന്ദർശനങ്ങൾ, സെമിനാറുകൾ, അഗതിമന്ദിര സന്ദർശനം...

## എം.ടി.സി. ക്യാമ്പും തീർത്ഥാടനവും

ഈ വർഷത്തെ അതിരൂപതാതല എം.ടി.സി. ക്യാമ്പ് ഏപ്രിൽ 23-ാം തിയതി വൈകുന്നേരം 4 മണിമുതൽ താബോർ ശാഖയിൽവച്ച് ആരംഭിക്കും മേഖലാതല ക്യാമ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾ അതിരൂപതാ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. 26-ാം തിയതി രാവിലെ 10 മണിക്ക് ക്യാമ്പ് സമാപിക്കും. ക്യാമ്പിൽ നിന്നും സെലക്ഷൻ ലഭിക്കുന്ന കുട്ടികൾക്കായി ഏപ്രിൽ 29 മുതൽ മെയ് 6വരെ അദിലാബാദ് മിഷനിലേക്ക് തീർത്ഥാടനവും ഉണ്ടായിരിക്കും. ക്യാമ്പിന് ഒരു കുട്ടിക്ക് 100 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും.

## അഭിവന്ദ്യപിതാക്കന്മാരുടെ ഫീസ്റ്റ്

ഏപ്രിൽ 24ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട്, മാർ ജോർജ് വലിയമറ്റം എന്നീ പിതാക്കന്മാർക്കു വേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോണിൽ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## ഏയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന കുട്ടികളുടെ സംഗമമായ ഏയ്ഞ്ചൽസ് മീറ്റ് മേഖലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഏയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ആവശ്യമുള്ള എണ്ണം എത്രയും വേഗം ഓഫീസിൽ അറിയിക്കേണ്ടതാണ്.

## ശാഖാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻ ലീഗിന്റെ 2019-20 വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ചുള്ള ദിവസങ്ങളിൽ നടത്തി ഏപ്രിൽ 30ന് മുമ്പ് ലിസ്റ്റ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## മേഖലാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2019 -2021 വർഷത്തേക്കുള്ള മേഖലാഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഏപ്രിൽ മാസത്തിൽ നടത്തി ലിസ്റ്റ് എത്രയും പെട്ടെന്ന് ഓഫിസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. മേഖലാ ഇലക്ഷൻ അതിരൂപതാഭാരവാഹികളുടെ സാന്നിധ്യത്തിൽ ആണ് നടത്തേണ്ടത്. മേഖലാ ഇലക്ഷൻ നടത്തുന്ന തിയതി നേരത്തെതന്നെ അതിരൂപതാ ഓഫിസിൽ അറിയിക്കേണ്ടതാണ്.

## വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2018-19 പ്രവർത്തനവർഷം അവസാനിക്കുന്നതിനാൽ മിഷൻലീഗിന്റെയും, തിരുബാലസഖ്യത്തിന്റെയും ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കിവയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കണമെന്നും ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം ശാഖാ വാർഷിക റിപ്പോർട്ടിന്റെ 2 കോപ്പി മെയ് 15ന് ഉള്ളിൽ അവരുടെ മേഖലകളിൽ എത്തിക്കണമെന്നും മേഖലാ ടീം അവരുടെ നേതൃത്വത്തിൽ മേഖലകളുടെ കീഴിലുള്ള എല്ലാ ശാഖകളുടെയും വാർഷിക റിപ്പോർട്ടിന്റെ ഒരു കോപ്പി അതിരൂപതയിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒരു ശാഖയും നേരിട്ട് വാർഷിക റിപ്പോർട്ടിന്റെ കോപ്പി അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. വാർഷിക റിപ്പോർട്ടിന്റെ കോപ്പി മേഖലയ്ക്ക് കൊടുക്കുമ്പോൾ ഡയറക്ടർ അച്ചന്റെ ഒപ്പ്, സീൽ എന്നിവ ഉണ്ടായിരിക്കണം എന്ന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ.

## ക്രിസ്റ്റീൻ ധ്യാനം

5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മിഷൻലീഗിന്റെയും ക്രിസ്റ്റിൻ ടീമിന്റെയും മദർഹോം ടീമിന്റെയും നേതൃത്വത്തിൽ ഏപ്രിൽ 8-12 വരെ പരിയാരം മദർഹോമിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക.
ഫോൺ നമ്പർ :- 9446567101.

## വചനഭേരി മെഗാക്വിസ്

വചനഭേരി മെഗാക്വിസ് അതിരൂപതാതല മത്സരം ഏപ്രിൽ 13 ശനിയാഴ്ച രാവിലെ 10 മണിക്ക് നടത്തും എന്നാണ് അറിയിച്ചിരുന്നത്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഉച്ചയ്ക്ക് 1 മണിക്ക് മാത്രമേ തളിപ്പറമ്പ് ഫൊറോന ഓഡിറ്റോറിയത്തിൽ വച്ച് മത്സരം നടത്തപ്പെടുകയുള്ളൂ. മേഖലകളിൽ മത്സരം നടത്തി ഏപ്രിൽ 10ന് മുമ്പ് ഒന്നാം സ്ഥാനം കിട്ടുന്ന ടീമിന്റെ പേരുകൾ അതിരൂപതയിൽ അറിയിക്കുമല്ലോ. വചനഭേരി മെഗാക്വിസ് നിബന്ധനകൾക്ക് ഫെബ്രുവരി മാസത്തെ ഗിരിദീപം കാണുക.

## ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തീർത്ഥാടനവും കുടിയേറ്റ അനുസ്മരണവും

തലശ്ശേരി അതിരൂപത പ്രഥമ മെത്രാൻ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമദിനത്തോടനുബന്ധിച്ച് അതിരൂപതയിലെ 10-ംക്ലാസ്സ് വിദ്യാർത്ഥികൾക്കായി തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് സംഘടിപ്പിച്ചിരിക്കുന്ന തീർത്ഥാടനത്തിൽ പങ്കെടുക്കുന്ന എല്ലാ പ്രിയപ്പെട്ട കൂട്ടുകാർക്കും സ്വാഗതം. ബഹു. ശാഖാ ഡയറക്ടറും, വൈസ് ഡയറക്ടർ സിസ്റ്റേഴ്സും പ്രത്യേക താത്പര്യമെടുക്കുമല്ലോ.

## ദിയാക്കോണിയ

ഈ മാസം ശാഖാതലത്തിൽ ചെയ്യേണ്ടവ :-

1. മാർ വള്ളോപ്പിള്ളി തീർത്ഥാടനം - 10-ാം ക്ലാസ്സിൽ വേദപാഠം പഠിക്കുന്ന എല്ലാ കുട്ടികളെയും രൂപതാതലത്തിൽ ഒന്നിച്ചുകൂട്ടുന്നു.
2. പിതാവിനോടൊപ്പം ഏപ്രിൽ 4 ന് ഇടവകാതലത്തിൽ വള്ളോപ്പിള്ളി അനുസ്മരണ പ്രാർത്ഥനയും സെമിനാറും നടത്തുന്നു.

## നല്ലിടയൻ പദ്ധതി

നല്ലിടയൻ പദ്ധതിയിലൂടെ ഭാഗമായി ചെറുപുഴ മേഖല ചൂരപ്പടവ് ശാഖയിലെ എബിൻ വരിക്കമാംതടത്തിലിനും വായാട്ടുപറമ്പ് മേഖല വിജയപുരം ശാഖയിലെ മനോജ് പായിക്കാട്ടിനും നെല്ലിക്കാംപൊയിൽ മേഖല കാലാങ്കി ശാഖയിലെ ഷാജി പുത്തൻപുരയ്ക്കലിനും ആടിനെ നല്കി. ചെറുപുഴ, വായാട്ടുപറമ്പ്, നെല്ലിക്കാംപൊയിൽ മേഖലകൾക്ക് അഭിനന്ദനങ്ങൾ.

## ഉണ്ണിശോയ്ക്കൊരു കട്ടിൽ

അദീലാബാദിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശാഖകൾക്കും സുമനസ്സുകൾക്കും ഒരായിരം നന്ദി. തലശ്ശേരി കത്തീഡ്രൽ, തയ്യേനി, ചൂരപ്പടവ്, തോമാപുരം മേഖല, കാഞ്ഞിരക്കൊല്ലി, വെളിമാനം, എടൂർ മേഖല, അറബി എന്നീ ശാഖകൾക്ക് അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.

**കൈയ്യെഴുത്ത് മാസിക വിജയികൾ**

I പൈസക്കരി -വിത്ത്

II വെള്ളക്കരിക്കുണ്ട് - Hoplite

III തയ്യേനി - ജ്വാല

## ദൈവവിളി ക്യാമ്പ്

വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 8 മുതൽ11 വരെ വിവിധ സെന്ററുകളിൽ വെച്ച് നടക്കുന്ന ദൈവവിളി ക്യാമ്പിലേയ്ക്ക് കുട്ടികളെ പറഞ്ഞയ്ക്കുവാൻ വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ.

## തിരുസന്നിധിയിൽ - ആരാധന

ചെറുപുഷ്പ മിഷൻ ലീഗിന്റെയും സൺഡേസ്കൂളിന്റെയും നേതൃത്വത്തിൽ കുട്ടികളുടെ ആരാധന ഷൂട്ട് ചെയ്യാൻ ശാലോം ടി.വി. ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് നാല്പതു മിനിറ്റ് ദൈർഘ്യമുള്ള കുട്ടികൾ തന്നെ നേതൃത്വം വഹിക്കുന്ന ആരാധന ഓരോ ശാഖയും നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. അതിരൂപതയിലെ പല റീജണുകളിലായിട്ടാണ് ഷൂട്ടിങ്ങ് നടത്തുക. ഏതൊക്കെ ശാഖകൾ ആണ് തയ്യാറുള്ളത് എന്ന് നേരത്തെ അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ. ആരാധന നയിക്കുന്നതിനുള്ള

പ്രാക്ടീസ് സിസ്റ്റേഴ്സിന്റെയും അധ്യാപകരുടെയും നേതൃത്വത്തിൽ നല്കു മല്ലോ. ഷൂട്ടിങ്ങിനായിട്ടുള്ള ചിലവ് കുട്ടികളെ ഷൂട്ടിങ് സ്ഥലത്ത് എത്തിക്കു ന്നതിനും വാഹനത്തിന്റെയും ഭക്ഷണത്തിന്റെയും ചിലവും മാത്രമായിരിക്കും.

## സെമിനാറുകൾ, ക്ലാസ്സുകൾ

3-3-19ന് ഏറ്റുപാറ ശാഖയിൽ അതിരൂപതാ ഡയറക്ടർ ദൈവവിളി സെമി നാർ നടത്തി. 17-3-19ന് ഇരിട്ടി ശാഖയിൽ അതിരൂപതാ പ്രസിഡന്റ് ബേബി പ്ലാശ്ശേരി കുട്ടികൾക്ക് ക്ലാസ്സ് എടുത്തു. 24-3-19 ന് നെല്ലിക്കാംപൊയിൽ മേഖല ഉളിക്കൽ ശാഖയിൽ അതിരൂപതാ ഡയറക്ടർ സെമിനാർ നടത്തി.

## ശാഖാ സന്ദർശനങ്ങൾ

24.2.19 ഞായർ: അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കു ന്നേൽ ആനപ്പന്തി ശാഖയും 17.3.19 ഞായറാഴ്ച നെല്ലിയടുക്കം ശാഖയും സന്ദർശിച്ചു.

## മേഖലാ സന്ദർശനങ്ങൾ

23-2-19ന് നെല്ലിക്കാംപോയിൽ മേഖല സന്ദർശിച്ചു. മോളി ഇല്ലിക്കൽ ബേബി പ്ലാശ്ശേരി, ജെയ്സൺ പുളിച്ചമാക്കൽ. 2-3-19ന് പനത്തടി, കാഞ്ഞ ങ്ങാട്, മേരിഗിരി, മേഖലകൾ സന്ദർശിച്ചു. റ്റോണി ഇരുപ്പക്കാട്ട്, ബിജു കൊ ച്ചുപൂവക്കോട്, ബിജു മണ്ണനാൽ. 9-3-19ന് ആലക്കോട് മേഖല സന്ദർശിച്ചു. മാണി കണിയാരോലിക്കൽ, ബിജു മണ്ണനാൽ. 10-3-19ന് തളിപ്പറമ്പ് മേഖല സന്ദർശിച്ചു. സുനിൽ കല്ലിടുക്കിൽ, മേരി കരിയിലക്കാവുങ്കൽ, മാണി കണി യാരോലിക്കൽ. 11-3-19ന് ചെമ്പേരി മേഖല സന്ദർശിച്ചു. സുനിൽ കല്ലിടുക്കിൽ, മാണി കണിയാരോലിക്കൽ. 17-3-19ന് വായാട്ട്പറമ്പ് മേഖലസന്ദർശിച്ചു. ബേബി സാർ, ജെസ്സി ടീച്ചർ.

## മാതൃവേദി അംഗങ്ങളെ ആദരിച്ചു

വനിതാദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 9-ാം തിയതി ശനിയാഴ്ച രാവിലെ സന്ദേശഭവനിൽ വെച്ച് തലശ്ശേരി അതിരൂപതാ മാതൃവേദി നേതൃത്വ നിരയിൽ പ്രവർത്തിക്കുന്നവരെ ചെറുപുഷ്പ മിഷൻ ലീഗ് ആദരിച്ചു. പ്രസ്തുത മീറ്റിംഗിൽ ഫാ. ജോസഫ് വേങ്ങക്കുന്നേൽ ഷോൾ അണിയിച്ച് അമ്മമാരെ ആദരിച്ചു. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ചെറുപുഷ്പ മിഷൻ ലീഗിന്റെ ഉപഹാരമായി ബാഡ്ജ് സമ്മാനിച്ചു. സി. റോഷ്നി എഫ്.സി.സി., സി. ജീസ്, ബ്രദർ സച്ചിൻ എന്നിവർ മീറ്റിംഗിന് നേതൃത്വം നൽകി.

## മേഖലാ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻ ലീഗ്-തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി മാർച്ച് 4-ാം തിയതി ഉച്ചയ്ക്ക് 1.30ന് തളിപ്പറമ്പ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് മേഖല ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് എന്നിവരുടെ സംഗമം

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുമക്കളേ,

ഒരു അധ്യയനവർഷത്തെ പഠനവും പരീക്ഷയുമൊക്കെ കഴിഞ്ഞ് അവധിക്കാലം ആഘോഷിക്കുവാനായി തയ്യാറെടുക്കുമ്പോൾ ഈശോയെപ്പോലെ എല്ലാവരെ സ്നേഹിക്കാൻ, എല്ലാവർക്കും നന്മചെയ്യാൻ, അങ്ങനെ വിശുദ്ധിയിൽ വളരാൻ ഈശോയുടെ കൊച്ചുകൂട്ടുകാർ നിരന്തരം പരിശ്രമിക്കുമല്ലോ. ഈ ഒരു വർഷം നമ്മൾ പരിശീലിച്ച ബാലനായ ഈശോയുടെ വ്യക്തിജീവിതത്തിലുണ്ടായിരുന്ന ഗുണങ്ങൾ സ്വന്തമാക്കിക്കൊണ്ട് ആത്മീയതയുടെ

---

നടന്നു. 14 ഫൊറോനകളിലും നിന്നുമായി 28 പേർ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും പ്രത്യേക നന്ദി

## അഭിനന്ദനങ്ങൾ

മാർച്ച് 23 ന് ഭരണങ്ങാനത്ത് വച്ച് നടന്ന ദേശീയ മാനേജിംഗ് കമ്മിറ്റിയിലും തുടർന്ന് നടന്ന തിരഞ്ഞെടുപ്പിലും ദേശീയ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് അതിരൂപതാ എക്സിക്യൂട്ടീവ് അംഗമായ ശ്രീമതി ഏലിക്കുട്ടി എടാട്ട് തിരഞ്ഞെടുക്കപ്പെട്ടു. ചെറുപുഷ്പ മിഷൻ ലീഗിന്റെ ദേശീയ-സംസ്ഥാന-രൂപത-മേഖല-ശാഖ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഏലിക്കുട്ടി ചേച്ചിക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനാപൂർവ്വകമായ ആശംസകളും.

## ദി ലീഡർ (നേതൃത്വപരിശീലന ശില്പശാല)

2018 മെയ് 8-11 വരെ തലശ്ശേരി സന്ദേശഭവനിലും മെയ് 15-18 വരെ പടന്നക്കാട് പാസ്റ്ററൽ സെന്ററിലും വെച്ച് ആറാം ക്ലാസ്സ് മുതൽ പത്താംക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്കായി സാൻജോസ് അക്കാഡമിയും ചെറുപുഷ്പ മിഷൻലീഗും ചേർന്ന് നേതൃത്വ പരിശീലന ശില്പശാല നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 900 രൂപ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെക്കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുവാൻ ശ്രദ്ധിക്കുമല്ലോ.

സാൻജോസ് അക്കാഡമി ഫോൺ : 9496850441, 8281750777
മിഷൻലീഗ് ഓഫീസ് ഫോൺ : 8281255847, 9496900845

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

പടവുകൾ ചവിട്ടിക്കയറുമ്പോൾ കൂട്ടുകാർ മറക്കരുതേ.... കൊച്ചുകൂട്ടുകാർക്കെല്ലാവർക്കും സന്തോഷപ്രദമായ അവധിക്കാലവും ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

## അഭിവന്ദ്യപിതാക്കന്മാരുടെ തിരുനാൾ

ഏപ്രിൽ 24ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യപിതാക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺവിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## ഈശോയെപ്പോലെ വളരാം .....വലുതാകാം..... Vol.1

തിരുബാലസഖ്യം കുട്ടികൾക്കായി ഈശോയെപ്പോലെ വളരാം...വലുതാകാം... എന്ന വർക്ക് ബുക്കിന്റെ ഒന്നാം ഭാഗം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖ ഈ വർക്ക് ബുക്കിന്റെ തുടർച്ചയായാണ് നൽകിയിരിക്കുന്നത്. 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേദപാഠ ബുക്കിന്റെ കൂടെ ഈ വർക്കുകൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം വേദപാഠപുസ്തകങ്ങൾക്ക് ഓർഡർ ചെയ്യുമ്പോൾ തന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

## തിരുബാലസഖ്യ കുട്ടികളുടെ പ്രോഗ്രാം (എയ്ഞ്ചൽസ് ഫെസ്റ്റ്)

തിരുബാലസഖ്യം കുട്ടികളുടെ വിശ്വാസപരിശീലന വർക്ക്ബുക്കിനെ ആധാരമാക്കി കഥ, കവിത, ആക്ഷൻസോങ്ങ്, സ്കിറ്റ്, ഡാൻസ്, പ്രസംഗം എന്നീ പ്രോഗ്രാമുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 30 മിനിറ്റ് സമയം എടുത്തുകൊണ്ട് ശാലോം ടിവിയിൽ പ്രോഗ്രാം നടത്തുന്നു. ഈ പ്രോഗ്രാം നടത്താൻ താൽപ്പര്യമുള്ളവർ അതിരൂപതാ ഓഫീസിൽ അറിയിക്കുമല്ലോ. മെയ് മാസം അവസാനമോ, ജൂൺ മാസം ആദ്യമോ ആയിരിക്കും ഷൂട്ടിങ്ങ് നടത്തുന്നത്.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

## അഭിനന്ദനങ്ങൾ



സി. വന്ദന റോസ് എംഎസ്എംഐ ആസാം ഡോൺബോസ്കോ യൂണിവേഴ്സിറ്റിയിൽ നിന്നും ലൈഫ് സ്കിൽസ് ഇൻ എഡ്യുക്കേഷൻ എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടി. അഭിനന്ദനങ്ങൾ!

# യുവജനശുശ്രൂഷ

## യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം തിരുസഭയോടൊപ്പം സമൂഹത്തോടൊപ്പം

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,
യുവജനപ്രേഷിതത്വം

## യുവജന വർഷത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടം

കെ സി വൈ എം തലശ്ശേരി അതിരൂപതയെ സംബന്ധിച്ചിടത്തോളം 2018 യുവജന വർഷം അഭിമാനത്തിന്റെയും ആത്മാർപ്പണത്തിന്റെയും വർഷമായിരുന്നു. യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം തിരുസഭയോടൊപ്പം സമൂഹത്തോടൊപ്പം എന്ന ആപ്തവാക്യവു മായി ആരംഭിച്ച കർമ്മപരിപാടികൾക്ക് തിരശ്ശീലവീഴുമ്പോൾ കൂട്ടായ്മയുടെയും സഹകരണത്തിന്റെയും ത്യാഗത്തിന്റെയും വഴിയിലൂടെ മുന്നേറുവാൻ അനുഗ്രഹം നൽകിയ സർവ്വശക്തനായ ദൈവത്തിന് നമുക്ക് നന്ദി പറയാം. ഈ വർഷത്തെ നിരവധി കർമ്മപരിപാടികൾകൊണ്ട് കെ സി വൈ എം തലശ്ശേരി അതിരൂപത സംഘടനാ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. മാർച്ച് 18 ന് പടനക്കാട് നല്ലിടയൻ ദൈവാലയത്തിൽ വച്ച് തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട് ഭദ്രദീപം തെളിച്ച് ഉദ്ഘാടനംചെയ്ത യുവജന വർഷം പിന്നിട്ട വഴികൾ.

* ഇടവകാ യുവജന നേതൃത്വങ്ങൾക്കുവേണ്ടി 16 ഫൊറോനയിലും നടത്തിയ ഫൊറോന അസംബ്ലികൾ.
* നേഴ്സസ് മീറ്റ്
* സ്പന്ദനം ഇ- മാഗസിൻ - ഡിജിറ്റൽ ന്യൂസ് ലെറ്റർ.
* സത്യമറിയാൻ പുസ്തകം- യുവജന സംശയങ്ങൾക്കുള്ള മറുപടികൾ.
* ഫലസമൃദ്ധി- വിഷരഹിത ഫലവൃക്ഷ തൈ വിതരണം.
* അതിരൂപതാ യുവജന ദിനാഘോഷം
* സ്നേഹത്തോണി- കുട്ടനാട്ടിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനം
* മലബാർ യൂത്ത് സംഗമം- മലബാറിലെ ആറ് രൂപതകൾ ചേർന്നുള്ള സംഗമം
* സമ്പൂർണ്ണ കെ സി വൈ എം അതിരൂപത പ്രഖ്യാപനം
* സംസ്ഥാന സെനറ്റിന് ആതിഥേയത്വം
* പ്രോലൈഫ് എക്സിബിഷൻ
* പ്രീസ്റ്റ് ഹോം സന്ദർശനം -വിശ്രമജീവിതം നയിക്കുന്ന വൈദീകരെ സന്ദർശിച്ചത്

* പ്രളയബാധിത പ്രദേശത്തെ സേവനങ്ങൾ
* ക്ലീൻ കാസർഗോഡ്
* കർഷക ജാഥ
* ദിയാക്കോണിയ കർമ്മപദ്ധതി പ്രകാശനം -വിവിധ സംഘടനകൾ ചേർന്ന് നടത്തുന്ന കർമ്മ പരിപാടികൾ
* മഴക്കാല പ്രതിരോധ ക്ലാസ്സുകൾ
* യൂത്ത് എലൈവ്- യൂണിറ്റ് സന്ദർശനം
* സ്കൂൾ കിററ് വിതരണം- പാവപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം
* അഗതിദിനാചരണം
* ആർമി- ഫൊറോന യുവജന കൺവെൻഷൻ, +1 +2 വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയുള്ള വൺഡേ യുവജന കൺവെൻഷൻ.
* പ്രകൃതി പഠന സഹവാസ ക്യാമ്പ്
* യുവജന മഹാ സംഗമം - എല്ലാ ഇടവകയിലേയും യുവജനങ്ങളെ ഒന്നിച്ചുചേർത്തുകൊണ്ടുള്ള യുവജനവർഷ മഹാസംഗമം
* യുവജന വർഷത്തോടനുബന്ധിച്ച് നൽകിയ 10 അവാർഡുകൾ
* റീജിയണൽ യൂത്ത് സംഗമം
* ക്രിസ്തുമസ് പ്രോഗ്രാം,- അഗതിമന്ദിരത്തിലെ അന്തേവാസികൾക്കൊപ്പം
* യുവജന വർഷ ലോഗോസ് ക്വിസ്
* തിര - തീരദേശ ക്യാമ്പ്
* ക്ലീൻ സിറ്റി, മുൻസിപ്പാലിറ്റി ജീവനക്കാരെ ആദരിക്കൽ.
* കൊട്ടത്തലച്ചി കുരിശുമല തീർത്ഥാടനം
* യുവജന വർഷ സമാപനം

ഇവയിലൂടെയെല്ലാം യുവജന വർഷം സമുചിതമായി ആഘോഷിക്കുവാൻ സാധിച്ചു. ഇതിന്റെയെല്ലാം പിന്നിൽ ആത്മാർത്ഥതയോടെ അധ്വാനിച്ച അതിരൂപതാ സമിതിയെ നന്ദിയോടെ ഓർക്കുന്നു. അതിരൂപതയിലും ഫൊറോനകളിലും, യൂണിറ്റുകളിലും യുവജന വർഷം വിജയകരമാക്കാൻ താങ്ങും തണലുമായി നിന്ന ഡയറക്ടർ അച്ചൻമാർ, ഒരമ്മയുടെ വാത്സല്യത്തോടെ യുവജനങ്ങളെ കൂട്ടായ്മയിൽ നിർത്തിയ ആനിമേറ്റേഴ്സ്, പ്രതിസന്ധികളിൽ തളരാതെ പതറാതെ ലക്ഷ്യത്തെ മുറുകെപ്പിടിച്ച് മുന്നേറിയ യുവജന നേതാക്കന്മാർ, ഒന്നിച്ചു പ്രവർത്തിച്ച സിൻഡിക്കേറ്റ് അംഗങ്ങൾ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഈ പ്രസ്ഥാനത്തെ ഏറെ സ്നേഹത്തോടെ മുന്നോട്ടു നയിച്ചുകൊണ്ടിരിക്കുന്ന എല്ലാ യുവജന സുഹൃത്തുക്കളുടെയും ആത്മാർത്ഥതയെ, ത്യാഗത്തെ, ധീരതയെ, നേതൃത്വ പാടവത്തെ, സംഘടനാ പാടവത്തെ എല്ലാം നന്ദിയോടെ ആദരവോടെ കാണുന്നു. ഇനിയും കൂടുതൽ ഊർജ്ജ്വസ്വലതയോടെ പ്രവർത്തിക്കുവാൻ വേണ്ട കൃപ യുവാവായ യേശു നിങ്ങൾക്ക് നൽകട്ടെ.

## എക്സ്പ്ലോറ 2k19

2019 പ്രവർത്തന വർഷത്തെക്കുള്ള കെ സി വൈ എം എസ് എം വൈ എം അതിരൂപതാ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനും പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് നേതൃത്വ പരിശീലനം നൽകുന്നതിനുമായി എക്സ്പ്ലോറ 2k19 ഏപ്രിൽ 6,7 തിയതികളിലായി നേതൃത്വ പരിശീലന ക്യാമ്പ് പരിയാരം ഐ ആർ സി യിൽ വച്ച് നടത്തപ്പെടുന്നു. ഏപ്രിൽ 6 -ന് ഉച്ചയ്ക്ക് 12 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് 7 -ന് ഉച്ചയ്ക്ക് 2 മണിക്ക് സമാപിക്കും. 16 ഫൊറോനകളിൽനിന്നുള്ള എല്ലാ ഫൊറോന ഭാരവാഹികളും പ്രസ്തുത ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്യാമ്പിൽ ആദ്യവസാനം വരെ പങ്കെടുക്കുന്നവർക്ക് മാത്രമെ തെരഞ്ഞെടുക്കപ്പെടുവാനും വോട്ടു ചെയ്യുവാനും അവകാശം ഉണ്ടായിരിക്കുകയുള്ളു. അതിരൂപതാ ഓഫീസിൽ നൽകിയിരിക്കുന്ന അഫിലിയേഷൻ ലിസ്റ്റിൽ പേര് ഉള്ള വർക്ക് മാത്രമെ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു. I D Card നിർബന്ധമായിരിക്കും. ഇടവക വികാരിയുടെയും ഫൊറോന ഡയറക്ടറുടെയും കത്തും മാമ്മോദീസ സർട്ടിഫിക്കറ്റും മൽസരാർത്ഥികൾ അതിരൂപതാ ഓഫീസിൽ നൽകേണ്ടതാണ്.

ഇലക്ഷൻ സെനറ്റിൽ ഫൊറോനകളുടെ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കാൻ ഒരു ഫൊറോനയിൽ നിന്ന് 5 സെനറ്റ് അംഗങ്ങളുടെ സാന്നിധ്യം ഉണ്ടായിരിക്കണം. 2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെയുള്ള റിപ്പോർട്ടുകൾ മാത്രമാണ് അവതരിപ്പിക്കേണ്ടത്. നിഷ്കർഷിച്ചിരിക്കുന്ന സെനറ്റ് റിപ്പോർട്ട് ഫോമിൽ തന്നെ റിപ്പോർട്ടുകൾ അവതരിപ്പിക്കേണ്ടതാണ്. ഫൊറോനാ ഡയറക്ടർ, ഫൊറോനാ പ്രസിഡണ്ട്, ഫൊറോനാ സെക്രട്ടറി എന്നിവരുടെ പേരും ഒപ്പും നിർബന്ധമാണ്

### തിരഞ്ഞെടുപ്പു സംബന്ധമായ ചില നിർദ്ദേശങ്ങൾ

1. അതാതു വർഷം യൂണിറ്റിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമെ ഫൊറോന ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടാൻ അവകാശമുള്ളു.
2. ഫൊറോന തലത്തിൽ അതാതു വർഷം തിരഞ്ഞെടുക്കപ്പെട്ടവർക്കുമാത്രമെ രൂപതാ തലത്തിൽ മത്സരിക്കാൻ അവകാശമുള്ളു.
3. നിലവിലുള്ള ഭാരവാഹികൾക്ക് അടുത്തതിരഞ്ഞെടുപ്പു കഴിഞ്ഞ് പുതിയ ഭാരവാഹികൾ സ്ഥാനം ഏൽക്കുന്നതുവരെ തൽസ്ഥാനങ്ങളിൽ തുടരാവുന്നതാണ്.
4. അതിരൂപത ഭാരവാഹിത്വത്തിലേക്ക് മത്സരിക്കുന്നവർ അതാതു വർഷത്തെ തിരഞ്ഞെടുക്കപ്പെട്ട സെനറ്റ് അംഗങ്ങളായിരിക്കണം. (അതിരൂപതാ സിൻഡിക്കേറ്റ്, ഫൊറോന എക്സിക്യുട്ടീവ് അംഗങ്ങൾ, സ്ഥാനമൊഴിയുന്ന അതിരൂപതാ ഭാരവാഹികളായ പ്രസിഡന്റ്, വൈസ് പ്രസിഡണ്ടുമാർ, ഡപ്യൂട്ടി പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, സെക്രട്ടറിമാർ, ഖജാൻജി, സ്ഥാനമൊഴിയുന്ന കൗൺസിലർമാർ എന്നിവർ അടങ്ങുന്നതാണ്

അതിരൂപതാ സെനറ്റ്). എന്നാൽ ex-officio അംഗങ്ങൾ സെനറ്റിൽ ക്ഷണിക്കപ്പെട്ട അതിഥികൾ മാത്രമായിരിക്കും. അവർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാനോ, വോട്ടവകാശമോ ഉണ്ടായിരിക്കുന്നതല്ല.

5. അതിരൂപതാ ഭാരവാഹികളായി മത്സരിക്കുന്നവർക്ക് 2 രൂപത സെനറ്റ് പരിചയം ഉണ്ടായിരിക്കണം.
6. ഫൊറോനയിൽ നിന്നും വരുന്ന കൗൺസലർമാർ ഉൾപ്പെടെയുള്ള 9 പേർക്കും അതിരൂപതാ ഇലക്ഷൻ മാനദണ്ഡങ്ങൾ അനുസരിച്ച് മത്സരിക്കാവുന്നതാണ്.
7. അതിരൂപതയിൽ നിന്നും തിരഞ്ഞെടുക്കുന്ന കൗൺസിലർ അംഗങ്ങൾതന്നെയായിരിക്കും കെ സി വൈ എം ന്റെ സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ.
8. 18 വയസ്സ് പൂർത്തിയാക്കിയ ഒരു യുവാവും യുവതിയും കൗൺസിലർമാർ ആയിരിക്കും. ഇവർ ഒരു വർഷമെങ്കിലും അതിരൂപത ഭാരവാഹികൾ ആയിരിക്കണം. കൗൺസിലർ പോസ്റ്റിലേക്ക് മാനദണ്ഡങ്ങൾ അനുസരിച്ച് മുൻകാല ഭാരവാഹികൾ ഇല്ലാത്തപക്ഷം സെനറ്റ് പരിചയമുള്ളവർക്ക് മത്സരിക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതായിരിക്കും.
9. അതിരൂപതയിൽ നിന്നുള്ള സംസ്ഥാന കൗൺസിലർ, സംസ്ഥാന ഭാരവാഹിയായി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ സംസ്ഥാന ഭാരവാഹിത്വ കാലാവധി തീരുമ്പോൾ അതിരൂപതാ ഭാരവാഹിത്വം നഷ്ടപ്പെടുന്നതായിരിക്കും.
10. തുടർച്ചയായി രണ്ടു പ്രാവശ്യം അതിരൂപത ഭാരവാഹിയായി തുടർന്ന ഒരാൾക്ക് ഒരു വർഷത്തെ ഇടവേളയ്ക്കുശേഷമെ വീണ്ടും മത്സരിക്കാൻ യോഗ്യത ഉണ്ടാതിരിക്കുകയുള്ളു.
11. അഫിലിയേഷൻ, മറ്റു കുടിശികകൾ എന്നിവ അടച്ചു തീർക്കുന്ന ഇടവകകളിൽ നിന്നുള്ള യുവജനങ്ങൾക്ക് മാത്രമേ ഇലക്ഷനിൽ മത്സരിക്കാൻ അവകാശമുണ്ടായിരിക്കുകയുള്ളു.
12. സംഘടനയുടെ ഏതെങ്കിലും തലത്തിൽ ഭാരവാഹി/ അംഗം ശിക്ഷണ നടപടികൾക്ക് വിധേയമായാൽ അയാൾക്ക് യൂണിറ്റ്, ഫൊറോന, രൂപതാ തലത്തിൽ മൂന്ന് വർഷക്കാലത്തേക്ക് ഭാരവാഹിയായിരിക്കാൻ യോഗ്യത ഉണ്ടായിരിക്കുകയില്ല.
13. അതിരൂപതാ ഭാരവാഹികളായി ഒന്നിലധികം പേർ ഒരു ഫൊറോനയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുവാൻ അവകാശമുണ്ടായിരിക്കുകയില്ല.
14. മേൽപ്പറഞ്ഞ യോഗ്യതയുള്ള മത്സരാർത്ഥികൾ ഇല്ലാതെ വന്നാൽ യുക്തമായ തീരുമാനം എടുക്കുവാൻ സെനറ്റിന് അധികാരമുണ്ട്.

## പ്രായപരിധി

പ്രായപരിധി മറ്റൊരു നിർദ്ദേശം മേൽഘടകങ്ങളിൽ നിന്നും ഉണ്ടാകുന്നതുവരെ 35 വയസ്സ് ആയിത്തന്നെ തുടരുന്നതായിരിക്കും. ഒരു അംഗം ഏതെങ്കിലും തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെടുമ്പോൾ 35 വയസ്സ് ആയിരിക്കുകയും ആ പ്രവർത്തന വർഷം പൂർത്തിയാകുന്നതിനുമുമ്പ് 36 വയ

സ്സാകുകയും ചെയ്താൽ അദ്ദേഹത്തിന് തൽസ്ഥാനത്ത് പ്രവർത്തന വർഷം പൂർത്തിയാകുംവരെ തുടരുവാൻ അവകാശമുണ്ടായിരിക്കും.

## “ദീ റിസൻ 2k19” (the risan 2k19)

തലശ്ശേരി അതിരൂപത കെ സി വൈ എം, എസ് എം വൈ എം ന്റെ ആഭിമുഖ്യത്തിൽ ഓരോ ഇടവകയിലേയും യുവജനങ്ങളെ അവരുടെ സ്വന്തം ഇടവകകളിൽ ഒരുമിച്ചുകൂട്ടുക, ഇടവക യുവജനകൂട്ടായ്മ ശക്തിപ്പെടുത്തുക എന്നലക്ഷ്യത്തോടെ നമ്മൾ നടത്തിവരുന്ന ദുഖ:ശനിയാഴ്ചയിലെ യുവജന കൂട്ടായ്മ “ദീ റിസൻ 2k19” എല്ലാ ഇടവകകളിലും നടത്തുവാനും ഉയിർപ്പുതിരുനാളിന്റെ ആഘോഷങ്ങൾ മനോഹരമാക്കുവാനും ശ്രദ്ധിക്കുമല്ലോ.

## ഇലക്ഷൻ സെനറ്റ്

2019 പ്രവർത്തനവർഷത്തിലെ കെ സി വൈ എം എസ് എം വൈ എം യൂണിറ്റ്, ഫൊറോന തലങ്ങളിൽ ഇലക്ഷൻ നടത്താൻ സാധിക്കാത്തവർ ഏപ്രിൽ മാസത്തിൽ ഇലക്ഷൻ നടത്തി ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതയിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## അഭിനന്ദനങ്ങൾ

തലശ്ശേരി അതിരൂപതയിലെ കെ സി വൈ എം എസ് എം വൈ എം സംഘടനയെ നയിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി യൂണിറ്റിലും, ഫൊറോനയിലും തിരഞ്ഞെടുത്ത എല്ലാ നേതൃത്വങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങളും, അതിരൂപതാ കുടുംബത്തിലേക്ക് സ്വാഗതവും.

## യൂത്ത് എലൈവ്

കാസർഗോഡ് യൂണിറ്റിലെ യുവജനങ്ങളെ സന്ദർശിക്കാനും ക്ലാസ്സുകൾ നയിക്കുന്നതിനുമായി ബഹു. അതിരൂപതാ ഡയറക്ടർ ഫാ സോണി വടശ്ശേരിയും, പ്രസിഡണ്ട് ജിതിൻ മുടപ്പാലയും, മറ്റ് അതിരൂപതാ സമിതി അംഗങ്ങളും കാസർഗോഡ് യൂണിറ്റിൽ പോവുകയും യൂണിറ്റ് ശക്തിപ്പെടുത്തുകയും ചെയ്തു.

## എൻഡോ സൽഫാൻ മേഖല സന്ദർശനം

എൻഡോ സൽഫാൻ ബാധിച്ച കാസർഗോഡ് പെരളയിലെ ഫാത്തിമയുടെ വീട് അതിരൂപതാ ഡയറക്ടർ ഫാ.സോണി വടശ്ശേരിയുടെ നേതൃത്വത്തിൽ അതിരൂപത സമിതി സന്ദർശിച്ചു.

## സ്വപ്ന വീട് പദ്ധതി സഹായം

യുവജനവർഷസമാപനത്തോടനുബന്ധിച്ച് കാസർഗോഡ് പെരളയിലെ എൻഡോസൾഫാൻ ബാധിതയായ ഫാത്തിമ എന്ന പെൺകുട്ടിക്ക് ഭവനനിർമ്മാണത്തിനായി തലശ്ശേരി അതിരൂപതയിൽനിന്നും അമ്പതിനായിരം രൂപ ധനസഹായം നല്കി.

## സംസ്ഥാന കുരിശുമല തീർത്ഥാടനം

കെ സി വൈ എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ ചെറുപുഴ മേഖലയിലെ ചൂരപ്പടവ് കൊട്ടത്തലച്ചി തീർത്ഥാടനത്തിൽ നൂറുകണക്കിന് യുവജനങ്ങൾ ലോകസമാധാനത്തിനായി പരിഹാര പ്രദക്ഷിണം  നടത്തി. മാർ. ജോസഫ് പാംപ്ലാനി പിതാവ് സമാപന സന്ദേശം നൽകി കുരിശുമല തീർത്ഥാനത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപതാ യുവജന വർഷ സമാപനവും നടത്തപ്പെട്ടു. കെ സി വൈ എം സംസ്ഥാന ഡയറക്ടർ  റവ. ഫാ. സ്റ്റീഫൻ ചാലക്കര, സംസ്ഥാന വൈസ് പ്രസിഡണ്ട് ജോസ് റാൽഫ്, തലശ്ശേരി അതിരൂപതാ പ്രസിഡണ്ട് ജിതിൻ മുടപ്പാലയിൽ, അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ, ചെറുപുഴ ഫൊറോന ഡയറക്ടർ ഫാ. സ്റ്റാനി ആനകുത്തിയിൽ, ചൂരപ്പടവ് ഇടവക വികാരി റവ. ഫാ. അനീഷ് ചക്കിട്ടമുറിയിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. വിവിധ ഫൊറോനകളിൽ നിന്നും ധാരാളം വൈദീകരും സിസ്റ്റേഴ്സും പങ്കെടുത്തു. കുരിശുമല തീർത്ഥാടനത്തിൽ പങ്കെടുത്ത സംസ്ഥാന സമിതിക്കും, വിവിധ രൂപതകളിൽ നിന്നും വന്ന യുവജന സുഹൃത്തുക്കൾക്കും,  വിവിധ ഫൊറോനകളിൽ നിന്നും പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും, കണ്ണൂർ രൂപതാ ഡയറക്ടർ ആരിഷ് അച്ചനും,  ചെറുപുഴ ഫൊറോന ഡയറക്ടർ ബഹു. സ്റ്റാനി അച്ചനും, പ്രസിഡണ്ട് ബോണി കൊല്ലംകുന്നേലിന്റെ നേതൃത്വത്തിലുള്ള ഫൊറോന സമിതിക്കും. ചൂരപ്പടവ് ഇടവക വികാരി ബഹു.അനീഷ് അച്ചനും, യൂണിറ്റ് പ്രസിഡണ്ട് തോമസിന്റെ നേതൃത്വത്തിലുള്ള ഭരണ സമിതിക്കും, ചൂരപ്പടവ് ഇടവകയിലെ കൈക്കാരന്മാർക്കും, കമ്മറ്റിക്കാർക്കും ഇടവകാ ജനങ്ങൾക്കും വിവിധ ഫൊറോനകളിൽ നിന്നും വന്ന ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സിനും പങ്കെടുത്ത എല്ലാ യുവജന സുഹൃത്തുക്കൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## യുവജന വർഷ സമാപനം

2018 മാർച്ച് 19 ന് ആരംഭിച്ച യുവജന വർഷത്തിന്റെ സമാപനം വ്യത്യസ്ഥമായ കാരുണ്യ പ്രവർത്തികളോടെ നടത്തപ്പെട്ടു. എൻഡോസൽഫാൻ ബാധിതയായ പെരളയിലെ ഫാത്തിമ എന്ന പെൺകുട്ടിക്ക് ഭവന നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം നൽകിക്കൊണ്ടാണ് യുവജന വർഷത്തിന് സമാപനം കുറിച്ചത്. തലശ്ശേരി അതിരൂപതാ യുവജന പ്രസ്ഥാനത്തിനു വേണ്ടി സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി തുക കാസർഗോഡ് റീജിയൻ ഭാവാഹികൾക്ക് കൈമാറി. കൊട്ടത്തലച്ചി കുരിശുമല തീർത്ഥാടനത്തോടനുബന്ധിച്ച് നടത്തിയ സമാപനത്തിന് വൈദീകരും സിസ്റ്റേഴ്സും ഉൾപ്പെടെ 650 യുവജനങ്ങൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

പാപത്തിന്റെ പിടിയിലമർന്ന ജനത്തെ രക്ഷിക്കുന്നതിന് ദൈവം കണ്ട പോംവഴിയാണ് സ്വപുത്രനെ ബലിയർപ്പിക്കുക എന്നത്. തന്റെ പുത്രന്റെ രക്തം കൊണ്ടു മാത്രമേ മനുഷ്യകുലത്തെ രക്ഷിക്കാനാവൂ എന്ന് ദൈവത്തിനറിയാമായിരുന്നു. ഇന്ന് പ്രശ്നങ്ങൾക്കു പരിഹാരം തേടി നെട്ടോട്ടമോടുമ്പോൾ ഈ തിരുവചനം ഓർക്കണം. നാശത്തിലൂടെ ചരിക്കുന്നവർക്കു കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അത് ദൈവശക്തിയത്രേ (1 കോറി 1/18) ക്രൈസ്തവന് കുരിശ് ജീവന്റെ വൃക്ഷമാണ്.കുരിശെടുക്കാതെ ഒരു ക്രിസ്ത്യാനിക്ക് രക്ഷയിലേക്ക് പ്രവേശിക്കാൻ കഴിയില്ല. സഹനങ്ങളുടെ കുരിശ് ചുമക്കാതെയുള്ള ക്രൈസ്തവന്റെ ജീവിതം അർത്ഥശൂന്യമാണ്. അതേ നമ്മുടെ വേദനകളുടെ ഭാരം ഇറക്കി വയ്ക്കാൻ പറ്റുന്ന നല്ലൊരത്താണിയാണ് യേശുക്രിസ്തു ഏശയ്യാപ്രവാചകൻ ഓർമ്മിപ്പിക്കുന്നുണ്ട്. നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ ചുമന്നത്. ആ ഓർമ്മയോടെ ഉത്ഥാനത്തിന്റെ സന്തോഷം ഏറ്റ് വാങ്ങാൻ നമുക്ക് ഒരുങ്ങാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

842, 843, 844 എം.പി.സി കോഴ്സ് ഫെബ്രുവരി 26-28, മാർച്ച് 5-7, 12-14 എന്നീ തീയ്യതികളിൽ പടന്നക്കാട് ഗുഡ് ഷെപ്പേർഡ് ചർച്ച്, തലശ്ശേരി സന്ദേശഭവൻ എന്നീ സെന്ററുകളിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 81 ആൺകുട്ടികളും, 109 പെൺകുട്ടികളും ഉൾപ്പെടെ 190 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അവരുടെ മാതാപിതാക്കൾക്കുവേണ്ടി നടത്തിയ ക്ലാസിൽ 305 പേർ സംബന്ധിച്ചു. ആവശ്യമുള്ളവർക്കുവേണ്ടി പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

### അറിയിപ്പ്

മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് എം. പി. സി. ഏപ്രിൽ 2 - 4 വരെ സന്ദേശഭവനിൽ നടത്താനിരുന്നത് ചില സാങ്കേതിക കാരണങ്ങളാൽ ക്യാൻസൽ ചെയ്തിരിക്കുന്നു.

ഏപ്രിൽ 23 - 25 വരെ സന്ദേശഭവനിൽ വച്ച് നടത്താനിരുന്ന എം. പി. സി. പൊതു തിരഞ്ഞെടുപ്പ് പ്രമാണിച്ച് ഏപ്രിൽ 24 - 26 വരെയായിരിക്കും നടത്തുക. വികാരിയച്ചൻമാർ ഇക്കാര്യം പങ്കെടുക്കാൻ വരുന്നവരെ അറിയിക്കുമല്ലോ. പേരന്റ്സ് മീറ്റ് 26 ന് വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ആയിരിക്കും.

**MPC - 2019**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| APRIL | 24 - 26 | Nil | 9 - 11 |
| MAY | 21 - 23 | 7 - 9 | Nil |
| JUNE | 25 - 27 | 11 - 13 | Nil |
| JULY | 9 – 11 | Nil | 23 - 25 |
| AUGUST | 6 – 8, 27 – 29 | Nil | Nil |
| SEPTEMBER | 24 – 26 | 17 – 19 | Nil |
| OCTOBER | 15 – 17 | Nil | 29 - 31 |
| NOVEMBER | 5 – 7 | 12 – 14 | 26 - 28 |
| DECEMBER | 10 – 12 | 17 – 19 | |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. **മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. മാതാപിതാക്കൾ രണ്ടുപേരും ഈ ക്ലാസിൽ സംബന്ധിക്കാൻ സാധിക്കാത്ത ഗൗരവമായ കാരണങ്ങൾ ഉണ്ടെങ്കിൽ വികാരിയച്ചന്മാരുടെ കത്തിൽ അക്കാര്യം സൂചിപ്പിക്കുകയോ വികാരിയച്ചന്മാർ നേരിൽ വിളിച്ചറിയിക്കുകയോ ചെയ്യേണ്ടതാണ്.** ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ.എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg.Fee 600 രൂപ അടയ്ക്കേണ്ടതാണ്.
- Online Registration നടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt ന്റെ Screen shot അയച്ചുതരിക/Bank Transfer Receipt സൈറ്റിൽ അപ്ലോഡ് ചെയ്യുക.
- Mobile transaction നടത്തുന്നവർ Payment ന്റെ Screen shot അയച്ചുതരിക. **വാട്ട്സ് ആപ്പ് നമ്പർ : 9400206974**
- നേരിട്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് നൽകുന്നതായിരിക്കും. കോഴ്സിന് പങ്കെടുക്കുവാൻ വരുമ്പോൾ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖയും ബാക്കി 500 രൂപയും കൊണ്ടുവരിക.

**Family Apostolate, Contact Number: 0490 2343414, Mob: 9400206974**

**Account Details :**

**Name : Director Family Apostolate**

**A/c No : 0078053000073775**

**IFSC Code: SIBL0000078**

## ബധിരർക്കുവേണ്ടിയുള്ള വിവാഹ ഒരുക്ക സെമിനാർ: -

ഫാമിലി അപ്പൊസ്റ്റൊലേറ്റും ആദം മിനിസ്ട്രിയും സംയുക്തമായി സംഘടിപ്പിക്കുന്ന MPC for the Deaf ഏപ്രിൽ 26, 27, 28 തിയ്യതികളിൽ പരിയാരം മദർഹോമിൽ വച്ച് നടത്തപ്പെടുന്നു. ഇതിൽ സംബന്ധിക്കാനുള്ളവരെ കണ്ടെത്തുവാനും പറഞ്ഞയക്കാനും ശ്രദ്ധിക്കുമല്ലോ.

**രജി.ഫീസ് 400 രൂപ**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ : -

വിവാഹവേദിയിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്ക് അനുയോജ്യരായ ജീവിതപങ്കാളിയെ കണ്ടെത്തുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ബ്യൂറോ പ്രവർത്തിച്ചു വരുന്നു. ഇന്നിത് സീറോ മലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്ത് വളരെ വിപുലമായ രീതിയിൽ പ്രവർത്തിച്ച് വരുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. www. anugrahamarry. com ഓൺലൈൻ രജിസ്ട്രേഷൻ അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

## III. സഖറിയാസ് കൺവെൻഷൻ : - വെള്ളരിക്കുണ്ട്

മാർച്ച് 6,7,8 തീയ്യതികളിൽ വെള്ളരിക്കുണ്ട് ഫൊറോനയിലെ വയോജനങ്ങൾക്ക് വേണ്ടി സഖറിയാസ് കൺവെൻഷൻ മാലോം ഇടവകയിൽ വച്ച് ന ടത്തപ്പെട്ടു. മാലോം ഇടവക വികാരി ഫാ. ആന്റണി മഞ്ഞളാംകുന്നേൽ വി. കുർബാനയർപ്പിച്ച് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. മാർ. ജോസഫ് പാംപ്ലാനി, ഫാ. ജോസഫ് കൊളുത്താപ്പള്ളിൽ എന്നിവർ ഈ ദിവസങ്ങളിൽ ബലിയർപ്പിച്ച് സന്ദേശം നൽകി. മാതൃവേദി അംഗങ്ങളുടെ സജീവമായ സഹകരണത്താൽ മലബാർ ക്രിസ്റ്റീൻ ടീമിന്റെ നേതൃത്തിൽ കൺവെൻഷൻ ഭംഗിയായി ക്രമികരിക്കപ്പെട്ടു. വെള്ളരിക്കുണ്ട് ഫൊറോന മാതൃവേദി ഡയറക്ടർ ഫാ. ജോസഫ് കൊളുത്താപ്പള്ളിൽ, മാതൃവേദി ആനിമേറ്റർ സി. ഡോണ. എം. എസ്. എം. ഐ, ഭാരവാഹികൾ വിവിധ ഇടവകകളിലെ മാതൃവേദി അംഗങ്ങൾ, ക്രിസ്റ്റീൻ ടിം അംഗങ്ങൾ എന്നിവർക്ക് നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

**ഏപ്രിൽ മാസം ചെമ്പേരി ഫൊറോനയിൽ നടത്താൻ ഉദ്ദേശിച്ചിരുന്ന സഖറിയാസ് കൺവെൻഷൻ ജൂൺ മാസത്തിലേക്ക് മാറ്റിവച്ചിരിക്കുന്നു.**

## IV.മാതൃവേദി

### 1. സെമിനാർ - നെല്ലിക്കുറ്റി

22 - 2 - 2018 വെള്ളിയാഴ്ച നെല്ലിക്കുറ്റി മാതൃവേദി യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയിലെ മുഴുവൻ മാതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സെമിനാർ നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ക്ലാസ്സ് നയിക്കുകയും വി.കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതൃവേദി അംഗങ്ങളുടെ അംഗത്വ നവീകരണം നടത്തുകയും ചെയ്തു. ഏകദേശം 300 അമ്മമാർ പങ്കെടുത്തു. യൂണിറ്റ് ഡയറക്ടർ. ഫാ. തോമസ് കൂനാനിയ്ക്കലിനും നെല്ലിക്കുറ്റി മാതൃവേദിക്കും അഭിനന്ദനങ്ങൾ.

### 2. വനിതാദിനം 2019 - പൈസക്കരി

തലശ്ശേരി അതിരൂപതാ വനിതാ ദിനാചരണം ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ മാർച്ച് 8 വെള്ളിയാഴ്ച പൈസക്കരി മേഖലയിൽ നടത്തപ്പെട്ടു. വനിതാദിനറാലിയോടെ ആരംഭിച്ച പരിപാടികൾ പൈസക്കരി മേഖലാ മാതൃവേദി ഡയറക്ടർ ഫാ.ജോബി നിരപ്പേൽ സ്വാഗതം ആശംസിച്ച ചടങ്ങിന് മേഖലാ പ്രസിഡണ്ട് ശ്രീമതി ബീന മുളയ്ക്കൽ അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചു. പൈസക്കരി ഫൊറോന വികാരി റവ.ഫാ. സിബി സിബി പാലാക്കുഴി അനുഗ്രഹ പ്രഭാഷണം നടത്തി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. പൈസക്കരി മേഖലയുടെ മാർഗ്ഗരേഖ പ്രകാശനം ഫാ.സിബി പാലാക്കുഴി നിർവ്വഹിച്ചു. രൂപതാ ആനിമേറ്റർ സി.ജീസ് മാത്യു സി.എച്ച്.എഫ് ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് അതിരൂപതാ കെ.സി.വൈ.എം ഡയറക്ടർ ഫാ.സോണി വടശ്ശേരി അമ്മമാർക്കായി ക്ലാസ് നയിച്ചു. തുടർന്ന് മാതൃവേദി റൂബി ജൂബിലിയുടെ ഭാഗമായി 40 വർഷമായി മാതൃവേദി അംഗങ്ങളായിരുന്നവരെ അനുമോദിക്കുകയും 50 അമ്മമാർക്ക് ദീപികയുടെ സ്ത്രീധനം മാസികയുടെ വാർഷിക വരിസംഖ്യാ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ശേഷം മേഖലാ സെക്രട്ടറി ശ്രീമതി മോളി ചെറുവള്ളിൽ ഏവർക്കും നന്ദിയർപ്പിച്ചു. അതിരൂപതാതല വനിതാദിനാചരണം ഏറ്റെടുത്ത് ഭംഗിയായി നടത്തിയ പൈസക്കരി മേഖലയെ നന്ദിപൂർവ്വം അഭിനന്ദനം അറിയിക്കുന്നു. വിവിധ ഇടവകകളിലും മേഖലകളിലും വനിതാദിനാചരണം മനോഹരമായി നടത്തിയ മാതൃവേദി അംഗങ്ങൾക്കും അനുമോദനങ്ങൾ.

### 3. ജ്വാല - നെല്ലിക്കാംപൊയിൽ

2019 മാർച്ച് 16-ാം തീയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ നെല്ലിക്കാംപൊയിൽ മേഖലയുടെ ജ്വാല പ്രോഗ്രാം ഉളിക്കൽ ഉണ്ണിമിശിഹാ പള്ളിയിൽ വച്ച് നടന്നു. ശ്രീമതി സിജി നടുതോട്ടം സ്വാഗതം ആശംസിച്ചു. നെല്ലിക്കാംപൊയിൽ മേഖലാ മാതൃവേദി പ്രസിഡണ്ട് ശ്രീമതി സിസിലി പുഷ്പക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് ഉളിക്കൽ ഇടവകാ വികാരി ഫാ. തോമസ് പയ്യമ്പള്ളി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അനുഗ്രഹ പ്രഭാഷണം നടത്തുകയും മേഖലാ ഡയറക്ടർ ഫാ.ജോസ് തൈക്കുന്നുംപുറം, അതിരൂപതാ ആനിമേറ്റർ സി.ജീസ് മാത്യു എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. തുടർന്ന് ചട്ടയും മുണ്ടും ധരിച്ച 12 മക്കളുള്ള കല്ലുവയൽ ഇടവകാംഗമായ അമ്മയെ ആദരിച്ചു. തുടർന്ന് ശ്രീ. രാധാകൃഷ്ണൻ എസ്.ഐ സൈബർ സുരക്ഷയെക്കുറിച്ചുള്ള ക്ലാസ്സ് നയിച്ചു. നെല്ലിക്കാംപൊയിൽ മേഖലാ സെക്രട്ടറി ശ്രീമതി മേരി വെളിയപ്പള്ളിൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. നെല്ലിക്കാംപൊയിൽ മേഖലാ ആനിമേറ്റർ സി.ബെൻസി സി.എം.സി നന്ദി അർപ്പിക്കുകയും ചെയ്തു. ജ്വാല പ്രോഗ്രാം മനോഹരമായി സംഘടിപ്പിച്ച നെല്ലിക്കാംപൊയിൽ മേഖലാ മാതൃവേദിയെ അഭിനന്ദിക്കുന്നു.

### ജ്വാല - ആലക്കോട്

2019 പ്രവർത്തനവർഷത്തെ ജ്വാല പരിപാടി ആലക്കോട് മേഖലയ്ക്കു വേണ്ടി ഏപ്രിൽ 13 ന് നടത്തപ്പെടുന്നു. കൊടിയേറ്റ്, പൊതുസമ്മേളനം, ക്ലാസ്, കലാപരിപാടികൾ എന്നിവ ഉൾക്കൊള്ളുന്ന ജ്വാലയുടെ ക്രമീകരണത്തെക്കുറിച്ച് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. റെക്കോർഡ്സ്, യൂണിറ്റ് രജിസ്ട്രേഷൻ ഫോം, മിനിട്ടസ് ബുക്ക്, അക്കൗണ്ട് ബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഭാരവാഹികളും കൂടാതെ 5 മാതൃവേദി അംഗങ്ങളും പങ്കെടുക്കണം.

### 4. തൂവാനീസ : - നിയോഗം

കെ.എസ്.ടി യുടെ കീഴിൽ പ്രവർത്തിക്കുന്ന തൂവാനീസ (ഭാഗ്യവതി) മിനിസ്ട്രിയോട് സഹകരിച്ച് മാതൃവേദി അംഗങ്ങളും ചെയിൻ റോസറി നടത്തി സഭയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കണമെന്ന് അഭിവന്ദ്യ പിതാക്കന്മാർ ആഗ്രഹിക്കുന്നു. വെഞ്ചരിച്ച ജപമാലകൾ കൈമാറി തുടർച്ചയായി നടത്തുന്ന ജപമാലകൾ മാതൃവേദി അംഗങ്ങളുടെ പ്രാർത്ഥനാ ചൈതന്യം പോഷിപ്പിക്കുവാൻ സഹായകമാണ്. ഈ മാസത്തെ ജപമാലയിൽ നമുക്ക് മക്കളില്ലാത്ത ദമ്പതികൾക്കുവേണ്ടി പ്രാർത്ഥിക്കാം.

## V. ദിയാക്കോണിയ പ്രോഗ്രാം - മാർ വള്ളോപ്പിള്ളി തീർത്ഥാടനം

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ മാർ വള്ളോപ്പിള്ളി പിതാവിന്റെ കബറിടത്തിങ്കലേക്ക് തീർത്ഥാടനം നടത്തുവാൻ ഏപ്രിൽ 1-4 വരെ ദിവസങ്ങളിൽ അവസരമുണ്ടായിരിക്കും. രാവിലെ 9.30 നും 11.30 നും വി.കുർബ്ബാന ആ ദിവസങ്ങളിൽ കത്തീഡ്രൽ ദേവാലയത്തിൽ ഉണ്ടായിരിക്കുന്നതാണ്. 10-ാം ക്ലാസിലെ കുട്ടികളുടെ സന്ദർശനത്തിനുവേണ്ടി ക്രമീകരണങ്ങൾ നടത്തിയിരിക്കുന്നതിനാൽ ഉച്ചകഴിഞ്ഞുള്ള സമയമായിരിക്കും കൂടുതൽ സൗകര്യപ്രദം. എക്സിബിഷൻ, വീഡിയോ പ്രദർശനം എന്നിവ ക്രമീകരിച്ചിട്ടുണ്ട്. അമ്മമാർ ഉച്ചഭക്ഷണം കരുതുകയോ പുറമെനിന്ന് കഴിക്കാൻ ക്രമീകരിക്കുകയോ ചെയ്യണം

## VI. പ്രൊലൈഫ് -

### 1) പ്രോലൈഫ് സന്ധ്യ - മുളപ്ര

മുളപ്ര ഇടവകയിൽ മാർച്ച് 8-ാം തിയ്യതി വൈകുന്നേരം വി.കുർബ്ബാന, ക്ലാസ്, ആരാധന, വീഡിയോ പ്രദർശനം എന്നിവയോടെ പ്രോലൈഫ് സന്ധ്യ നടത്തപ്പെട്ടു. ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ശ്രീ. സണ്ണി കാര്യാടിയിൽ, പ്രോലൈഫ് പ്രവർത്തകർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. 150 പേർ പങ്കെടുത്തു.

### 2) പ്രോലൈഫ് സന്ധ്യ - ആനപ്പന്തി

ആനപ്പന്തി ഇടവകയിൽ മാതൃവേദിയുടെ നേതൃത്വത്തിൽ മാർച്ച് 10 ഞായറാഴ്ച പ്രോലൈഫ് സന്ധ്യ നടത്തപ്പെട്ടു. രാവിലെ വി.കുർബ്ബാനയർപ്പിച്ച് ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സന്ദേശം നൽകി. തുടർന്ന് ശ്രീ.സെലസ്റ്റിൻ ജോൺ വടക്കേൽ ക്ലാസ് നടത്തി. ഏകദേശം 280 പേർ പങ്കെടുത്തു.

### 3) പ്രൊലൈഫ് സന്ധ്യ നടക്കുന്ന ഇടവകകൾ

ഏപ്രിൽ 4 - മഞ്ഞളാംപുറം (5.30 - 8.30 pm)
ഏപ്രിൽ 5 - രാജമുടി (05.00 - 08.00 pm)
ഏപ്രൽ 6 - പൈസക്കരി (05.00 - 08.00 pm)

### 4) ഏലീശ്വാ ധ്യാനം - പേരാവൂർ

മാർച്ച് 1,2,3 ദിവസങ്ങളിലായി പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമത്തിൽ വച്ച് ഗർഭിണികൾക്കായും അവരുടെ ഭർത്താക്കന്മാർക്കായും ധ്യാനം നടന്നു. ഒന്നാം തീയ്യതി വൈകുന്നേരം 6 മണിയോടെ ആരംഭിച്ച ധ്യാനം മൂന്നാം തീയ്യതി ഉച്ചകഴിഞ്ഞ് അവസാനിച്ചു. മാതൃവേദി പേരാവൂർ മേഖല ഡയറക്ടർ ഫാ.അനീഷ് കുളത്തറ ധ്യാനം ഉദ്ഘാടനം ചെയ്തു. തുടർന്ന് മക്കൾ ദൈവദാനം എന്ന വിഷയത്തെ ആസ്പദമാക്കി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ക്ലാസ് നൽകുകയും സി.സന്തോഷ്

ഡി.എം ന്റെ നേതൃത്വത്തിൽ ആരാധന ശുശ്രൂഷ നടത്തുകയും ചെയ്തു. തുടർന്ന് ഡോ.ഫാ.സെബാൻ ചെരിപുറം, ഡോ.ഫാ.റെന്നി അരീപ്ലാക്കൽ, ശ്രീ. സുജൻ, ഡോ.സി.റീന എസ്.എച്ച്, ശ്രീ.ജോയ്സ് കുരുവിത്താനം എന്നിവരുടെ നേതൃത്വത്തിൽ ക്ലാസുകൾ നടന്നു. അവസാനദിവസം അഭിഷേക ആരാധനയോടുകൂടി ധ്യാനം സമാപിച്ചു. ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ബ്ര. സച്ചിൻ കരക്കൊഴുപ്പിൽ എന്നിവർ ആരാധനാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ധ്യാനത്തിൽ 13 പേർ പങ്കെടുത്തു. ധ്യാന ദിവസങ്ങളിൽ വേണ്ട സഹായസഹകരണങ്ങൾ നൽകിയ മാതൃവേദി രൂപതാ മേഖലാ ഭാരവാഹികൾക്ക് നന്ദിയർപ്പിക്കുന്നു.

### 4) ഏലീശ്വാ ധ്യാനം - ചെറുപുഴ

ഏപ്രിൽ 26,27,28 ദിവസങ്ങളിലായി ചെറുപുഴ കൃപാലയത്തിൽ വച്ച് ഏലീശ്വാ ധ്യാനം നടത്തപ്പെടുന്നു.ഗർഭിണികൾക്കും അവരുടെ ഭർത്താക്കന്മാർക്കും ഒരുമിച്ച് പ്രാർത്ഥിച്ചൊരുങ്ങി കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റും കപ്പിൾസ് മിനിസ്ട്രിയും ചേർന്ന് ഒരുക്കുന്ന 3 ദിവസത്തെ ധ്യാനമാണ് ഏലീശ്വാധ്യാനം. ഗർഭസ്ഥരായിട്ടുള്ള യുവതികൾക്ക് ഉണർവ്വും കരുത്തുമേകുന്നതിനും അവരുടെ കുഞ്ഞുങ്ങളെ ദൈവമക്കളായി വളർത്തുന്നതിനുമായി ഗർഭസ്ഥ ശിശുക്കളുള്ള ദമ്പതികൾക്കായി ധ്യാനം ക്രമീകരിച്ചിരിക്കുന്നു.

## VII. ദമ്പതീ സെമിനാർ - ചെമ്പന്തൊട്ടി

വിവാഹം കഴിഞ്ഞ് 10 വർഷംവരെയുള്ള യുവദമ്പതികൾക്കുവേണ്ടി ഫൊറോനാ അടിസ്ഥാനത്തിൽ യുവദമ്പതീ സെമിനാർ നൽകി. ഫാ.ബെന്നി പുത്തൻനട, ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ എന്നിവർ ക്ലാസ് നയിച്ചു. യുവദമ്പതികളെ സംഘടിപ്പിച്ച് വളരെ മനോഹരമായി സെമിനാർ ക്രമീകരിച്ച ചെമ്പന്തൊട്ടി മേഖലാ മാതൃവേദി അംഗങ്ങൾക്കും ഡയറക്ടർ ഫാ.ജേക്കബ്ബ് കുറ്റിക്കാട്ടുകുന്നേലിനും അഭിനന്ദനങ്ങളും നന്ദിയും അർപ്പിക്കുന്നു

## VIII. ഹോം മിഷൻ

ചന്ദനയ്ക്കാംപാറ ഇടവകയിലെ ഭവനങ്ങളിൽ എം.എസ്.എം.ഐ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലും കനകപ്പള്ളി, അരീക്കാമല ഇടവകകളിൽ നസ്രത്ത് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലും ഹോം മിഷൻ നടത്തി.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## പി.ടി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി

നമ്പർ 7/2019/പൊതു വിദ്യാഭ്യാസം തീയതി. 11/01/2019 എന്ന സർക്കാർ ഉത്തരവിലൂടെ സ്കൂൾ മാനേജർമാരെ പി.ടി.എ. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എക്സ് ഓഫീഷ്യോ അംഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ സ്കൂൾ പി.ടി.എ. എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് മാനേജർ അച്ചന്മാരെയോ മാനേജ്മെന്റ് പ്രതിനിധിയെയോ പങ്കെടുപ്പിക്കണമെന്ന് എല്ലാ പ്രധാനാധ്യാപകരെയും അറിയിക്കുന്നു.

## സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി

ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് സ്കൂളുകളിൽ ഉച്ചഭക്ഷണ കമ്മറ്റികൾ രൂപീകരിക്കേണ്ടതാണെന്നും ഈ കമ്മറ്റിക്കായിരിക്കും ഉച്ചഭക്ഷണ നടത്തിപ്പിന്റെ പൂർണ്ണ ചുമതലയെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ കമ്മിറ്റിയിൽ മാനേജർ അല്ലെങ്കിൽ മാനേജറുടെ പ്രതിനിധി അംഗമാണ്.

നമ്മുടെ ചില സ്കൂളിൽ ഉച്ചഭക്ഷണ കമ്മറ്റിയുടെ പ്രവർത്തനം കൃത്യമായി നടക്കുന്നില്ല. പലപ്പോഴും കമ്മിറ്റി കൂടുന്ന കാര്യം മാനേജരെ അറിയിക്കാറില്ല. ചില സ്ഥലങ്ങളിൽ നിന്ന് പരാതികൾ ഉണ്ടാകാറുണ്ട്. അതിനാൽ ബഹുമാനപ്പെട്ട അച്ചന്മാർ സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി മീറ്റിങ്ങിൽ സംബന്ധിക്കണമെന്ന് അപേക്ഷിക്കുന്നു. ഏതെങ്കിലും കാരണത്താൽ പങ്കെടുക്കാൻ സാധിക്കുകയില്ലെങ്കിൽ മാനേജരുടെ പ്രതിനിധിയെന്ന നിലയിൽ കൈക്കാരന്മാർ ആരെയെങ്കിലുമോ, ഇടവക കോർഡിനേറ്ററിനേയോ ചുമതലപ്പെടുത്താവുന്നതാണ്.

മാനേജർമാർ സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി മിനുറ്റ്സ് ബുക്ക് പരിശോധിക്കണമെന്ന് അപേക്ഷിക്കുന്നു. ഉച്ചഭക്ഷണ കമ്മിറ്റി ഏറ്റവും കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും യോഗം ചേർന്ന് പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുകയും കമ്മറ്റി തീരുമാനങ്ങളും ഹാജറും മിനുറ്റ്സ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ എല്ലാ പ്രധാനാധ്യാപകർക്കും അയച്ചിട്ടുണ്ട്. അതിന്റെ ഒരു കോപ്പിയുടെ പ്രിന്റ് പ്രധാനാധ്യാപകർ മാനേജർ അച്ചന്മാർക്ക് നല്കേണ്ടതാണ്.

## അധ്യാപക സെലക്ഷൻ

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലേക്ക് വിവിധ തസ്തികകളിലേക്ക് അധ്യാപക നിയമനത്തിന് സെലക്ഷൻ നടത്തുന്നു. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് തലശ്ശേരി

കോർപ്പറേറ്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഏപ്രിൽ 13-ാം തീയതിക്കു മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. എല്ലാ വിഷയങ്ങളുടെയും സെലക്ഷൻ ഇതിനു മുമ്പ് നടന്നത് 2015 നവംബർ മാസത്തിലാണ്. കഴിഞ്ഞ പരീക്ഷയിൽ പങ്കെടുത്തവരിൽ ഇതുവരെയും സ്ഥിരനിയമനം ലഭിക്കാത്തവർ വീണ്ടും പങ്കെടുക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ രജിസ്ട്രേഷൻ നവീകരിക്കേണ്ടതാണ്. കഴിഞ്ഞ പരീക്ഷയ്ക്ക് ശേഷം രജിസ്റ്റർ ചെയ്തവർ വീണ്ടും അപേക്ഷ കൊടുക്കേണ്ടതില്ല. ഓരോ വിഷയത്തിന്റെയും പരീക്ഷ നടത്തുന്ന തീയതി അറിയിച്ച് ഉദ്യോഗാർത്ഥികൾക്ക് കത്ത് അയക്കുന്നതാണ്. പരീക്ഷ സംബന്ധിച്ച സംശയങ്ങൾക്ക് ഞായറാഴ്ച ഒഴികെ ബാക്കി ദിവസങ്ങളിൽ 3 മണി മുതൽ 4 മണി വരെയുള്ള സമയത്ത് 9446963970, 9446511672 നമ്പറുകളിൽ വിളിക്കാവുന്നതാണ്.

ബഹുമാനപ്പെട്ട അച്ചന്മാർ മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ പള്ളിയിൽ അറിയിച്ച് ഉദ്യോഗാർത്ഥികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകണമെന്ന് അപേക്ഷിക്കുന്നു.

## യാത്രയയപ്പു സമ്മേളനം

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നും 2018-19 വർഷം വിരമിക്കുന്ന അധ്യാപക അനധ്യാപകർക്കുള്ള യാത്രയയപ്പു സമ്മേളനം മികച്ച സ്കൂളുകൾ, പി.ടി.എ, അധ്യാപകർ എന്നിവർക്കുള്ള അവാർഡ് വിതരണം ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് എന്നിവ 2019 മാർച്ച് 9 നു സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു.

തലമുറകളെ വാർത്തെടുക്കേണ്ട ഉത്തരവാദിത്വമാണ് അധ്യാപകർക്കുള്ളതെന്ന് ഉദ്ഘാടന സന്ദേശത്തിൽ ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഓർമ്മിപ്പിച്ചു. അധ്യാപനം ഒരു ദൈവവിളിയാണ് വിദ്യാർത്ഥികളെ നാടിന് വെളിച്ചമാകുന്ന തരത്തിൽ വളർത്തികൊണ്ടുവരാൻ അധ്യാപകർക്കു കഴിയണമെന്നും ആർച്ച് ബിഷപ്പ് സൂചിപ്പിച്ചു. അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി സമ്മേളനത്തിന്റെ അധ്യക്ഷനായിരുന്നു. ഏതൊരു വ്യക്തിയുടെയും ജീവിത വിജയത്തിനു പിന്നിൽ അധ്യാപകർക്കുള്ള പങ്ക് വളരെ വലുതാണെന്ന് ഡോ. എ.പി.ജെ അബ്ദുൾകലാമിന്റെ ജീവിതത്തിലൂടെ അഭിവന്ദ്യപിതാവ് വ്യക്തമാക്കി. അതിരൂപതാ വികാരി ജനറൽ മോൺ അലക്സ് താരാമംഗലം മുഖ്യ പ്രഭാഷണം നടത്തി. യോഗത്തിൽ ഫാ. ജെയിംസ് ചെല്ലങ്കോട്ട്, ഫാ. മാത്യു ശാസ്താംപടവിൽ, ശ്രീ. ജോർജ് ടി.ജെ, ശ്രീ. സജീവ് സി.ഡി, എൻ. ഡി സണ്ണി എന്നിവർ സംസാരിച്ചു.

## ആദരവ്

കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷന്റെയും സംസ്ഥാന അധ്യാപക അവാർഡ് ജേതാക്കളായ ശ്രീ. ജെയ്സൺ അട്ടാറിമാക്കൽ (ഹെഡ്മാസ്റ്റർ, സെന്റ് ജോസഫ്സ് യു.പി.എസ് വായാട്ടുപറമ്പ) ശ്രീമതി ബ്രിജിറ്റ് പി.ഇ (ഹെഡ്മിസ്ട്രസ് വിമല

എൽ.പി.എസ് ഭീമനടി) എന്നിവരെ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറള ക്കാട്ട് പൊന്നാടയണിയിച്ച് ആദരിച്ചു.

## അവാർഡു ജേതാക്കൾ

**ബെസ്റ്റ് സ്കൂൾ അവാർഡുകൾ**

ഓരോ വിഭാഗത്തിലും മികച്ച 3 സ്കൂളുകളെയാണ് തിരഞ്ഞെടുത്തത്

**എൽ.പി വിഭാഗം**

നിർമ്മലഗിരി എൽ.പി എസ് വെള്ളരിക്കുണ്ട്
സെന്റ് തോമസ് എൽ.പി.എസ് തോമാപുരം
സെന്റ് മേരീസ് എൽ.പി.എസ് എടൂർ

**യു.പി വിഭാഗം**

വയത്തൂർ യു.പി.എസ് ഉളിക്കൽ
സേക്രട്ട് ഹാർട്ട് യു.പി.എസ് അങ്ങാടിക്കടവ്
സെന്റ് ജോസഫ് യു.പി.എസ് കുന്നോത്ത്

**ഹയർ സെക്കണ്ടറി വിഭാഗം**

സേക്രട്ട് ഹാർട്ട് എച്ച്.എസ്.എസ് അങ്ങാടിക്കടവ്
സെന്റ് മേരീസ് എച്ച്.എസ്.എസ് എടൂർ
സാൻതോം എച്ച്.എസ്.എസ് കൊളക്കാട്

**ചെറിയ സ്കൂൾ വിഭാഗം**

സെന്റ് ജോസഫ് എൽ.പി.എസ് രണ്ടാംകടവ്

**ബെസ്റ്റ് പി.ടി.എ അവാർഡ് ജേതാക്കൾ**

നിർമ്മലഗിരി എൽ.പി.എസ് വെള്ളരിക്കുണ്ട്
ദേവമാത എച്ച്.എസ് പൈസക്കരി
സെന്റ് ജൂഡ്സ് എച്ച്.എസ് പുലിക്കുരുമ്പ
സെന്റ് മേരീസ് എച്ച്.എസ് ചെറുപുഴ

**അധ്യാപക അനധ്യാപക അവാർഡുകൾ**

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എക്സലൻസ് അവാർഡുകൾ
പി.ഇ ബ്രിജിറ്റ് (പ്രധാനാധ്യാപിക വിമല എൽ.പി.എസ് ഭീമനടി)
സി. എമിലി സെബാസ്റ്റ്യൻ (പ്രിൻസിപ്പാൾ, സെന്റ് തോമസ് എച്ച്എസ് കിളിയന്തറ)
വൽസമ്മ ജോസ് (പ്രധാനാധ്യാപിക, നിർമ്മല എച്ച്.എസ് ചെമ്പേരി)

**മോൺ തോമസ് പഴേപറമ്പിൽ മാതൃകാ അധ്യാപക അവാർഡ്**

തോമസ് മാത്യു (പ്രധാനാധ്യാപകൻ. ചെറുപുഷ്പ യു.പി.എസ് ചന്ദനക്കാംപാറ)
ജെസി എബ്രഹാം (സെന്റ് ജോസഫ് യു.പി.എസ് പുലിക്കുരുമ്പ)

**ദേശീയ സംസ്ഥാനതല മത്സര വിജയികൾ**

**ചെറുപുഷ്പ ഹൈസ്കൂൾ ചന്ദനക്കാംപാറ**

**ദേശീയ തലം**

വടംവലി - ഗോൾഡ്-1, സിൽവർ -1 ബ്രോൺസ് -1

ബാസ്ക്കറ്റ് ബോൾ - ബ്രോൺസ് - 1
ദേശീയ ജഗ് ഓഫ് വാർ - ചാമ്പ്യൻഷിപ്പ്

**സംസ്ഥാന തലം**
സ്കൂൾ ടഗ് ഓഫ് വാർ പെൺകുട്ടികൾ- ചാമ്പ്യൻഷിപ്പ്
അണ്ടർ 17 (പെൺ)- സംസ്ഥാന റണ്ണറപ്പ്
അണ്ടർ 13 (പെൺ) - സംസ്ഥാന റണ്ണറപ്പ്
അണ്ടർ 19 (പെൺ)- 460 കി.ഗ്രാം റണ്ണറപ്പ്
ബാസ്ക്കറ്റ് ബോൾ- 5 ഗോൾഡ്, 14 സിൽവർ, 28 ബ്രോൺസ്

**സംസ്ഥാന സ്കൂൾ കലോത്സവം**
ഇംഗ്ലീഷ് പദ്യം ചൊല്ലൽ- ടെസ്സ മരിയ ജയ്സൺ എ. ഗ്രേഡ്
മലയാളം പ്രസംഗം- ഹിൽസ ജയ്സൺ ബി. ഗ്രേഡ്
ടെസ്സ മരിയ ജയ്സൺ രചിച്ച ഇംഗ്ലീഷ് കവിതകളുടെ സമാഹാരം BEYOND THE HORIZON എന്ന പുസ്തകം K.C JESEPH (MLA) പ്രകാശനം ചെയ്തു.

**സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ് വെളിമാനം**
**സംസ്ഥാന തലം**
കാർഡ് ആന്റ് സ്ട്രോ ബോർഡ് പ്രൊഡക്ട്സ് - എയിഞ്ചൽ തോമസ് ഒന്നാം സ്ഥാനവും എ ഗ്രേഡും
പേപ്പർ ക്രാഫ്റ്റ് - സീമ വിൻസന്റ് എ ഗ്രേഡും ഗ്രേസ് മാർക്കും

**സെന്റ് തോമസ് എച്ച്.എസ്.എസ് തോമാപുരം**
**സംസ്ഥാന തലം**
ശാസ്ത്രോൽസവം
തെരേസ് മരിയ പ്രിൻസ്- പ്രസംഗം-എ ഗ്രേഡ്
അന്ന എലിസബത്ത് രാജു- ഇക്കോണമിക്കലി ന്യൂട്രീഷ്യസ് ഫുഡ്-എ ഗ്രേഡ്

| | |
|---|---|
| അഖിൽ ബാബു | - ബാംബു പ്രൊഡക്റ്റസ് - എ ഗ്രേഡ് |
| അക്ഷര | - ബുക്ക് ബൈന്റിംങ്ങ്സ് - എ ഗ്രേഡ് |
| ദിൽന സെബാസ്റ്റ്യൻ | - അഗർബത്തി മെയ്ക്കിംഗ് - എ ഗ്രേഡ് |
| അഖിൽ ജോസ് | - ഗണിതശാസ്ത്ര മേള - സി ഗ്രേഡ് |
| കായികം (വടംവലി) | |
| വില്യം ടോമി | - രണ്ടാം സ്ഥാനം |
| തോമസ് ബിജു | - രണ്ടാം സ്ഥാനം |
| അലീന ഡൊമിനിക് | - മൂന്നാം സ്ഥാനം |
| സ്വീൻ ബിജോ | - മൂന്നാം സ്ഥാനം |
| ആദിഷ് ഷാജി | - രണ്ടാം സ്ഥാനം |
| യുവജനോത്സവം | |
| നയൻ എലിസബത്ത് | - എ. ഗ്രേഡ് |
| അമല മാത്യു | - എ ഗ്രേഡ് |
| ബാന്റ് മേളം | - ഹയർ സെക്കണ്ടറി വിഭാഗം സംസ്ഥാന തലത്തിൽ എ ഗ്രേഡ് |

**സെന്റ് തോമസ് എച്ച്.എസ്.എസ് മണിക്കടവ്**

**സംസ്ഥാന തലം**

അലക്സ് രാജേഷ് - അത്‌ലറ്റിക്സ് ഗോൾഡ്

അലീഷ വി.എസ് - ജൂഡോ സിൽവർ

എൽ. റോയി ബാബു - ജൂഡോ ഗ്രേസ് മാർക്ക്

ശരത്ത് കെ.ആർ - നീന്തൽ ഗ്രേസ് മാർക്ക്

ആൽബിൻ ബാബു - നീന്തൽ ഗ്രേസ് മാർക്ക്

അപർണിക ടോം - നീന്തൽ ഗ്രേസ് മാർക്ക്

കിരൺ മാർട്ടിൻ - സെപ്ക്താക്രോ സിൽവർ

ജോയൽ ബാബു - സെപ്ക്താക്രോ സിൽവർ

മുഹമ്മദ് യാസീൻ - സെപ്ക്താക്രോ സിൽവർ

നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾ

നോയൽ സുഷാൻ, അക്ഷയ ശശി, നന്ദു മോഹൻ, രമിൽ ബാബു

**ദേവമാത എച്ച്.എസ് പൈസക്കരി**

**സംസ്ഥാന തലം**

ആൻ മേരി ജോസഫ് - ലോക്കൽ ഹിസ്റ്ററി റൈറ്റിംങ് എ ഗ്രേഡ്

യദുകൃഷ്ണ ടി.വി - ചെണ്ട/തായമ്പക, എ ഗ്രേഡ്

അനന്ദു ജനാർദനൻ - മിമിക്രി സി ഗ്രേഡ്

പ്രജ്വൽ ജോസ് - ജൂഡോ

**ദേശീയ തലം**

റെൽബിൻ എം.ബി - ബാസ്ക്കറ്റ് ബോൾ ജൂനിയർ ബോയ്സ്

അനീറ്റ തെരേസ്, ഗ്ലോറി മാത്യു- മിനി ബാസ്ക്കറ്റ് ബോൾ ഗേൾസ്

മിഥുൻ മോഹൻ - വോളി ബോൾ സബ് ജൂനിയർ

ഗൗതം ടി. രമേഷ് - സൈക്കിൾ റെയിസിംഗ്

**സെന്റ് ജോൺസ് എച്ച്.എസ്.എസ് പാലാവയൽ**

**സംസ്ഥാന തലം**

കരാട്ടേ ചാമ്പ്യൻഷിപ്പ്

സൗപർണിക വി സുരേഷ് - സ്വർണ്ണ മെഡൽ, ബ്രോൺസ് മെഡൽ

സൂര്യ ഗായത്രി വി സുരേഷ് - സിൽവർ മെഡൽ

നീന്തൽ മത്സരം

ക്രിസ്റ്റി അഗസ്റ്റി - സിൽവർ മെഡൽ

**സെന്റ് മേരീസ് എച്ച്.എസ്.എസ് എടൂർ**

അഷിൻ ബെന്നി,ജോയൽ ജോസഫ് - നാഷണൽ ഗെയിംസ് ഓഫ് ടഗ് വാർ ഫെഡറേഷൻ

നാടകം - സംസ്ഥാന തലം എ ഗ്രേഡ്

**സെന്റ് ജൂഡ്സ് എച്ച്.എസ്.എസ് വെള്ളരിക്കുണ്ട്**

ദേവിക കെ - യോഗ ഒളിംബ്യാട്

സൂര്യഞ്ജലി പി ബിനു - കരാട്ടേ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

**ഫോൺ : 8281750777 , 8281730777**

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ വിവിധ പരീക്ഷൾക്ക് ഒരുക്കമായിട്ടുള്ള പരിശീലനങ്ങൾ നടത്തപ്പെടുന്ന സമയമാണ് ഏപ്രിൽ-മെയ് മാസങ്ങൾ. വിവിധ പ്രവേശനപരീക്ഷകൾക്ക് ആപ്ലിക്കേഷൻ അയച്ചിട്ടുള്ളവർ പരീക്ഷാപരിശീലനകേന്ദ്രങ്ങളിൽ പഠിക്കുന്നത് കൂടുതൽ അഭികാമ്യമാണ്. ഈ വർഷത്തെ വാർഷിക പരീക്ഷകൾക്കുശേഷം വിവിധ കേന്ദ്രങ്ങളിൽ വളരെ വിപുലമായ തോതിലുള്ള പരീക്ഷാ പരീശീലനങ്ങൾക്ക് വേണ്ടിയുള്ള ക്രമീകരണങ്ങൾ അക്കാഡമി ചെയ്തിട്ടുണ്ട്. പരിശീലനങ്ങൾ മാർച്ച് അവസാനത്തോടെ ആരംഭിച്ചു. ബാക്കിയുള്ളവ ഏപ്രിൽ-മെയ് മാസങ്ങളിൽ ആരംഭിക്കപ്പെടുന്നതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

## I. IELTS പരിശീലനം

സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ മാതാ സെന്റർ കേന്ദ്രീകരിച്ച് താമസ സൗകര്യത്തോടെ IELTS പരിശീലനം ഏപ്രിൽ 25-ാം തീയതി മുതൽ തലശ്ശേരിയിൽ ആരംഭിക്കുന്നു. ആദ്യ ബാച്ചിൽ 25 കുട്ടികൾക്കാണ് പ്രവേശനം അനുവദിക്ക പ്പെടുക. കോഴ്സ് ഫീസ് രണ്ട് മാസത്തേയ്ക്ക് 12,000 രൂപയും+ഹോസ്റ്റൽ ഫീസുമാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ആദ്യബാച്ചിലെ കുട്ടികൾക്ക് ഒരു മാസത്തേയ്ക്ക് 7999 രൂപയും+ ഹോസ്റ്റൽഫീസും രണ്ടുമാസത്തേയ്ക്ക് 9999 രൂപയും+ഹോസ്റ്റൽ ഫീസും നല്കിയാൽ മതിയാകും. ഇത് ഫസ്റ്റ് ബാച്ചിനുള്ള പ്രത്യേക പാക്കേജായിരിക്കും. വിജയികൾക്ക് UK യിൽ നഴ്സിംഗ് സംബന്ധമായ ജോലികൾക്ക് പ്രത്യേക സഹായസഹകരണങ്ങൾ സൗജന്യമായി സാൻജോസ് അക്കാഡമി നല്കുന്നതാണ്. ആദ്യബാച്ചിൽ അഡ്മിഷൻ ആവശ്യമുള്ളവർ ഏപ്രിൽ 20-ന് മുമ്പായി 8281 750 777, 8281 730 777 എന്നീ

---

| | |
|---|---|
| മുഹമ്മദ് റിനാസ് | - വടം വലി ഒന്നാം സ്ഥാനം |
| ജെയിംസ് പ്രസാദ് | - വടം വലി ഒന്നാം സ്ഥാനം |
| ശ്രേയ തോമസ് | - വെബ് ദി സൈനിങ് എ ഗ്രേഡ് |
| ഫ്രൻസി കെ റോബോർട്ട് | - ഡിജിറ്റൽ പെയിന്റിങ് ബി ഗ്രേഡ് |
| ഡൊമിനിക് സെബാസ്റ്റ്യൻ | - എൻ.എൻ.എം.എസ് സ്കോളർഷിപ്പ് |

**ഫാ. മാത്യു ശാസ്താംപടവിൽ**
അസി. കോർപ്പറേറ്റ് മാനേജർ

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്. കേരളത്തിലെ പ്രഗത്ഭ അധ്യാപകർ കോഴ്സുകൾക്ക് നേതൃത്വം നല്കുന്നതാണ്.

## II. NEET/JEE / KEAM Crash Coaching

മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകളുമായി ബന്ധപ്പെട്ടും, ദേശീയ-സംസ്ഥാന യൂണിവേഴ്സിറ്റികൾ, മറ്റു പ്രത്യേക സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുമുള്ള എൻട്രൻസ് പരീക്ഷകളുടെ ഒരുക്കങ്ങളുടെ സമയമാണിപ്പോൾ. ഇതുമായി ബന്ധപ്പെട്ട വിവിധ പരീക്ഷകൾക്ക് ഒരുക്കമായി ഒരുമാസക്കാലം നീണ്ടുനിൽക്കുന്ന Entrance Crash Coaching 2019 മാർച്ച് 28 മുതൽ മെയ് 3 വരെ അതിരൂപതയുടെ വിവിധ കേന്ദ്രങ്ങളിൽ വച്ച് ആരംഭിച്ചു. കുന്നോത്ത് HSS, ആലക്കോട് മേരി മാതാ കോളേജ് എന്നീ കേന്ദ്രങ്ങളിലാണ് ഇത്തവണത്തെ Crash Coaching-കൾ നൽകുന്നത്. വിദ്യാർത്ഥികൾക്ക് ഭവനങ്ങളിൽനിന്ന് ദിനംപ്രതി കോച്ചിംങ് സെന്ററുകളിൽ എത്തിച്ചേരാവുന്ന വിധത്തിലാണ് ക്ലാസുകൾ ക്രമപ്പെടുത്തിയിരിക്കുന്നത്.

## III. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K-TET മൂന്നാം ബാച്ചിന്റെ പരിശീലനം 2.3.2019 ശനിയാഴ്ച ഇരിട്ടി സെന്റ് ജോസഫ്സ് ചർച്ച് ഓഡിറ്റോറിയം, 3.3.2019 ഞായറാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയം എന്നിവിടങ്ങളിൽ ആരംഭിച്ചു. പുതിയതായി ബാച്ചിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

## IV. Bridge +1

എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായി രണ്ട് വർഷം നീണ്ടുനിൽക്കുന്ന പരിശീലന ക്യാമ്പുകൾ രൂപതയുടെ 3 കേന്ദ്രങ്ങളിൽവച്ച് നടത്തപ്പെടുകയാണ്. ഒന്നാം വർഷ പ്ലസ്ടു വിദ്യാർത്ഥികൾക്ക് വേണ്ടി മെയ് ആദ്യവാരം മുതൽ ക്ലാസുകൾ ആരംഭിക്കും. കുന്നോത്ത്, ആലക്കോട്, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിലാണ് കേന്ദ്രങ്ങൾ. പത്താം ക്ലാസിൽ മികച്ച വിജയം പ്രതീക്ഷിക്കുന്ന കുട്ടികൾക്ക് ഇപ്പോൾത്തന്നെ പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സുകൾക്ക് രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. വലിയ അവധിക്കാലങ്ങളിലും, പ്രധാന അവധി ദിവസങ്ങളിലും ശനിയാഴ്ച ദിവസങ്ങളിലുമാണ് ക്ലാസ്സുകൾ നടത്തപ്പെടുക.

## V. Bridge +2

ഇക്കഴിഞ്ഞ വർഷത്തിൽ ആരംഭിച്ച എൻട്രൻസ് പരിശീലനങ്ങളുടെ തുടർച്ചയായി പ്ലസ്ടു പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്കായുള്ള എൻട്രൻസ് രണ്ടാം വർഷ പരിശീലനം കുന്നോത്ത് ഹയർസെക്കൻഡറി സ്ക്കൂളിലും വെള്ളരിക്കുണ്ട് സെന്റ് ജൂഡ്സ് ഹയർസെക്കന്ററി സ്കൂളിലും വച്ച് ഏപ്രിൽ 5-ാം തീയതി മുതൽ ആരംഭിക്കുന്നതാണ്. രണ്ടാം വർഷ പരിശീലനത്തിൽ

പുതുതായി അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് സാൻജോസ് അക്കാഡമി ഓഫീസിൽ പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## VI. PSC Coaching

കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് മേഖലകളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള കവാടമാണല്ലോ P.S.C., U.P.S.C. പരീക്ഷകൾ. ലളിതവും എന്നാൽ നല്ല ഒരുക്കവും പരിശീലനവും ആവശ്യമായ പരീക്ഷാഘടനയാണ് ഇതിനുള്ളത്. നമ്മുടെ അതിരൂപതയിലെ വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന ഈ പരിശീലന പദ്ധതി കാര്യക്ഷമമായി മുന്നോട്ടുപോകുന്നു. പൈസക്കരി ദേവമാതാ കോളേജ്, ആലക്കോട് മേരിമാതാ കോളേജിലുമായി 200 ഓളം വിദ്യാർത്ഥികൾ പരിശീലനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ വരുന്ന വലിയ അവധിക്കാലത്തും പരിശീലനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഈ ബാച്ചിനോടൊപ്പം ചേരാൻ ആഗ്രഹിക്കുന്നവർ സാൻ ജോസ് അക്കാഡമി ഓഫീസിലോ കോളേജ് ഓഫീസിലോ പേര് നല്കേണ്ടതാണ്.

## VII. NET Exam Crash Coaching

ജൂൺമാസം 20 മുതൽ 28 വരെ നടത്താനിരിക്കുന്ന നെറ്റ് പരീക്ഷയ്ക്ക് ഒരുക്കമായുള്ള ക്രാഷ് കോച്ചിങ് ക്യാമ്പ് മെയ് 15 മുതൽ 25 വരെ തീയതികളിൽ തലശ്ശേരി സന്ദേശഭവൻ, ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയം എന്നിവിടങ്ങളിൽ വച്ച് ആരംഭിക്കുന്നതാണ്. ജനറൽ പേപ്പറിന്റെ വിഷയങ്ങളായിരിക്കും പഠിപ്പിക്കപ്പെടുക. പി.ജി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പൂർത്തിയാക്കിയവർക്കും കോളേജ് അധ്യാപകരാകാനും റിസേർച്ച് ഫെലോസ് ആകാനുമുള്ള യോഗ്യതാപരീക്ഷയായ യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് വേണ്ടി ഒരുങ്ങാവുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ നേരത്തെതന്നെ പേര് നല്കേണ്ടതാണ്. പ്രഗത്ഭ അധ്യാപകരുടെ കീഴിലുള്ള ഈ പരിശീലനപദ്ധതിയെ സംബന്ധിച്ച് നമ്മുടെ യുവജനങ്ങളെ ബഹു. വികാരിയച്ചന്മാർ അറിയിക്കുമല്ലോ.

## VIII THE LEADER

വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനം ലക്ഷ്യമാക്കികൊണ്ട് നടത്തപ്പെടുന്ന ദി ലീഡർ പ്രോഗ്രാം ഈ വർഷവും സംഘടിപ്പിക്കപ്പെടുന്നുണ്ട്. നമ്മുടെ അതിരൂപതയിലെ മതബോധന വിദ്യാർത്ഥികളെയും ചെറുപുഷ്പ മിഷൻ ലീഗ് പ്രവർത്തകരെയുമാണ് ഇതിലേക്ക് പ്രതീക്ഷിക്കുന്നത്. ആറാം ക്ലാസ് മുതൽ പത്താം ക്ലാസ്സ്വരെ പഠിക്കുന്ന 80 കുട്ടികൾക്കുവേണ്ടിയാണ് ഈ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. അതിരൂപതയുടെ പരിശീലന കേന്ദ്രങ്ങളായ സന്ദേശഭവൻ, പടന്നക്കാട് പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിലാണ് ചെറുപുഷ്പ മിഷൻ ലീഗിനോട് സഹകരിച്ചുകൊണ്ടുള്ള ഈ ക്യാമ്പുകൾ നടത്തപ്പെടുക. സന്ദേശഭവനിൽ വച്ച് മെയ് 8 മുതൽ 11 വരെയുള്ള ദിവസങ്ങളിലും പടന്നക്കാട് മെയ് 15 മുതൽ 18 വരെയുള്ള ദിവസങ്ങളിലുമാണ് ക്യാമ്പുകൾ നടത്തപ്പെടുക. രജിസ്ട്രേഷൻ ഫീസ് 900 രൂപയായിരിക്കും.

ചെറുപുഷ്പ മിഷൻ ലീഗ് ഓഫീസിലോ, സാൻജോസ് അക്കാഡമി ഓഫീസിലോ പേർ രജിസ്റ്റർ ചെയ്യാവുന്നതാണ്.

## IX. ജോലി ഒഴിവ്

സാൻജോസ് അക്കാഡമിയുടെ വിവിധ പരിശീലനകേന്ദ്രങ്ങളിലേക്ക് കെമിസ്ട്രി, ഫിസിക്സ്, കണക്ക്, സുവോളജി, ബോട്ടണി എന്നീ വിഷയങ്ങളിൽ പി.ജി കഴിഞ്ഞ അധ്യാപകരെ ദിവസവേതനത്തിൽ നിയമിക്കുന്നതാണ്. ഈ വിഷയങ്ങളിൽ മികച്ച എൻട്രൻസ് കോച്ചിംങ് നൽകാൻ പ്രാഗല്ഭ്യമുള്ള അധ്യാപകരെയാണ് അക്കാഡമി പ്രതീക്ഷിക്കുന്നത്. നമ്മുടെ ഇടവകകളിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഉണ്ടെങ്കിൽ ബഹു.വികാരിയച്ചന്മാർ ഈ വിവരം പള്ളികളിൽ അറിയിക്കുമല്ലോ. അതോടൊപ്പം പി.എസ്.സി കോച്ചിംങ്ങിന്റെ ഭാഗമായുള്ള വിവിധ വിഷയങ്ങളിൽ ക്ലാസുകൾ എടുക്കാൻ യോഗ്യരായ അധ്യാപകരെയും അക്കാഡമിയിലേക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. നമ്മുടെ കോർപ്പറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന അധ്യാപക-ഉദ്യോഗാർത്ഥികളായ സഹോദരങ്ങൾക്ക് ഈ സുവർണ്ണാവസരം പ്രയോജനപ്പടുത്താവുന്നതാണ്.

വിവിധ സ്ഥാപനങ്ങളും കമ്പനികളും അവരുടെ വിവിധ കേന്ദ്രങ്ങളിൽ വരുന്ന ഒഴിവുകൾ സാൻജോസ് അക്കാഡമിയിൽ അറിയിക്കാറുണ്ട്. നമ്മുടെ ഇടവകകളിൽപ്പെടുന്ന അഭ്യസ്ഥവിദ്യരായ ആളുകൾക്ക് സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടുകയാണെങ്കിൽ ഇത്തരം ജോലി ഒഴിവുകളെ സംബന്ധിച്ചുള്ള അറിവുകൾ കൈമാറുന്നതാണ്.

## X. 'വിജയവീഥി : ഉപരിപഠന വഴികാട്ടി'- പുസ്തകം

സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ്സ്, പ്ലസ് ടു പഠിക്കുന്ന കുട്ടികൾക്ക് പഠനശേഷം തെരെഞ്ഞെടുക്കാവുന്ന വിവിധ കോഴ്സുകളെസംബന്ധിച്ചും പരീക്ഷകളെസംബന്ധിച്ചും വിശദമായി പ്രതിപാദിക്കുന്ന 'വിജയവീഥി ഉപരിപഠന വഴികാട്ടി' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ വിവിധ പരീക്ഷകൾ എഴുതി പുതിയ കോഴ്സുകൾക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് ഇത് ഒരു നല്ല വഴികാട്ടിയായ പുസ്തകമായിരിക്കും. എല്ലാ ഹൈസ്കൂളുകളിലെയും ഹയർസെക്കണ്ടറിയിലെയും കുട്ടികൾക്ക് ഇത് ഉപകാരപ്രദമാവട്ടെ എന്ന് ആശംസിക്കുന്നു. പുസ്തക വില 100 രൂപ. കൂടുതൽ കോപ്പികൾ എടുക്കുന്നവർക്ക് പ്രത്യേക ഡിസ്ക്കൗണ്ട് നൽകുന്നതാണ്. അനേക കോഴ്സുകളെ സംബന്ധിച്ചും സ്ഥാപനങ്ങളെ സംബന്ധിച്ചുമുള്ള വിശദമായ വിവരങ്ങൾ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

## XI സെമിനാറുകൾ - ക്ലാസ്സുകൾ

മാതാപിതാക്കൾ, പി.ടി.എ, യുവജനങ്ങൾ, കുട്ടികൾ എന്നിവർക്കുവേണ്ടിയുള്ള പ്രത്യേക ക്ലാസ്സുകളും സെമിനാറുകളും സാൻജോസ് അക്കാ

ഡമിയുടെ നേതൃത്വത്തിൽ ഇടവകകളിലും, സ്ഥാപനങ്ങളിലും നടത്തി ക്കൊടുക്കുകയും ആവശ്യമായ റിസോഴ്‌സ് പേഴ്‌സൺസിനെ ക്രമീകരിച്ച് നല്കുന്നതുമാണ്.

1. 01.03.2019 വെള്ളിയാഴ്ച വെള്ളരിയാനം ഇടവകയിൽ വി. കുർബ്ബാന അർപ്പിച്ച് സാൻ ജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർ അച്ചൻ സംസാരിച്ചു.
2. 03.03.2019 ഞായറാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ തളിപ്പറമ്പ് റീജിയന്റെ പ്രവർത്തനങ്ങൾ K-TET പരീക്ഷാ പരിശീലന ത്തോടെ ആരംഭിച്ചു. ഫൊറോന വികാരി വെരി. റവ. ഫാ. അബ്രഹാം പോണാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. ബഹു. ജിൻസ് പ്ലാവുനിൽക്കും പറമ്പിലച്ചും ബഹു. പയസച്ചനും ആശംസകളർപ്പിച്ച് സംസാരിച്ചു.
3. 10.03.2019 ഞായറാഴ്ച ആലക്കോട് ഇടവകയിൽ ബഹു. പയസച്ചൻ വി. കുർബാനയർപ്പിക്കുകയും സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.
4. 17.03.2019 ഞായറാഴ്ച കാലിച്ചാനടുക്കം ഇടവകയിൽ ബഹു. പയസ ച്ചൻ വി.കുർബാനയർപ്പിക്കുകയും സാൻജോസ് അക്കാഡമി പ്രവർത്ത നങ്ങൾ വിശദീകരിക്കുകയും ചെയ്തു.
5. 19.03.2019 ചൊവ്വാഴ്ച കണിച്ചാർ ഇടവകയിൽ വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ബഹു. പയസച്ചൻ വി.കുർബാനയർപ്പിച്ചു.
6. 24.03.2019 ഞായറാഴ്ച മണിക്കടവ് ഇടവകയിൽ ബഹു. പയസച്ചൻ വി. കുർബാനയർപ്പിക്കുകയും സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.
7. 31.03.2019 ഞായറാഴ്ച കുന്നോത്ത് ഇടവകയിൽ ബഹു. പയസച്ചൻ വി. കുർബാനയർപ്പിക്കുകയും സാൻജോസ് അക്കാഡമി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും യുവജനങ്ങൾക്കുവേണ്ടിയുള്ള പ്രത്യേക സെമിനാറിൽ കരിയർ ഗൈഡൻസ് വിഷയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

## ഹൃദയപൂർവ്വം

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹാ യസഹകരണങ്ങൾ നല്കിയ ഏവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട്,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

ചെമ്പേരി വിമൽ ജ്യോതിയിൽനിന്നും സ്നേഹാശംസകൾ! ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലും, എം.ബി.എ കോളേജിലും 2019-20 വർഷത്തെ അഡ്മിഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. എൻജിനീയറിംഗിന്റെ എല്ലാ ബ്രാഞ്ചുകളിലേക്കും യോഗ്യരായ വിദ്യാർത്ഥികൾക്കും യോഗ്യതാ പരീക്ഷ ഈ വർഷം എഴുതുന്ന കുട്ടികൾക്കും അപേക്ഷിക്കാവുന്നതാണ്.

## ബി.ടെക് സീറ്റ് മുൻകൂട്ടി ബുക്ക് ചെയ്യാം

2019-20 വർഷം എൻജിനീയറിംഗ് അഡ്മിഷൻ ആഗ്രഹിക്കുന്നവർക്ക് ഇഷ്ടപ്പെട്ട ബ്രാഞ്ചിൽ മുൻകൂട്ടി സീറ്റ് ബുക്ക് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട വൈദികരുടെയും, രക്ഷാകർത്താക്കളുടെയും അഭിപ്രായം കണക്കിലെടുത്താണ് ഈ വർഷം ഇങ്ങനെ ഒരു സൗകര്യം ഒരുക്കിയിരിക്കുന്നത്. ഈ അവസരം പ്രയോജനപ്പെടുത്താനാഗ്രഹിക്കുന്നവർ എസ്.എസ്.എൽ.സി, പ്ലസ് വൺ മാർക്ക്ഷീറ്റുകളുമായി നേരിട്ട് കോളേജിൽ വരിക.

## വിമൽ ജ്യോതിയിൽ നിലവിലുള്ള കോഴ്സുകൾ :

| B.Tech | Seats |
|---|---|
| 1. Applied Electronics & Instrumentation | - 30 |
| 2. Civil Engineering | - 120 |
| 3. Computer Science & Engineering | - 120 |
| 4. Electrical & Electronics Engineering | - 60 |
| 5. Electronics & Communication Engineering | - 90 |
| 6. Mechanical Engineering | - 120 |

**M.Tech**

1. Control & Instrumentation
2. Stuctural Engineering & Construction Management
3. Computer Science & Engineering
4. Power Electronics
5. Communication Engineering & Signal Processing
6. Thermal Engineering

**Ph.D**

**B.Tech Honours -** NBA അക്രഡിറ്റേഷൻ ലഭിച്ചതിനാൽ നമ്മുടെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് B.Tech Honours ന് ചേരാൻ അനുമതി എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (KTU) നിന്ന് ലഭിച്ചു എന്ന വിവരം അഭിമാനപൂർവ്വം അറിയിക്കുന്നു.

അഡ്മിഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് കോളേജിൽ നേരിട്ട് വരി

കയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക : 9447683082, 9745698949, 9846423448, 0460 2213399, 2212240.

## പ്ലേസ്മെന്റ് വാർത്തകൾ

മുൻവർഷങ്ങളെ അപേക്ഷിച്ച് പ്ലേസ്മെന്റ് സെല്ലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ നടന്നുകൊണ്ടിരിക്കുന്നു.

1. ഫെബ്രുവരി 8-ാം തീയതി ഫെഡറൽ ബാങ്ക് വിമൽ ജ്യോതിയിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. 16 കുട്ടികളെ നോൺ ഓഫീസർ കേഡറിലേക്കും, 2 കുട്ടികളെ ഓഫീസർ കേഡറിലേക്കും ഷോർട്ട്ലിസ്റ്റ് ചെയ്തു. 27.02.2019ന് ഫെഡറൽ ബാങ്കിന്റെ കോഴിക്കോട് റീജണൽ ഓഫീസിൽ വച്ച് ഫൈനൽ ഇന്റർവ്യൂവിൽ 4 കുട്ടികൾക്ക് ജോലി ലഭിച്ചു.
2. NETHRAM LLC വിമൽ ജ്യോതി ക്യാമ്പസിൽ നടത്തിയ റിക്രൂട്ട്മെന്റിൽ 6 കുട്ടികളെ ഫൈനൽ ഇന്റർവ്യൂവിലേയ്ക്ക് തിരഞ്ഞെടുത്തു.
3. ബഹുരാഷ്ട്ര ഐ.റ്റി കമ്പനിയായ Cognizent Technology Solutions (CTS) അഖിലേന്ത്യാ തലത്തിൽ നടത്തിയ Campus Recruitment Test ൽ വിമൽ ജ്യോതിയിലെ 8 അവസാനവർഷ വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു.
4. പ്രമുഖ ട്രെയിനിംഗ് കമ്പനിയായ Face Academy വിമൽ ജ്യോതിയിൽ ഫൈനൽ സെലക്ഷൻ പ്രൊസസ്സ് നടത്തി.
5. UAE based കമ്പനിയായ Agile Consulting വിമൽ ജ്യോതിയിൽ കാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിച്ചു.
6. Amazon നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിലെ 3 കുട്ടികൾക്ക് ജോലി ലഭിച്ചു.
7. കൊച്ചി ആസ്ഥാനമായ Spectrum Software Company വിമൽ ജ്യോതി കാമ്പസിൽ നടത്തിയ റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിലെ 112 കുട്ടികൾ പങ്കെടുത്തു.
8. ESAF ബാങ്ക് 05.03.2019ന് വിമൽ ജ്യോതി എം.ബി.എ കോളേജിൽവച്ച് പ്ലേസ്മെന്റ് പൂൾ ഡ്രൈവ് നടത്തി. നമ്മുടെ കോളേജിലെയും, മറ്റ് കോളേജുകളിലെയും വിദ്യാർത്ഥികൾ പങ്കെടുത്തു.

## എൻജിനീയറിംഗ് എൻട്രൻസ് റെസിഡൻഷ്യൽ ക്രാഷ് കോഴ്സ് ആരംഭിച്ചു

കേരളാ ഗവൺമെന്റ് നടത്തുന്ന എൻട്രൻസ് പരീക്ഷയുടെയും, പ്ലസ്ടു പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങൾക്ക് കിട്ടുന്ന മാർക്കിന്റെയും അടിസ്ഥാനത്തിലാണ് മെറിറ്റ് അഡ്മിഷൻ. മുൻവർഷങ്ങളിൽ നടത്തിയിരുന്നതുപോലെ ഈ വർഷവും നമ്മുടെ കോളേജിൽവച്ച് എൻജിനീയറിംഗ് എൻട്രൻസിനായുള്ള റെസിഡൻഷ്യൽ ക്രാഷ് കോഴ്സ് നടന്നുകൊണ്ടിരിക്കുന്നു. മാർച്ച് 29 മുതൽ ഏപ്രിൽ 13 വരെയാണ്

ക്ലാസ്സുകൾ. ഏപ്രിൽ 27,28 തീയതികളിലാണ് എൻട്രൻസ് പരീക്ഷ നടക്കുന്നത്. വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ അദ്ധ്യാപകരുടെ നേതൃത്വത്തിലാണ് കോഴ്സ് നടത്തുന്നത്. നിരവധി വർഷത്തെ പരിചയമുള്ള പ്രഗത്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. ബഹു. വൈദികരുടേയും, ബഹു. സിസ്റ്റേഴ്സിന്റെയും മേൽനോട്ടത്തിലാണ് കോളേജിൽ എല്ലാ കുട്ടികൾക്കും താമസ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. കൃത്യ സമയത്ത് ചേരാൻ സാധിക്കാത്ത കുട്ടികൾക്ക് വേണ്ട സഹായം ചെയ്തു കൊടുക്കുന്നതാണ്. എൻജിനീയറിംഗ് പഠിക്കാനാഗ്രഹമുള്ള കുട്ടികളെ ഈ വിവരങ്ങൾ അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും : 0460 2212240, 2213399, 9447683082, 9745698949

## നാഷണൽ സയൻസ് ഡേ

പ്രശസ്ത ശാസ്ത്രജ്ഞനായ ഡോ.സി.വി. രാമന്റെ ജന്മദിനാഘോഷത്തിന്റെ ഭാഗമായി വിമൽ ജ്യോതിയിൽ നാഷണൽ സയൻസ് ഡേ ആഘോഷിച്ചു. നൂതന സാങ്കേതികവിദ്യകൾ കാർഷിക മേഖലയിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ച് ഒരു ഏകദിനശില്പശാല സംഘടിപ്പിച്ചു. സമീപ ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 50 വിദ്യാർത്ഥികളും, 30 കർഷക പ്രതിനിധികളും പങ്കെടുത്തു. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെയും, KSCSTE യുടെയും സഹകരണത്തോടെയാണ് പ്രോഗ്രാം നടത്തിയത്. മെക്കാനിക്കൽ ഡിപ്പാർട്ടുമെന്റിലെ പ്രൊഫസർ സുനിൽ പോൾ ശില്പശാലക്ക് നേതൃത്വം നൽകി.

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമി

എൻജിനീയറിംഗ് കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാദമി അതിന്റെ പരിശീലന പരിപാടികൾ വിജയകരമായി നടത്തിക്കൊണ്ടിരിക്കുന്നു. പുതുതായി ആരംഭിച്ച ജനറൽ ഐെക്സ്റ്റെൻസീവ് ബാച്ചിലേക്കുള്ള അഡ്മിഷൻ ഇപ്പോൾ നടക്കുന്നു. താല്പര്യമുള്ളവർ ഉടൻതന്നെ പേര് രജിസ്റ്റർ ചെയ്യുക.

## ഡെൻമാർക്ക് യൂനിവേഴ്സിറ്റി പ്രൊഫസർ ഡോ.വസ്സിലോസ് ജി ആൽഗെഡിസ് വിമൽ ജ്യോതിയിൽ പ്രഭാഷണം നടത്തി

എൻജിനീയറിംഗ് മേഖലയിലെ അന്താരാഷ്ട്ര സംഘടനയായ IEEE പവർ ഇലക്ട്രോണിക്സ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സൗരോർജത്തിന്റെ വരുംകാല സാധ്യതകൾ എന്ന വിഷയത്തിൽ ഒരു IEEE Distinguished Lecturer Program സംഘടിപ്പിച്ചു. ടെക്നിക്കൽ യൂനിവേഴ്സിറ്റി ഓഫ് ഡെൻമാർക്ക് ഇലക്ട്രിക്കൽ വിഭാഗം പ്രൊഫസർ ഡോ.വസ്സിലോസ് ജി ആൽഗെഡിസ് മുഖ്യപ്രഭാഷണം നടത്തി. ഇന്ധനലഭ്യത പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സൗരോർജത്തെ എങ്ങനെ ഫലപ്രദമായി ഉപയോഗപ്പെടുത്താം എന്നതാണ് സെമിനാറിന്റെ വിഷയം. രാജ്യത്തെ വിവിധ എൻജിനീയറിംഗ്

കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും, അദ്ധ്യാപകരും ഈ സെമിനാറിൽ പങ്കെടുത്തു.

## സ്പോർട്സ് ഡേ

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ 17-ാമത് സ്പോർട്സ് ഡേ കോളേജ് ചെയർമാൻ റവ.ഡോ.തോമസ് മേൽവെട്ടത്ത് ഉദ്ഘാടനം ചെയ്ത്, മാർച്ച്ഫാസ്റ്റിൽ സല്യൂട്ട് സ്വീകരിച്ചു. പ്രിൻസിപ്പാൾ ഡോ.ബെന്നി ജോസഫ് ജേതാക്കൾക്ക് മെഡലുകളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

## ആർട്സ് ഫെസ്റ്റ് 2019

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ ഈ വർഷത്തെ കലോത്സവം - ആർട്സ് ഫെസ്റ്റ് സുപ്രസിദ്ധ സംഗീത സംവിധായകനും ഗായകനുമായ ഫൈസൽ റാസ്സി ഉദ്ഘാടനം ചെയ്തു. എൻജിനീയറിംഗ് വിദ്യാർത്ഥികളുടെ സർഗ്ഗാത്മക വാസനകളുടെ മികച്ച ഒരു പ്രകടനമായിരുന്നു ആർട്സ് ഫെസ്റ്റ് 2019.

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ച്

വിമൽ ജ്യോതി എം.ബി.എ കോളേജിൽ അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. Dual specialisation in : Marketing, Finance & HRM - 60 ഡിഗ്രിക്ക് 50% മാർക്കും എൻട്രൻസിന് യോഗ്യതയുമാണ് അടിസ്ഥാന മാനദണ്ഡങ്ങൾ. അവസാനവർഷ ഡിഗ്രിക്കാർക്കും അപേക്ഷിക്കാവുന്നതാണ്. K-MAT എൻട്രൻസിനുള്ള അപേക്ഷ ഇപ്പോൾ സമർപ്പിക്കാവുന്നതാണ് (www.kmatkerala.in). വിമൽ ജ്യോതിയിൽ അഡ്മിഷൻ എടുക്കുന്ന കുട്ടികൾക്ക് കെ-മാറ്റ് ക്രാഷ് കോഴ്സ് കോളേജിൽ നടത്തുന്നുണ്ട്. അഡ്മിഷൻ ആഗ്രഹിക്കുന്നവർ നേരിട്ട് കോളേജിൽ വരികയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക : 0460 2213399, 2212240, 9745698949, 9400512240

## എം.ബി.എ പ്ലേസ്മെന്റ് സെൽ

1. ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന IMG & Brand Bay എന്ന കമ്പനി എം.ബി.എ കോളേജിൽ കാമ്പസ് റിക്രൂട്ട്മെന്റ് ഡ്രൈവ് നടത്തി.
2. ESAF ബാങ്ക് നടത്തിയ കാമ്പസ് ഡ്രൈവിൽ ഏതാനുംപേർ ഫൈനൽ റൗണ്ടിൽ പ്രവേശിച്ചു.

## SPSS ട്രെയിനിംഗ് പ്രോഗ്രാം

അവസാനവർഷ വിദ്യാർത്ഥികളുടെ മെയിൻ പ്രൊജക്ടിന് സഹായകമായ SPSS ട്രെയിനിംഗ് പ്രോഗ്രാം കാമ്പസിൽ നടത്തി. റിസർച്ച് മേഖലകളിൽ ഉപയോഗിക്കുന്നതാണ് SPSS.

## മാനേജ്മെന്റ് ഫെസ്റ്റ് - കർമ്മാന്ത 2019

വിമൽ ജ്യോതി എം.ബി.എ കോളേജിലെ മാനേജ്മെന്റ് ഫെസ്റ്റ്

# നിർമ്മലഗിരി കോളെജ്

## മാത്സ് എക്സിബിഷൻ - NUMERA 19

നിർമലഗിരി കോളേജ് മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന മാത്സ് എക്സിബിഷൻ ജനുവരി 31 ഫെബ്രുവരി 1 തീയതികളിൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. കോളേജ് മാനേജർ മാർ ജോസഫ് പാംപ്ലാനി പിതാവ് എക്സിബിഷൻ ഉദ്ഘാടനം ചെയ്തു.

## നിർമലഗിരി കോളേജ് ചാമ്പ്യൻമാർ

ഈ വർഷത്തെ കണ്ണൂർ യൂണിവേഴ്സിറ്റി ഹോക്കി ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ നിർമലഗിരി കോളേജ് കിരീടം നേടി. തുടർച്ചയായ രണ്ടാം വർഷമാണ് കോളേജ് കിരീടം നേടുന്നത്. വനിതാവിഭാഗം ഹോക്കിയിൽ രണ്ടാംസ്ഥാനവും കോളേജ് നേടി.

## നിർമലഗിരി ഫെസ്റ്റ്

നിർമലഗിരി കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ നിർമലഗിരി കോളേജ് ഫെസ്റ്റ് സംഘടിപ്പിച്ചു. എക്സിബിഷൻ, മത്സരങ്ങൾ, കലാപരിപാടികൾ മുതലായവ ഫെസ്റ്റിന്റെ ഭാഗമായുണ്ടായിരുന്നു. പ്രിൻസിപ്പാൾ ഡോ.കെ.വി.ഔസേപ്പച്ചൻ ഉദ്ഘാടനവും ചെയ്തു.

## യാത്രയയപ്പ് സമ്മേളനം

ഈ വർഷം കോളേജിൽനിന്ന് വിരമിക്കുന്ന അദ്ധ്യാപകർക്കും അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിനും ഫെബ്രുവരി 7-ാം തിയതി നിർമലഗിരി സമൂഹം പ്രൗഢഗംഭീരമായ യാത്രയയപ്പ് നൽകി. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ കോളേജ് മാനേജർ മാർ ജോസഫ് പാംപ്ലാനി അദ്ധ്യക്ഷനായിരുന്നു. പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. സ്വാഗതവും വൈസ് പ്രിൻസിപ്പാൾ ഫാ. ജോബി ജേക്കബ് നന്ദിയും പറഞ്ഞു.

കോളേജിൽനിന്ന് വിരമിക്കുന്ന അദ്ധ്യാപകർ

| | | |
|---|---|---|
| ഡോ.വർക്കി സെബാസ്റ്റ്യൻ | - | ഫിസിക്സ് |
| ഡോ.കെ.എൻ.അജോയ്കുമാർ | - | ബോട്ടണി |
| ഡോ. ഷൈല ജോർജ് | - | കെമിസ്ട്രി |
| ഡോ.മേരിക്കുട്ടി പി.റ്റി. | - | മാത്തമാറ്റിക്സ് |

➔

കർമ്മാന്ത 2019, കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. ASAP ജില്ലാ പ്രോഗ്രാം മാനേജർ ഇസ്മയിൽ കെ ബഷീർ ഉദ്ഘാടനം ചെയ്തു. വിവിധ കോളേജുകളെ പ്രതിനിനീകരിച്ച് 250 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കണ്ണൂർ യൂണിവേഴ്സിറ്റി കാമ്പസ്, പാലയാട് ഒന്നാം സ്ഥാനവും, ലിസ്സാ കോളേജ്, കോഴിക്കോട് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

സ്നേഹാശംസകളോടെ,

**ഫാ. തോമസ് മേൽവെട്ടത്ത്**

ചെയർമാൻ, വിമൽ ജ്യോതി

വിരമിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്

| | | |
|---|---|---|
| ശ്രീ. ടി.ജെ.ജയിംസ് | - | സൂപ്രണ്ട് |
| സിസ്റ്റർ മേരി ജോസഫ് | - | ക്ലാർക്ക് |
| ശ്രീ. സേവ്യർ ജോസ് | - | ക്ലാർക്ക് |
| ശ്രീമതി. ഏലിയാമ്മ വി.സി. | - | ലൈബ്രറി അസിസ്റ്റന്റ് |

## ചാവറ മെമ്മോറിയൽ പ്രസംഗ മത്സരം

നിർമലഗിരി കോളേജിൽ വച്ച് വിദ്യാർത്ഥികൾക്കായി യൂണിവേഴ്സിറ്റി തല ചാവറ മെമ്മോറിയൽ പ്രസംഗ മത്സരങ്ങൾ നടത്തി. താഴെ പേര് നല്കിയിരിക്കുന്നവർ സമ്മാനാർഹരായി.

ഒന്നാം സ്ഥാനം : അഷിൻ പോൾ (സെൻട്രൽ യൂണിവേഴ്സിറ്റി, കേരള)
രണ്ടാം സ്ഥാനം: ജിബിൻ ജോസഫ് (നിർമലഗിരി കോളേജ്)
മൂന്നാം സ്ഥാനം: സിൻഷ എം. (നിർമലഗിരി കോളേജ്)

## ക്യാൻസർ ബോധവത്കരണ സെമിനാർ

നിർമലഗിരി കോളേജ് IQACയുടേയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടേയും സംയുക്താഭിമുഖ്യത്തിൽ ക്യാൻസർ ബോധവത്കരണ സെമിനാറും എക്സിബിഷനും നടത്തി. MCC തലശ്ശേരിയിലെ വിദഗ്ധ ഡോക്ടർമാർ സെമിനാർ നയിച്ചു.

**കോളേജ് ഡേ** : ഈ വർഷത്തെ കോളേജ് ഡേ ആഘോഷങ്ങൾ ഫെബ്രുവരി 14-ന് ഹൈക്കോടതി റിട്ട.ജഡ്ജി ജോതീന്ദ്രനാഥ് ഉത്ഘാടനം ചെയ്തു.

**നാഷണൽ സെമിനാർ** : നിർമലഗിരി കോളേജ് IRISHന്റെ ആഭിമുഖ്യത്തിൽ Interstate Migrationനെ ആധാരമാക്കി ദേശീയ സെമിനാർ സംഘടിപ്പിച്ചു. പ്രൊഫ. ഇരുദയരാജ് (CDS) സെമിനാർ ഉത്ഘാടനം ചെയ്തു. ഇതര സംസ്ഥാന തൊഴിലാളികൾ പങ്കെടുത്ത പ്രത്യേക സെഷൻ സെമിനാറിന്റെ പ്രത്യേകതയായിരുന്നു.

**ഫാ.തൈത്തോട്ടം എൻഡോവ്മെന്റ് പ്രസംഗമത്സരം** : ഫാ.തൈത്തോട്ടം പൗരോഹിത്യ സുവർണജൂബിലി എൻഡോവ്മെന്റ് പ്രസംഗമത്സരം നിർമലഗിരി കോളേജിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 20-ന് സംഘടിപ്പിച്ചു. അഷിൻ പോൾ (CUK, കാസർഗോഡ്), വർഷ (PRNSS, മട്ടന്നൂർ), ജിബിൻ ജോസഫ് (നിർമലഗിരി) എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം നേടി. ഫാ.തോമസ് തൈത്തോട്ടം സമ്മാനങ്ങൾ വിതരണം ചെയ്തു.

**വിമൻസ് ഡേ ആചരണം** : നിർമലഗിരി കോളേജ് എൻ.എസ്.എസ്.ന്റെ ആഭിമുഖ്യത്തിൽ ലോക വനിതാദിനം ആചരിച്ചു. മുൻ പ്രിൻസിപ്പാൾ ഡോ. എൻ.ജെ.സലീന മുഖ്യാതിഥി ആയിരുന്നു. പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു.

## യൂണിവേഴ്സിറ്റി സോഫ്റ്റ്ബോൾ ചാമ്പ്യൻഷിപ്പ്

കണ്ണൂർ യൂണിവേഴ്സിറ്റി വനിതാ സോഫ്റ്റ്ബോൾ ചാമ്പ്യൻഷിപ്പ് നിർമലഗിരി കോളേജിൽ വച്ച് ഫെബ്രുവരി 13,14 തീയതികളിൽ നടത്തി.

**പി. ആർ.ഒ. നിർമ്മലഗിരി കോളേജ്**

# എ.കെ.സി.സി.

*കത്തോലിക്കാ കോൺഗ്രസ്സിന്റെ ഓഫീസിൽനിന്ന് ആശംസകൾ!*

എല്ലാവർക്കും ഈസ്റ്റർ ആശംസകൾ!

## ചർച്ച ആക്ട്

ഇടതുപക്ഷ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചർച്ച ആക്ട് ബില്ലിനെതിരെ ശക്തമായ സമരപരിപാടികൾ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തി. മാർച്ച് 3ന് ഞായറാഴ്ച എല്ലാ ഇടവകകളിലും കരിദിനം ആചരിച്ചു. ദിവ്യബലിക്കുശേഷം കറുത്ത ബാഡ്ജ് ധരിച്ച് പ്രതിഷേധറാലികളും, സമ്മേളനങ്ങളും നടത്തി. ചർച്ചബിൽ പിൻവലിക്കുക എന്ന ഇ.മെയിൽ സന്ദേശവും ചർച്ച് ബിൽ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഒപ്പിടലും നടത്തി, അവ ശേഖരിച്ച് നിയമ പരിഷ്ക്കരണ കമ്മീഷന് അയച്ചുകൊടുക്കുകയും ചർച്ച് ആക്ടിന്റെ കോപ്പികൾ കത്തിക്കുകയും ചെയ്തു. കരിദിനത്തിന്റെ അതിരൂപതാതല ഉദ്ഘാടനം രത്നഗിരി (മിഡിലാക്കയം) പള്ളിയിൽ തലശ്ശേരി അതിരൂപത മെത്രാപ്പൊലിത്താ മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല, ഗ്ലോബൽ ജനറൽ സെക്രട്ടറി അഡ്വ. ടോണി പുഞ്ചക്കുന്നേൽ, വികാരി ഫാ. ജോൺസൺ വേങ്ങപറമ്പിൽ, അബ്രാഹം ഈറ്റക്കൽ, അബ്രാഹം തോണക്കര എന്നിവർ പ്രസംഗിച്ചു.

## കർഷക അവകാശ പ്രഖ്യാപന സമര വിളംബര ജാഥ

ഒരുമിക്കാം! പ്രതിരോധിക്കാം! എന്ന മുദ്രാവാക്യവുമായി കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 'കണ്ണീരൊഴുക്കുന്ന കർഷകർ' 2019 മെയ് മാസത്തിൽ നടത്തുന്ന കർഷക അവകാശ പ്രഖ്യാപന പ്രക്ഷോഭത്തിന്റെ മുന്നോടിയായി നടത്തിയ സമരപ്രഖ്യാപന വിളംബരജാഥ മാർച്ച് 4,5,6 തീയതികളിൽ നടന്നു. മാർച്ച് 4ന് 11 മണിക്ക് കാസർകോഡ്, ബസ്റ്റാൻഡ് പരിസരത്തുവെച്ച് ആർച്ച് ബിഷപ്പ് എമിരറ്റ്സ് മാർ ജോർജ് വലിയമറ്റം ജാഥ ഉൽഘാടനം ചെയ്തു. കടക്കെണിമൂലം അടുത്തകാലത്ത് ആത്മഹത്യ ചെയ്ത കർഷകർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ചിത്രങ്ങൾക്കുമുമ്പിൽ പുഷ്പാർച്ചന നടത്തി. കക്ഷി രാഷ്ട്രീയത്തിനും ജാതിമത ചിന്തകൾക്കുമതീതമായി കർഷകർ സംഘടിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മാർ ജോർജ് വലിയമറ്റം പറഞ്ഞു. മലബാറിന്റെ ഇന്നത്തെ പുരോഗതിക്കു പിന്നിൽ കർഷകന്റെ വിയർപ്പും രക്തവുമാണെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് എളൂക്കുന്നേൽ അദ്ധ്യക്ഷം വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ ആമുഖ പ്രസംഗം നടത്തി. അതിരൂപതാ പ്രസിഡന്റും ജാഥാ ക്യപ്റ്റനുമായ ദേവസ്യ കൊങ്ങോല, ഗ്ലോബൽ

ജനറൽ സെക്രട്ടറിയും ജനറൽ കൺവീനറുമായ അഡ്വ. ടോണി പുഞ്ചകുന്നേൽ അതിരൂപത ഭാരവാഹികളായ ചാക്കോച്ചൻ കാരാമയിൽ, ബെന്നി പുതിയാപുറം, ബേബി നെട്ടനാനി, പീയൂസ് പറേടം, തോമസ് മാണി കളപ്പുര, അഡ്വ. ബിനോയ് തോമസ് ഓമത്തടത്തിൽ, ജോർജ് വടകര തുടങ്ങിയവർ പ്രസംഗിച്ചു. കത്തോലിക്കാ കോൺഗ്രസ് കാഞ്ഞങ്ങാട് ഫൊറോന ഡയറക്ടറും കാസർഗോഡ് സെന്റ് ജോസഫ് പള്ളിവികാരിയുമായ ഫാ. മാണിമേൽ വെട്ടം സ്വാഗതവും ഫൊറോന പ്രസിഡന്റ് ഡോ. സിറിയക് ആന്റണി നന്ദിയും പറഞ്ഞു. തുടർന്ന് പടുപ്പ്, ചിറ്റാരിക്കാൽ എന്നീ സ്ഥലങ്ങളിലെ സ്വീകരണങ്ങൾക്കുശേഷം ചെറുപുഴയിൽ സമാപിച്ചു. സമാപന സമ്മേളനം തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉൽഘാടനം ചെയ്തു. ചെറുകിട കർഷകരുടെ കടങ്ങൾ എഴുതിതള്ളാൻ കേന്ദ്ര സംസ്ഥാന സർക്കാറുകൾ തയ്യാറാകണമെന്ന് മാർ ജോസഫ് പാംപ്ലാനി പറഞ്ഞു. രാജ്യത്ത് സമ്പന്നരുടെ കോടിക്കണക്കിന് രൂപ എഴുതി തള്ളുന്ന സർക്കാർ കർഷകന്റെ കണ്ണീർ കാണാതെ പോകയാണെന്നും കർഷക അവഗണന തുടരുകയാണെന്നും അദ്ദേഹം സൂചിപ്പിച്ചു. 5ന് ചൊവ്വാഴ്ച രാവിലെ 11 മണിക്ക് തേർത്തല്ലിയിൽ നിന്ന് ആരംഭിച്ച് ആലക്കോട്, കരുവാഞ്ചാൽ, തളിപ്പറമ്പ്, ചെമ്പന്തൊട്ടി, എന്നീ സ്ഥലങ്ങളിലെ സ്വീകരണങ്ങൾക്കുശേഷം ചെമ്പേരിയിൽ സമാപിച്ചു. 6ന് ബുധനാഴ്ച രാവിലെ 11 മണിക്ക് പയ്യാവൂരിൽ നിന്ന് ആരംഭിച്ച് ഉളിക്കൽ, അങ്ങാടിക്കടവ്, കരിക്കോട്ടക്കരി, ഇരിട്ടി, പേരാവൂർ എന്നിവിടങ്ങളിലെ സ്വീകരണ ജാഥക്കുശേഷം കേളകത്ത് സമാപിച്ചു.

സമാപന സമ്മേളനം തലശ്ശേരി അതിരൂപത മെത്രാപ്പോലിത്ത മാർ ജോർജ് ഞറളക്കാട്ട് ഉൽഘാടനം ചെയ്തു. കർഷകന്റെ ഉല്പന്നങ്ങൾക്ക് മാന്യമായ വില ലഭ്യമാക്കുവാനോ, ഇൻഷൂറൻസ് ഏർപ്പെടുത്തുവാനോ കടങ്ങൾ എഴുതിത്തള്ളുവാനോ തയ്യാറാകാത്ത ഭരണാധികാരികൾ കുത്തക മുതലാളിമാരുടെയും കോർപ്പറേഷനുകളുടെയും ആയിരക്കണക്കിന് കോടികളുടെ കടങ്ങൾ എഴുതി തള്ളുന്നതിന് മടികാണിക്കില്ലെന്ന് മാർ ജോർജ് ഞെറളക്കാട്ട് പറഞ്ഞു. കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുവാൻ സർക്കാറുകൾ ആർജ്ജവം കാണിക്കണമെന്ന് അദ്ദേഹം സൂചിപ്പിച്ചു. അതിരൂപതാ പ്രസിഡന്റ് ദേവസ്യ കൊങ്ങോല അദ്ധ്യക്ഷം വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ, ജനറൽ കൺവീനറും ഗ്ലോബൽ ജനറൽ സെക്രട്ടറിയുമായ അഡ്വ. ടോണി പുഞ്ചകുന്നേൽ, ജോണി തോമസ് വടക്കേക്കര, ഫൊറോന ഡയറക്ടർ ഫാ. തോമസ് കീഴാരത്തിൽ, ഫാ. മനോജ് ഒറ്റപ്ലാക്കൽ, തോമസ് പാറക്കൽ, കുഞ്ഞുമോൻ കണിയാഞ്ചാലിൽ തുടങ്ങിയവർ പ്രസംഗിച്ചു. കർഷക ജാഥ വിജയിപ്പിക്കുന്നതിനായി പരിശ്രമിച്ച് നേതൃത്വം നൽകിയ സ്വീകരണ സമ്മേളനം ഉൽഘാടനം ചെയ്തും ആശം

സകളർപ്പിച്ചും പങ്കെടുത്തും സ്വീകരിച്ച അഭിവന്ദ്യ പിതാക്കന്മാർ ഫൊറോന വികാരിമാർ, വികാരിയച്ചന്മാർ, സിസ്റ്റേഴ്സ്, കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഭാരവാഹികൾ, ഫൊറോനാ പ്രസിഡന്റുമാർ, ജാഥാ അംഗങ്ങൾ, യൂണിറ്റ് പ്രസിഡന്റുമാർ, ഫൊറോനാ യൂണിറ്റ് ഭാരവാഹികൾ, പ്രവർത്തകർ, കർഷക സുഹൃത്തുക്കൾ, മാന്യസുഹൃത്തുക്കൾ, എല്ലാവർക്കും കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ കമ്മിറ്റിയുടെ കടപ്പാടും നന്ദിയും രേഖപ്പെടുത്തുന്നതോടൊപ്പം തുടർന്ന് ഈ പ്രക്ഷോഭ പരിപാടികൾക്കു സഹകരണവും പിന്തുണയും അഭ്യർത്ഥിക്കുന്നു.

## ഗ്ലോബൽ പ്രതിനിധി സമ്മേളനം - മൗണ്ട് സെന്റ് തോമസ് കാക്കനാട്

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രതിനിധി സമ്മേളനം മാർച്ച് 8ന് കാക്കനാട് മാർ സെന്റ് തോമസിൽ ചേർന്നു മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി സമ്മേളനം ഉൽഘാടനം ചെയ്തു. ഗ്ലോബൽ സമിതിയുടെ വിവിധ അവാർഡുകളും പുരസ്കാരങ്ങളും സമ്മേളനത്തിൽ വിതരണം ചെയ്തു. അതിരൂപതയിൽ നിന്ന് പ്രസിഡന്റു ദേവസ്യ കൊങ്ങോല, ഗ്ലോബൽ ജനറൽ സെക്രട്ടറി അഡ്വ. ടോണി പുഞ്ചക്കുന്നേൽ, ചാക്കോച്ചൻ കാരാമയിൽ, ഡേവീസ് ആലങ്ങാടൻ, ജോർജ് ജോസഫ് വലിയമുറത്താങ്കൽ, ഷാജി ചുക്കനാനി എന്നിവർ പങ്കെടുത്തു.

## മികച്ച ഫൊറോന - ചെമ്പന്തൊട്ടി

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി ഏർപ്പെടുത്തിയ മികച്ച ഫൊറോനകളുടെ 2017-2018 വർഷത്തെ അവാർഡിൽ ചെമ്പതൊട്ടി ഫൊറോന അർഹമായി മേജർ ആർച്ച് ബിഷപ്പ് കാർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയിൽനിന്ന് ചെമ്പതൊട്ടി ഫൊറോന പ്രസിഡന്റ് ജോർജ് ജോസഫ് വലിയമുറത്താങ്കൽ, അതിരൂപതാ പ്രസിഡന്റ് ദേവസ്യ കൊങ്ങോല, ഗ്ലോബൽ ജനറൽ സെക്രട്ടറി, അഡ്വ. ടോണി പുഞ്ചക്കുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ അവാർഡ് ഏറ്റുവാങ്ങി.

## അതിരൂപതാ എക്സിക്യുട്ടീവ് മാർച്ച് 11

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ എക്സിക്യുട്ടീവ് യോഗം മാർച്ച് 11ന് തലശ്ശേരി സന്ദേശഭവനിൽ ചേർന്നു. കർഷക ജാഥ വിജയിപ്പിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. 2017-18 വർഷത്തിൽ മികച്ച ഫെറോനയായി തിരഞ്ഞെടുക്കപ്പെട്ട ചെമ്പതൊട്ടി ഫൊറോനയിലെ യൂണിറ്റ്, ഫൊറോന ഭാരവാഹികൾ, പ്രവർത്തകർ, ഫൊറോന വികാരി, മേഖലാ ഡയറക്ടർ, വികാരിയച്ചന്മാർ എന്നിവരെ യോഗം അഭിനന്ദിച്ചു.

കർഷക ജാഥയിലെ ആവശ്യങ്ങൾ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് മുന്നണികൾക്കും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും നിവേദനം നൽകുന്നതിന് തീരുമാനിച്ചു.



# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ

*''നീ ധർമ്മദാനം ചെയ്യുമ്പോൾ അതു രഹസ്യമായിരിക്കേണ്ടതിന് നിന്റെ വലതു കൈ ചെയ്യുന്നത് ഇടതു കൈ അറിയാതിരിക്കട്ടെ. രഹസ്യങ്ങൾ അറിയുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം നൽകും.''*

(മത്തായി 6:3-4)

യേശുവിന്റെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ഓർമ്മകളിലൂടെ കടന്നുപോകുന്ന ഈ നോമ്പുകാലത്ത്, പ്രാർത്ഥനയ്ക്കും പാപപരിഹാരത്തിനും പ്രായശ്ചിത്ത പ്രവൃത്തികൾക്കും ദാനധർമ്മത്തിനും നമ്മൾ കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്.

"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്" എന്ന യേശുവിന്റെ വാക്കുകൾ ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് നമുക്ക് വേറോനിക്കയെപ്പോലെ മറ്റുള്ളവരുടെ കണ്ണീർ തുടയ്ക്കാം. ശിമയോനെപ്പോലെ മറ്റുള്ളവരുടെ ഭാരങ്ങൾ നമുക്ക് ഏറ്റെടുക്കാം-അദ്ധ്വാനിക്കുന്നവരെയും ഭാരം വഹിക്കുന്നവരെയും ആശ്വസിപ്പിച്ചുകൊണ്ട് നമുക്ക് നമ്മുടെ വിൻ

➔

---

കത്തോലിക്കാ കോൺഗ്രസ്സ് അതിരൂപതാ വാർഷിക സമ്മേളനം ഏപ്രിൽ അവസാനം നടത്തുന്നതിന് തീരുമാനിച്ചു.

പരസ്പര സഹായനിധിയുടെ ആദ്യ ജനറൽ ബോഡിയോഗം മാർച്ച് 11ന് നടന്നു. അടുത്ത ജനറൽബോഡിയോഗം ഏപ്രിൽ 10ന് ബുധനാഴ്ച സന്ദേശഭവനിൽ ചേരുന്നതാണ്.

കുടുംബകൂട്ടായ്മ വാർഡുകളിൽ കത്തോലിക്കാ കോൺഗ്രസിന്റെ പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടവരുടെ യോഗം ഇടവകാതലത്തിൽ വിളിച്ചുചേർക്കുന്നതിന് യൂണിറ്റ് പ്രസിഡന്റുമാർക്ക് നിർദ്ദേശം നൽകുന്നതിന് ഫൊറോന പ്രസിഡന്റുമാരെ ചുമതലപ്പെടുത്തി. ഫൊറോനയുടെ ചാർജ് വഹിക്കുന്ന അതിരൂപതാ ഭാരവാഹികൾ നേതൃത്വം നൽകേണ്ടതാണ്.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

സെൻഷ്യൻ പ്രവർത്തനങ്ങൾ കൂടുതൽ ചൈതന്യമുള്ളതാക്കാം. അതിനുള്ള അനുഗ്രഹം ഉത്ഥിതനായ യേശു നമുക്ക് പ്രദാനം ചെയ്യട്ടെ. ഏവർക്കും ഈസ്റ്ററിന്റെ മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

## അഭിനന്ദനങ്ങൾ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ദേശീയ വനിത പ്രതി നിധിയായി തലശ്ശേരി അതിരൂപതയിലെ ചെമ്പേരി ലൂർദ് മാതാ വനിതാ കോൺഫ്രൻസിന്റെ പ്രസിഡണ്ടും തലശ്ശേരി സി.സിയുടെ വനിതാ പ്രതി നിധിയും, കെ.ആർ.സി.സി. വനിതാ കോ-ഓർഡിനേറ്ററുമായ സി. ജോളി സെബാസ്റ്റ്യൻ കാരക്കുന്നേലിലെ നിയമിച്ചു. സംഘടനയുടെ ദേശീയ പ്രസി ഡണ്ടും അന്തർദേശീയ വൈസ് പ്രസിഡണ്ടുമായ ബ്ര. ഡോ. ജോൺസൺ വർഗ്ഗീസ് എറണാകുളം റിന്യൂവൽ സെന്ററിൽ വെച്ചുനടന്ന ലോക വനിത ദിനാഘോഷത്തിൽ വെച്ചാണ് നിയമന പ്രഖ്യാപനം നടത്തിയത്. സി. ജോളി സെബാസ്റ്റ്യന് തലശ്ശേരി സി.സി.യുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

## ഇരിട്ടി സോണൽ സെമിനാർ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ കുന്നോത്ത്, പേരാ വൂർ, എടൂർ, നെല്ലിക്കാംപൊയിൽ എന്നീ എസികൾ ഉൾപ്പെടുന്ന ഇരിട്ടി സോണൽ സെമിനാർ 2019 മാർച്ച് 4-ാം തിയതി ഇരിട്ടി സെന്റ് ജോസഫ് ഇടവകാ പാരീഷ് ഹാളിൽ വെച്ച് നടത്തപ്പെട്ടു. 1.30ന് കുരിശിന്റെ വഴിയോടെ ആരംഭിച്ച സെമിനാറിൽ തലശ്ശേരി സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഇരിട്ടി സെന്റ് ജോസഫ് ഇടവക വികാരി റവ. ഫാ. ജോസഫ് മഞ്ചപ്പിള്ളി പ്രസ്തുത സെമിനാർ ഉൽഘാടനം ചെയ്തു. പൈസക്കരി ദേവമാതാ ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ പാലാക്കുഴി ക്ലാസ് നയിച്ചു. തുടർന്ന് തലശ്ശേരി സി.സി. യുടെ പുതിയ പദ്ധതിയായ നേത്രപടലദാന പദ്ധതിയെക്കുറിച്ച് eye വിഷൽ പ്രോജക്ടിന്റെ സ്ഥാപക ഡയറക്ടർ റവ. ഫാ. ജോർജ് കണ്ണന്താനം ബോധ വൽക്കരണ ക്ലാസ് നടത്തി. സെമിനാറിൽ സി.സി. സിനീയർ വൈസ് പ്രസി ഡന്റ് ബ്ര. കെ.ടി.ജോസഫ് കാരിക്കുന്നേൽ, സി.സി. ജനറൽ സിക്രട്ടറി ബ്ര. ദേവസ്യ കളരിക്കൽ, നാഷണൽ കൗൺസിൽ വനിതാ പ്രതിനിധിയായി തിര ഞ്ഞെടുത്ത സി. ജോളി സെബാസ്റ്റ്യൻ കാരികുന്നേൽ എന്നിവർ ആശംസ കളർപ്പിച്ച് സംസാരിച്ചു. പേരാവൂർ എ.സി. പ്രസിഡന്റ് ബ്രാ. ജോർജ് തെക്കെ യിൽ പ്രാരംഭ പ്രാർത്ഥനയും എടൂർ എ.സി. പ്രസിഡന്റ് ബ്ര. മൈക്കിൾ പൊടിമറ്റത്തിൽ ജ്ഞാനവായനയും നടത്തി- നെല്ലിക്കാംപൊയിൽ എ.സി. പ്രസിഡണ്ടും ഇരിട്ടി സോണൽ കോ-ഓഡിനേറ്ററുമായ ബ്ര. ലൂക്കോസ് കണിപ്പള്ളിൽ സ്വാഗതവും കുന്നോത്ത് എ.സി. പ്രസിഡന്റ് ബ്ര. ജോസ്. വാണിയ കിഴക്കേൽ നന്ദിയും പറഞ്ഞു. 250-ഓളം അംഗങ്ങൾ പങ്കെടുത്ത പ്രസ്തുത സെമിനാർ സമാപന പ്രാർത്ഥനയോടും തുടർന്ന് സ്നേഹവിരു ന്നോടും കൂടി സമാപിച്ചു.

## ആലക്കോട് സോണൽ സെമിനാർ

ആലക്കോട്, പെരുമ്പടവ്, തളിപ്പറമ്പ്, വായാട്ടുപറമ്പ്, ഏ.സി.കളുടെ സംയുക്താഭിമുഖ്യത്തിൽ 2019 മാർച്ച് 9-ാം തിയതി കരുവാൻചാൽ ലിറ്റിൽ ഫ്ളവർ ഹാളിൽ വച്ച് സെമിനാർ നടത്തപ്പെട്ടു.

സോണൽ കൺവീനർ ബ്ര. തോമസ് പുത്തൻപുര അദ്ധ്യക്ഷത വഹിച്ചു. തളിപ്പറമ്പ് എ.സി. പ്രസിഡന്റ് ബ്ര. പൗലോസ് പറേടം സ്വാഗതം ആശംസിച്ചു. കരുവാൻചാൽ ലിറ്റിൽ ഫ്ളവർ ചർച്ച് വികാരി റവ. ഫാ. മാത്യു പാലമറ്റം സെമിനാർ ഉദ്ഘാടനം ചെയ്തു. പാത്തൻപാറ സെന്റ് ആന്റണീസ് പള്ളിവികാരി റവ. ഫാ. ജോൺ വാഴക്കാട്ട് ക്ലാസ് നയിച്ചു.

റവ. ഫാ. ജോർജ് കണ്ണന്താനം "പ്രോജക്റ്റ് വിഷൻ" സംബന്ധമായി ബോധവൽക്കരണ ക്ലാസ് നടത്തി. നേത്രദാനം എന്ന മഹത്തായ സേവനത്തിനായി സംഘടനയിലെ എല്ലാ പ്രവർത്തകരും ആദ്യമായി മുന്നോട്ടുവരണമെന്ന് അദ്ദേഹം എല്ലാവരെയും ഓർമ്മിപ്പിച്ചു.

സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ ആശംസകൾ നേർന്നു. നേത്രദാന സംബന്ധമായി ചെയ്യേണ്ട നടപടി ക്രമങ്ങളെപ്പറ്റി അദ്ദേഹം വിശദീകരണം നൽകി. ഡാൻസ്, ഭക്തിഗാനാലാപനം എന്നിവയും നടത്തപ്പെട്ടു. ആലക്കോട് എ.സി. പ്രസിഡന്റ് ബ്രദർ മാത്യു ചിറപ്പുറം നന്ദി പ്രകടനം നടത്തി. വായാട്ടുപറമ്പ് എ.സി. പ്രസിഡന്റ് ബ്ര. ജോസഫ് ചെറുക്കാവിൽ പരിപാടികൾക്ക് നേതൃത്വം നൽകി. സ്നേഹവിരുന്നിനുശേഷം 1 മണിയോടെ സെമിനാർ അവസാനിച്ചു.

## ചെമ്പന്തൊട്ടി എ.സി. നാലാമത് വാർഷികവും സെമിനാറും

2018 -19 വർഷത്തിലെ വാർഷിക സമ്മേളനവും സെമിനാറും 9-3-2019 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണിവരെ വിളക്കന്നൂർ ക്രിസ്തുരാജാ ദേവാലയ ഹാളിൽ വച്ച് നടത്തി. പ്രാരംഭപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ സി.സി. പ്രസിഡന്റ് ബ്ര. ബാബുകൊട്ടാരം അദ്ധ്യക്ഷത വഹിച്ചു. വിളക്കന്നുർ കോൺഫറൻസ് പ്രസിഡന്റ് സണ്ണി പായിക്കാട്ട് സ്വാഗതവും എ.സി. പ്രസിഡന്റ് ബ്ര. ജോൺസൺ കൂട്ടിയാനിയിൽ ആമുഖ ഭാഷണവും നടത്തി. അദ്ധ്യക്ഷ പ്രസംഗത്തിൽ സി.സി. പ്രസിഡന്റ് യേശുവിന്റെ കരുണയുടെ മുഖത്തെക്കുറിച്ചു വിൻസൻഷ്യൻ പ്രവർത്തനങ്ങളുടെ കരുണയുടെ മുഖവും യേശുവിനു സാക്ഷ്യം വഹിക്കുന്നതിനെക്കുറിച്ചും സാക്ഷ്യപ്പെടുത്തി. എ.സി. സെക്രട്ടറി ബ്ര. ജോസ് കൂട്ടുങ്കൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. എ.സി. ട്രഷറർ. ബ്ര. തോമസ് ഉള്ളാട്ടിൽ വാർഷിക വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു.

തുടർന്ന് വിളക്കന്നൂർ ക്രിസ്തുരാജാ ചർച്ച് വികാരി റവ. ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ വാർഷിക സമ്മേളനം ഉൽഘാടനം ചെയ്തു. ആധുനിക കാലഘട്ടത്തിൽ വിൻസെൻഷ്യൽ പ്രവർത്തനങ്ങളുടെ പ്രസക്തി അദ്ദേഹം ഊന്നിപറഞ്ഞു. അംഗങ്ങളുടെ എണ്ണംകൊണ്ടല്ല പ്രവർത്തനങ്ങളുടെ വ്യാപ്തി

കൊണ്ട് വിൻസെൻഷ്യൻ സംഘടന ലോകത്തെ അത്ഭുതപ്പെടുത്തുകയാണെന്ന് അദ്ദേഹം പറഞ്ഞു.

റവ. ഫാ. ജോർജ്ജ് കണ്ണന്താനം നേത്രദാനത്തെക്കുറിച്ച് വിശദമായി പ്രതിപാദിച്ചു. എ.സി. തലത്തിൽ നേത്രദാനത്തിന്റെ പ്രവർത്തനത്തിന് ആരംഭം കുറിച്ചു. നേത്രദാനത്തെക്കുറിച്ചുള്ള അംഗങ്ങളുടെ എല്ലാ സംശയങ്ങളും ദൂരീകരിച്ചു. തുടർന്ന് രണ്ട് വ്യക്തികളെ ആദരിച്ചു. ജൂബിലി ആഘോഷിക്കുന്ന വിളക്കന്നൂർ ഇടവക വികാരി റവ. ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേലിനെയും, റൂബി ജൂബിലി ഭവനനിർമ്മാണം, നേത്രദാനം തുടങ്ങിയ നിരവധി സാമൂഹിക സേവനങ്ങൾക്കും ചുക്കാൻ പിടിക്കുന്ന സി.സി. പ്രസിഡന്റ് ബ്ര. ബാബു കൊട്ടാരത്തിലിനെയും ചടങ്ങിൽ ആദരിച്ചു.

തുടർന്ന് അവാർഡ് ദാനവും സമ്മാനദാനവും നിർവ്വഹിച്ചു. എ.സി. തലത്തിൽ ബെസ്റ്റ് കോൺഫറൻസായി വിളക്കന്നൂർ ക്രിസ്തുരാജാ കോൺഫറൻസ് തെരഞ്ഞെടുക്കപ്പെട്ടു. ഭവനനിർമ്മാണം മുതൽ നിരവധി സമൂഹ്യ പ്രവർത്തനങ്ങൾ ഇവർ ഭംഗിയായി നിർവ്വഹിച്ചുവരുന്നു. ഒസ്സാനാം ഫെസ്റ്റിന് എ.സി. തലത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ കരയത്തുംചാൽ സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസിന് സാഹിത്യരംഗങ്ങളുടെ മികവിനും അവാർഡ് നൽകി. തുടർന്ന് എ.സി.തല മൽസരങ്ങളിൽ സമ്മാനർഹമായവർക്ക് ക്യാഷ് അവാർഡും മൊമെന്റോയും സമ്മാനിച്ചു.

“ആധുനിക കാലഘട്ടത്തിൽ വിൻസെൻഷ്യൽ പ്രവർത്തനങ്ങൾ നേരിടുന് വെല്ലുവിളികൾ” എന്ന വിഷയത്തെക്കുറിച്ച് അമ്മംകുളം സെന്റ് ആന്റണീസ് ചർച്ച് വികാരിയും പെരുമ്പടവ് BVJM HSS ഇംഗ്ലീഷ് അദ്ധ്യാപകനുമായ റവ. ഫാ. ജോസഫ് പുതുശ്ശേരി അച്ചൻ ഓഡിയോ വിഷ്വൽ മാധ്യമം ഉപയോഗിച്ച് വളരെ പ്രസക്തവും പ്രായോഗികവുമായ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു. ഒരിക്കൽ ക്രൈസ്തവർ മാത്രം നടത്തിയിരുന്ന ഉപവിപ്രവർത്തനങ്ങൾ ഇന്ന് കോർപ്പറേറ്റ് കമ്പനികളും വലിയ കോടീശ്വരന്മാരും വ്യത്യസ്ത മതവിഭാഗങ്ങളും വലിയ പരസ്യത്തോടും മുതൽ മുടക്കോടുംകൂടി ഏറ്റെടുത്തു നടത്താൻ തുടങ്ങി. ഇത്തരം സാഹചര്യത്തിൽ ക്രൈസ്തവർ നേത്രദാനം പോലുള്ള മഹത്തായ പ്രവർത്തനങ്ങളിലേയ്ക്ക് മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്ന് ഫാ. ജോസഫ് പുതുശ്ശേരി അച്ചൻ ഉത്ബോധിപ്പിച്ചു. വളരെകാലികവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ അച്ചൻ സെമിനാറിലൂടെ അവതരിപ്പിച്ചു.

നന്ദി എ.സി. വൈസ് പ്രസിഡന്റ് അബ്രഹാം പൊറുങ്കനാൽ പറഞ്ഞു. സമാപന പ്രാർത്ഥനയോടെ വാർഷികം അവസാനിച്ചു. സ്നേഹവിരുന്നും ഉണ്ടായിരുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് കാക്കരമറ്റത്തിൽ** — ആത്മീയ ഉപദേഷ്ടാവ്

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ** — സിസി പ്രസിഡന്റ്

# പ്രതീക്ഷ വാർത്തകൾ

## മദ്യവിരുദ്ധസമ്മേളനം ചിറ്റാരിക്കാലിൽ

തോമാപുരം പള്ളിയിൽ വച്ച് വിവിധ വാർഡുകളിലെ മദ്യവിരുദ്ധസമിതി അംഗങ്ങളുടെ സമ്മേളനം നടന്നു. വെരി. റവ. ഫാ. അഗസ്റ്റ്യൻ പാണ്ട്യാംമാക്കൽ യോഗം ഉദ്ഘാടനം ചെയ്തു. ഫാ. ജോൺസൺ അന്ത്യാംകുളം ക്ലാസ് നയിച്ചു. പ്രതീക്ഷ മാനേജിംഗ് കമ്മിറ്റി അംഗം തങ്കച്ചൻ കൊല്ലക്കൊമ്പിൻ സ്വാഗതവും തോമസ് കപ്പ്യാങ്കൽ നന്ദിയും പറഞ്ഞു.

## ഏകദിന പരിശീലനം AKG കോളേജ് ഓഫ് നഴ്സിംഗ്, കണ്ണൂർ

പ്രതീക്ഷാ ചികിത്സാകേന്ദ്രത്തിൽ വച്ച് എ.കെ.ജി. കോളേജ് ഓഫ് നഴ്സിംഗിലെ വിദ്യാർത്ഥികൾക്കായി ഏകദിന Observational training നൽകപ്പെട്ടു. ഫാ. ജോൺസൺ അന്ത്യാംകുളം ക്ലാസ്സുകൾക്ക് നേതൃത്വം നടത്തി.

## പി.എ.സമ്മേളനങ്ങൾ

ചികിത്സാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ട 2019-ലെ രണ്ടാം AA മീറ്റിംഗിൽ ഡയറക്ടർ അധ്യക്ഷത വഹിച്ചു. ബ്രദർ ടോണി ഉദ്ഘാടനം നിർവ്വഹിച്ചു. ഇ.വി. നാരായണൻ പെരുമ്പടവ് ക്ലാസുകൾ നയിച്ചു. അജേഷ് പി. ജി. സ്വാഗതവും സി. എൽസീന നന്ദിയും പറഞ്ഞു. കൃഷ്ണൻകുട്ടി പുതിയതെരു, വർഗീസ് വയനാട്, ചാക്കോ രാജഗിരി, മധു പെരിങ്ങാനം, ടി.ഡി. തോമസ്, സി. തെരേസ്, ഗോപിനാഥൻ മാസ്റ്റർ തുടങ്ങിയവർ പ്രസംഗിച്ചു.

ഇരിട്ടിയിൽ വച്ച് നടത്തപ്പെട്ട AA സമ്മേളനം ഫാ. ഏലിയാസ് എടൂക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ക്ലാസുകൾക്കും പങ്കുവയ്ക്കലിനും ഫാ. ഡയറക്ടർ നേതൃത്വം കൊടുത്തു. ജോയി മണ്ഡപത്തിക്കുന്നേൽ സ്വാഗതവും ജോർജ് റ്റി.എ. നന്ദിയും പറഞ്ഞു.

2019-ലെ നാലാം AA സമ്മേളനം ചികിത്സാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. സമ്മേളനത്തിൽ ഫാ. ഡയറക്ടർ അധ്യക്ഷത വഹിച്ചു. സി. റോസ് ആന്റോ NS സമ്മേളനം ഉദ്ഘാടനം ചെയ്തു. സി. മരിയറ്റ് NS ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സി. ഷാന്റി SKD സ്വാഗതവും ഇ.വി. നാരായണൻ നന്ദിയും പറഞ്ഞു. സി. തെരേസ് CHF, മനു മാത്യു, സെബാസ്റ്റ്യൻ വയനാട്, ടി.സി. തോമസ്, മേരി ചിറയിൻമേൽ എന്നിവർ പ്രസംഗിച്ചു.

## കെ.സി.ബിസിസി. ലഹരി വിരുദ്ധ ദിനാചരണം

പ്രതീക്ഷയിൽ വച്ച് നടത്തപ്പെട്ട ലഹരി വിരുദ്ധ സമ്മേളനത്തിൽ അതിരൂപതാ വികാരിജനറാൾ മോൺ. അലക്സ് താരാമംഗലം അധ്യക്ഷത വഹിച്ചു. കണ്ണൂർ സ്പെഷൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ പി.കെ. സതീഷ്കുമാർ സംഗമം ഉദ്ഘാടനം ചെയ്തു. മനേജിംഗ് കമ്മിറ്റി അംഗം സണ്ണി പൂത്തോട്ട്, പഞ്ചായത്ത് പ്രസിഡന്റ് എ.കെ. രമ്യാ, കണ്ട്യൻ ഷീബ എന്നിവർ ആശംസകൾ അർപ്പിച്ചു. ഫാ. ജോൺസൺ അന്ത്യാംകുളം, സി. തെരേസ് CHF, സി. ഷാന്റി SKD തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ ലഹരിവിരുദ്ധ കലാപരിപാടികളും നടത്തപ്പെട്ടു.

## CDMRP എരഞ്ഞോളി

എരഞ്ഞോളി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് നടത്തപ്പെട്ട Community Disability Management and Rehabilitation Programme - ന്റെ Early Intervention സമ്മേളനത്തിൽ ഫാ. ഡയറക്ടർ പങ്കെടുത്ത് ലഹരി വിമോചന ചികിത്സാ സംവിധാനങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.

## AA മീറ്റിംഗ് ഇരിട്ടി

ഇരിട്ടി പാരീഷ്ഹാളിൽ വച്ച് നടത്തപ്പെട്ട മാർച്ച് 17-ന് AA സമ്മേളനത്തിൽ റ്റി.ടി. പത്രോസ് ക്ലാസെടുത്തു. ജോയി മണ്ഡപത്തിക്കുന്നേൽ സ്വാഗതവും സുബിൻ കോളയാട് നന്ദിയും പറഞ്ഞു. അംഗങ്ങളുടെ അനുഭവ പങ്കുയ്ക്കലും നടത്തപ്പെട്ടു.

## ബോധവൽക്കരണ ക്ലാസ്സുകൾ

ചികിത്സാകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ട ഏകദിന ബോധവൽക്കരണ സെമിനാറുകളിൽ AA മോഹൻദാസ്, ഗോപിനാഥൻ മാസ്റ്റർ എന്നിവർ നേതൃത്വം നൽകി.

## പരിശീലനപരിപാടികൾ

ജോസ്ഗിരി BKJM School of Nursing - ലെ 23 പേർ ഒരു മാസം നീണ്ടു നിൽക്കുന്ന Internship പരിശീലന പരിപാടി പ്രതീക്ഷയിൽ പൂർത്തീകരിച്ചു. പ്രതീക്ഷ, സ്റ്റാഫ് അംഗങ്ങൾ സി. തെരേസ്, സി. ഷാന്റി, മനു മാത്യു, സി. എത്സീന, ഫാ. ജോൺസൺ എന്നിവർ നേതൃത്വം നൽകി.

## ട്രെയിനിംഗിൽ പങ്കെടുത്തു

RRTC- യുടെ റീജിയണൽ പരിശീലന കേന്ദ്രമായ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട വിവിധ പരിശീലനപരിപാടികൾ സി. തെരേസ് CHF, - റോബിൻ ജോർജ്, സി. ഷാന്റി SKD, ജിപ്സ് ജിനേഷ് എന്നിവർ പങ്കെടുത്തു സർട്ടിഫിക്കറ്റുകൾ നേടി.

## അറിയിപ്പ്

നിലവിൽ തലശ്ശേരി ചികിത്സാകേന്ദ്രത്തിൽ എല്ലാമാസവും ആദ്യ ഞായറാഴ്ച രാവിലെ 9.30 മുതൽ 1 മണി വരെയും, ഇരിട്ടി സെന്റ് ജോസഫ്സ് പള്ളിഹാളിൽ എല്ലാ മൂന്നാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണി വരെയും ചിറ്റാരിക്കലിൽ എല്ലാ വെള്ളിയാഴ്ച വൈകിട്ട് 6.30-8 മണി വരെയും കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ പാരീഷ് ഹാളിൽ എല്ലാ മാസവും രണ്ടാം ഞായറാഴ്ചയും AA സമ്മേളനങ്ങൾ നടക്കാറുണ്ട്. ഇക്കാര്യം ബഹു. വായനക്കാർ ചികിത്സകഴിഞ്ഞു നില്ക്കുന്നവരെ അറിയിച്ച് പറഞ്ഞുവിട്ടാൽ അവർക്ക് അത് വളരെ ഉപകാരമാകും. സഹകരിക്കണേ.

ആദരവോടെ,

**ഫാ. ജോൺസൺ അന്ത്യാകുളം**

ഡയറക്ടർ, പ്രതീക്ഷ

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## കെ.സി.ബി.സി മദ്യവിരുദ്ധ സമിതി വിംശതി സമ്മേളനവും ദ്വിദിന പഠനശാലയും

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ആസക്തിയിൽ നിന്നും സമൂഹത്തെ വിമോചിപ്പിക്കാനും ലഹരിവസ്തുക്കളുടെ സുലഭമായ ലഭ്യതയ്ക്കെതിരെ പ്രവചാക ധീരതയോടെ പോരാടാനും വേണ്ടി " ലഹരി മുക്ത സഭയും സമൂഹവും" എന്ന ഉദാത്തമായ ലക്ഷ്യത്തോടെ 1998 -ൽ കേരള കത്തോലിക്കമെത്രാൻ സമിതി ആരംഭിച്ച കെ.സി.ബി.സി മദ്യ വിരുദ്ധ സമിതി അഭിമാനാർഹമായ 20 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു.

തലശ്ശേരി അതിരൂപത 1978 -ൽ ആരംഭിച്ച മദ്യവർജന പ്രസ്ഥാനത്തിന്റെ റൂബി ജൂബിലി വർഷത്തിൽ (40-ാം വർഷം) കെ.സി.ബി.സി മദ്യവിരുദ്ധ സമിതി വിംശതി വർഷവും (20-ാംവർഷം) ആചരിക്കുന്ന ചരിത്രമുഹൂർത്തത്തിൽ അതിരൂപത മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെ നേതൃത്വത്തിൽ 2019 മാർച്ച് 15,16 (വെള്ളി, ശനി) തിയതികളിൽ സന്ദേശഭവനിൽ വച്ച് വിംശതി സമ്മേളനവും ലഹരിവിരുദ്ധ ദ്വിദിന നേതൃത്വ പഠനശാലയും സംഘടിപ്പിച്ചു.

മാർച്ച് 15ന് വെള്ളിയാഴ്ച രാവിലെ 10.00മണിക്ക് ചേർന്ന വിംശതി സമ്മേളനം സി. ജോസ്മരിയ CMC ടീമിന്റെ പ്രാർത്ഥനാഗാനത്തോടും ശ്രീമതി മേരി ആലയ്ക്കാമറ്റത്തിന്റെ നേതൃത്വത്തിലുള്ള ലഹരിവിരുദ്ധ ആന്താലാപനത്തോടും കൂടിയാണ് ആരംഭിച്ചത്. ഫാ. തോമസ് തൈത്തോട്ടം ആമുഖ ഭാഷണം നടത്തി. മദ്യവിരുദ്ധ സമിതി അതിരൂപതാ പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യു സ്വാഗതം ആശംസിച്ചു. മലബാർ ക്യാൻസർ സെന്റർ ഡയറക്ടറും ബിഷപ്പ് വള്ളോപ്പിള്ളി അവാർഡ് ജേതാവുമായ ഡോ. സതീശൻ ബാലസുബ്രഹ്മണ്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു.

അതിരൂപത മദ്യവിരുദ്ധ സമിതിയും മുക്തിശ്രീയും അതിരൂപതയിലെ ഏറവും മികച്ച മേഖലയ്ക്കുവേണ്ടി ഏർപ്പെടുത്തിയ വിംശതി സ്മാരക റോളിംഗ് ട്രോഫി മികച്ച മേഖലയായി തെരഞ്ഞെടുക്കപ്പെട്ട ചെമ്പന്തൊട്ടി മേഖലയ്ക്ക് അഭിവന്ദ്യപിതാവ് സമ്മാനിച്ചു. മേഖലാ പ്രസിഡന്റ് സൻജൻ പുന്നയ്ക്കൽ, മുക്തിശ്രീ പ്രസിഡന്റ് ഷിനോപാറയ്ക്കൽ, എന്നിവരുടെ നേതൃത്വത്തിൽ മേഖലാപ്രവർത്തകർ ഹർഷാരവത്തോടെ ട്രോഫി ഏറ്റുവാങ്ങി ചരിത്രം കുറിച്ചു.

അതിരൂപത മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും എഡിഎ സ്യുവിന്റെയും എബ്ലം മാർ ജോസഫ് പാംബ്ലാനി ഡോ. സതീശൻ ബാലസു ബ്രഹ്മണ്യന് കൈമാറികൊണ്ട് പ്രകാശനം ചെയ്തു.

സംസ്ഥാനത്തെ മികച്ച കർഷകനുള്ള പ്രോത്സാഹന സമ്മാന ജേതാവ് ഡോ. ജോസ്‌ലറ്റ് മാത്യൂവിനെ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ടും എബ്ലം ഡിസൈൻ ചെയ്ത ശ്രീമതി ഷിനോ പാറയ്ക്കലിനെ മാർ ജോസഫ് പാംബ്ലാനിയും പൊന്നാട ചാർത്തി ബൊക്കെ നൽകി സമ്മേളനത്തിൽ വച്ച് ആദരിച്ചു.

'ലഹരി വിരുദ്ധ പ്രവർത്തനം യുഗാന്തംവരെയുള്ള സുവിശേഷ പ്രഘോഷണം' എന്ന വിഷയത്തെ അധികരിച്ച് മാർ ജോസഫ് പാംബ്ലാനി മുഖ്യപ്രഭാഷണം നടത്തി. ഫോക്‌ലോർ അക്കാദമി മുൻ ചെയർമാനും 'സമയം'മാസികയുടെ പത്രാധിപരുമായ പ്രൊഫ. മുഹമ്മദ് അഹമ്മദ്, കേരള മദ്യനിരോധന സമിതി സെക്രട്ടറി റ്റി.പി.ആർ നാഥ്, മുക്തിശ്രീ ആനിമേറ്റർ ഡോ. സെലീന എൻ.ജെ., സി.എം.സി. പ്രൊവിൻഷ്യാൾ ഡോ. സി. സിനോബി CMC, കെ.സി.വൈ. എം. പ്രസിഡന്റ് ജിതിൻ മുടപ്പാലയിൽ, Adv. മനോജ് എം. കണ്ടത്തിൽ (ADSU ചീഫ് ഓർഗനൈസർ), തങ്കച്ചൻ കൊല്ലക്കൊമ്പിൽ (KCBC മദ്യവിരുദ്ധ സമിതി സംസ്ഥാന വൈ. പ്രസിഡന്റ്) എന്നിവർ ആശംസകൾ നേർന്ന് കൊണ്ട് പ്രസംഗിച്ചു. മുക്തിശ്രീ പ്രസിഡന്റ് ശ്രീമതി മാർഗരറ്റ് മാത്യു നന്ദി പ്രകാശിപ്പിച്ചു. വിംശതി സമ്മേളനത്തിൽ 300ൽ പരം ലഹരി വിരുദ്ധ പ്രവർത്തകർ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിച്ച പഠനശാലയിൽ 'ലഹരി സമൂഹത്തിന് ഒരു വെല്ലുവിളി', ഉത്തരവാദിത്വപൂർണമായ ക്രൈസ്തവ നേതൃത്വം, ലഹരി മുക്ത സഭയും സമൂഹവും, ലഹരി ആസക്തി രോഗവും ചികിത്സയും പുനരധിവാസവും, മദ്യനിരോധനമോ മദ്യവർജനമോ? തുടങ്ങിയ വിഷയങ്ങൾ അവതരിപ്പിച്ചുകൊണ്ട് യഥാക്രമം ഡോ. ജോസ്‌ലറ്റ് മാത്യു, പ്രൊ. ദേവസി പന്തല്ലൂക്കാരൻ, പി. മോഹൻദാസ്, ഡോ. ജോൺസൺ അന്ത്യാംകുളം തുടങ്ങിയവർ പഠനങ്ങൾക്ക് നേതൃത്വം കൊടുത്തു.

വൈകുന്നേരം 6.00 മണി മുതൽ 7.00 മണിവരെ നടന്ന പ്രാർത്ഥന സന്ധ്യയ്ക്ക് ശ്രീ. ജോർജ് പാലാക്കുഴി നേതൃത്വം നൽകി. മാർച്ച് 16ന് ശനിയാഴ്ചത്തെ പഠനപരിപാടികൾ വികാരി ജനറാൾ ഡോ. അലക്സ് താരാമംഗലത്തിന്റെ വിശുദ്ധ കുർബാനയോടും വചന സന്ദേശത്തോടുംകൂടി ആരംഭിച്ചു. പ്രഭാത ഭക്ഷണത്തിനുശേഷം ശ്രീ റ്റി.പി. ആർ നാഥ് "മദ്യനിരോധനമോ മദ്യ വർജനമോ' എന്ന കാലിക പ്രസക്തിയുള്ള വിഷയം അവതരിപ്പിച്ചു.

പഠനശാലയിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് സമിതിയുടെ പ്രവർത്തന ശൈലിയെ സംബന്ധിച്ച് ഗ്രൂപ്പ് ചർച്ച നടത്തി. തുടർന്ന് നടത്തിയ പൊതുചർച്ചയിൽ ഗ്രൂപ്പ് സെക്രട്ടറിമാർ റിപ്പോർട്ടു

കൾ അവതരിപ്പിച്ചു. കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെയും മുക്തി ശ്രീയുടെയും ADSU വിന്റെയും ആത്മീയ തലത്തെയും (Spiritual dimensions) സാമൂഹ്യതലത്തെയും (Socio political dinenson) വിശകലനം ചെയ്തു കൊണ്ട് ചുടേറിയ വാഗ്വാദങ്ങൾ നടന്നു. ഫാ. തോമസ് തൈത്തോട്ടം, ഡോ. ജോസ്‌ലറ്റ് മാത്യു, ശ്രീമതി മാർഗരറ്റ് മാത്യു, ശ്രീ, ആന്റണി മേൽവെട്ടം എന്നിവരുടെ പാനൽ ചർച്ച നടപടികൾ ക്രമീകരിച്ചു.

രാഷ്ട്രീയ പാർടികളുടെയും മുന്നണികളുടെയും പാർലമെന്റ് തെരഞ്ഞെടുപ്പ് പ്രകടന പത്രികകളിൽ മദ്യനിരോധനം നയമായി ഉൾപ്പെടുത്തണം എന്ന ശ്രീ സണ്ണി പായിക്കാട്ടിന്റെ പ്രമേയം സമ്മേളനം ഏകകണ്ഠമായി അംഗീകരിച്ചു.

ശ്രീ. അന്റണി മേൽവെട്ടം, എല്ലാവർക്കും നന്ദി പ്രകാശനം നടത്തി. കൃതജ്ഞതാഗാനത്തോടെ രണ്ടു ദിവസത്തെ പരിപാടികൾ സമംഗളം അവസാനിച്ചു.

## അതിരൂപത കോർ കമ്മറ്റി യോഗം

അടിയന്തിര തീരുമാനങ്ങൾ എടുക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും കോർ കമ്മിറ്റികൾ 2019 മാർച്ച് 1ന് ഇരിട്ടിയിൽ വച്ചും 11ന് ചെമ്പേരിയിൽ വച്ചും കൂടുകയുണ്ടായി. അതിരൂപത പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യൂ അദ്ധ്യക്ഷത വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം ആമുഖ പ്രസംഗം നടത്തുകയും യോഗത്തിന്റെ അജണ്ട അവതരിപ്പിക്കുകയും ചർച്ചയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

2018 ഫെബ്രുവരി മാസത്തിൽ ചേർന്ന കാസർഗോഡ്, ഇരിട്ടി, ആലക്കോട്, ചെമ്പേരി എന്നീ നാലു റീജിയണുകളിൽ 2019 മാർച്ച് 15,16 തിയതികളിൽ നടക്കുന്ന വിംശതി സമ്മേളനത്തിന്റെയും ദ്വിദിന പാഠശാലയുടെയും തീരുമാനങ്ങൾ കോർ കമ്മറ്റിയെ അറിയിച്ചു.

അതിരൂപതയിലെ ഏററവും മികച്ച മദ്യവിരുദ്ധ സമിതി & മുക്തിശ്രീ മേഖലയായി ചെമ്പന്തൊട്ടി മേഖലയെ കോർ കമ്മിറ്റി ഏകകണ്ഠമായി തെരഞ്ഞെടുക്കുകയും വിംശതി വർഷ സ്മാരക ട്രോഫി ചെമ്പന്തൊട്ടി മേഖലയ്ക്ക് 2019 മാർച്ച് 15ന് രാവിലെ ചേരുന്ന സമ്മേളനത്തിൽ വച്ച് നൽകാനും ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് സമ്മാനദാനം നിർവഹിക്കാനും തീരുമാനിച്ചു.

അതിരൂപത മദ്യവിരുദ്ധ സമിതി, മുക്തിശ്രീ, ADSU എന്നീ സംഘടനകൾക്കുവേണ്ടി ഡിസൈൻ ചെയ്ത എംബ്ലം മാർ ജോസഫ് പാംബ്ലാനിയെക്കൊണ്ട് പ്രകാശിപ്പിക്കാനും മനോഹരമായ എബ്ലം ഡിസൈൻ ചെയ്ത ശ്രീമതി ഷിനോപാറയ്ക്കലിനെ പൊന്നാട അണിയിച്ച് ആദരിക്കാനും

സംസ്ഥാനത്തെ ഏററവും മികച്ച കർഷകനുള്ള പ്രോത്സാഹന സമ്മാന ജേതാവ് ഡോ. ജോസ്‌ലറ്റ് മാത്യുവിന് പൊന്നാട അണിയിച്ച് ആദരിക്കാനും തീരുമാനിക്കുകയും മാർ ജോർജ് ഞറളക്കാട്ടിനെക്കൊണ്ട് നിർവ്വഹിപ്പിക്കാനും തീരുമാനിച്ചു.

ദ്വിദിന പഠനശാലയിൽ അവതരിപ്പിക്കേണ്ട വിഷയങ്ങളെ സംബന്ധിച്ചും അവ കൈകാര്യം ചെയ്യേണ്ട വ്യക്തികളെ സംബന്ധിച്ചും ചർച്ച നടത്തി.

മാർച്ച് 15,16 തിയതികളിലെ പരിപാടികളുടെ ക്രമീകരണങ്ങളെ സംബന്ധിച്ച് ചർച്ച നടത്തുകയും വിവിധ കമ്മിറ്റികൾക്ക് രൂപം കൊടുക്കുകയും ചെയ്തു.

**റീജിയണൽ കമ്മറ്റി യോഗങ്ങൾ**

2019 മാർച്ച് 15,16 തിയതികളിൽ നടത്തുന്ന വിംശതി സമ്മേളനവും നേതൃത്വ ദിദിന പഠനശാലയും വൻ വിജയമാക്കുന്നതിനെപ്പറ്റി ആലോചിക്കുവാനും തീരുമാനങ്ങൾ എടുക്കുന്നതിനും വേണ്ടി 2019 ഫെബ്രുവരി 19ന് ഇരിട്ടി റീജിയനും 21ന് ആലക്കോട് റീജിയനും 26ന് ചെമ്പേരി റീജിയനും യഥാക്രമം ഇരിട്ടി, ആലക്കോട്, ചെമ്പേരി എന്നിവിടങ്ങളിൽ ചേർന്നു.

സമ്മേളനത്തിലും പാഠശാലയിലും മേഖലാ യൂണിറ്റ് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതോടൊപ്പം പരിപാടികളുടെ സാമ്പത്തിക പ്രശ്നവുമായിരുന്നു. എല്ലാ റീജിയണൽ കമ്മിറ്റികളിലെയും മുഖ്യചർച്ചാ വിഷയം അതിരൂപതയിലെ നാലു റീജിയണുകളിൽനിന്നുമായി 370-ൽപരം നേതാക്കളെ പങ്കെടുപ്പിക്കുക എന്ന ഉറച്ച തീരുമാനം എടുത്തു. വിംശതി സമ്മേളനത്തിൽ 300-ൽപരം ആളുകളെ പങ്കെടുപ്പിക്കാൻ കഴിഞ്ഞു എന്ന ചരിത്ര സത്യം അഭിമാനത്തോടെ ഇവിടെ അനുസ്മരിക്കുകയും റീജിയണൽ കമ്മറ്റിക്ക് അഭിവാദ്യം അർപ്പിക്കുകയും ചെയ്യുന്നു.

50 നോമ്പ് ലഹരിമുക്തമാക്കുക എന്നാഹ്വാനം ചെയ്തുകൊണ്ടുള്ള പോസ്റ്ററുകൾ റീജിയൻ അടിസ്ഥാനത്തിൽ പ്രിന്റുചെയ്ത് എല്ലാ മേഖലകളിലും എത്തിക്കുക.

മദ്യപാനികളുടെ മാനസാന്തരത്തിനും സർക്കാരിന്റെ ജനദ്രോഹപരമായ മദ്യാപ്രളയ നയം പിൻവലിക്കുന്നതിനും വേണ്ടി മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും നേതൃത്വത്തിൽ 50 നോമ്പ് കാലത്ത് കുരിശിന്റെ വഴി സംഘടിപ്പിക്കുക.

മാർച്ച് 10 മദ്യവർജന ഞായർ വിവിധ ലഹരി വിരുദ്ധ പരിപാടികളോടെ ആചരിക്കുക തുടങ്ങിയ കാര്യങ്ങൾ റിജിയണൽ കമ്മറ്റിയിൽ സജീവമായി ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

## ഫാ. തോമസ് തൈത്തോട്ടം ജൂബിലി സ്മാരക പ്രസംഗ മത്സരം

2019 ഫെബ്രു. 20ന് നിർമലഗിരി കോളേജിൽ വച്ച് ബ. ഫിലിപ്പ് കാരക്കാട്ടച്ചന്റെ നേതൃത്വത്തിൽ കോളേജ് വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തി.

ഒന്നാം സ്ഥാനം അഷിൻ പോൾ - സി.യു.കെ. കാസർഗോഡ്

രണ്ടാം സ്ഥാനം വർഷ - പി.ആർ.എൻ.എസ്.എസ്. മട്ടന്നൂർ

മൂന്നാം സ്ഥാനം ജിബിൻ ജോസഫ്-നിർമ്മലഗിരി

വിജയികൾക്കും പരിപാടി വിജയകരമായി സംഘടിപ്പിച്ച കമ്മറ്റിക്കും അനുമോദനങ്ങൾ.

## മദ്യവിരുദ്ധ ഞായർ - ആചരണം

പേരാവൂർ - ഫാ. തോമസ് കൊച്ചുകരോട്ട് വി. കുർബാനയിൽ ലഹരി വിരുദ്ധ സന്ദേശം നല്കി. മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും അംഗങ്ങൾ ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു.

അരീക്കമല - ഫാ. തോമസ് പുള്ളോലിൽ മദ്യവിരുദ്ധ സമിതി പതാക ഉയർത്തി വി. കുർബാനയിൽ സന്ദേശം നല്കി.

ചെമ്പന്തൊട്ടി - മദ്യവിരുദ്ധ ഞായർ കാഴ്ച സമർപ്പണവും ആഘോഷമായ പാട്ടുകുർബാനയും അംഗത്വകാർഡ് പുതുക്കലും ഫൊറോന വികാരി ഫാ. ജോസ് മാണിക്യത്താഴെയുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. അസി. വികാരി ഫാ. ജിത്ത് കളപ്പുരയ്ക്കൽ പതാക ഉയർത്തി. ഫാ. റോയി ആശംസകളർപ്പിച്ച് സംസാരിച്ചു.

സ്നേഹാശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### 1. അനുശോചനം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഉള്ള ആലക്കോട് ക്യാൻസർ ക്ലിനിക്കിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി റോസ്സമ്മ സി.സി.യുടെ ഭർത്താവ് ശ്രീ ജോസഫ് (സോമൻ) ഞാറ്റുതൊട്ടിയിൽ നിര്യാതനായി. തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി മാർ ജോർജ് ഞറളക്കാട്ട് പിതാവും ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ എന്നിവർ അദ്ദേഹത്തിന്റെ ഭവനത്തിൽ എത്തുകയും പ്രാർത്ഥിച്ച് കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്തു.

### 2. NABARD മീറ്റിംഗ്

2019 മാർച്ച് 1 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് നബാർഡിന്റെ കണ്ണൂർ വച്ച് മീറ്റിംഗ് സംഘടിപ്പിച്ചു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്ന് 10ഓളം സ്റ്റാഫ് അംഗങ്ങൾ ഈ പരിപാടിയിൽ പങ്കെടുത്തു. നബാർഡിന്റെ വ്യത്യസ്ത പ്രോഗ്രാമുകളെയും പ്രൊജക്റ്റുകളെയും പരിചയപ്പെടുത്തുക എന്നതായിരുന്നു മീറ്റിംഗിന്റെ അജണ്ഡ. നബാർഡിന്റെ അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. മനോജ് കുമാർ ക്ലാസ് എടുത്തു.

### 3. ക്യാൻസർ ബോധവൽക്കരണ പരിപാടികൾ നടത്തി

**രാജഗിരി:** 2019 മാർച്ച് 4, 5 തിയതികളിൽ രാജഗിരിയിൽ വച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ ക്യാൻസർ സെന്ററും ചേർന്ന് ക്യാൻസർ ബോധവൽക്കരണ ക്ലാസ്സും എക്സിബിഷനും സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയിൽ രാജഗിരി യൂണിറ്റ് പ്രസിഡന്റ് ശ്രീ സുജോഷ് ഇരനിക്കൽ സ്വാഗതം പറഞ്ഞു. റവ. ഫാ. ഫ്രാൻസീസ് റാത്തപ്പള്ളിൽ അധ്യക്ഷതയും വാർഡ് മെമ്പർ ശ്രീമതി ലാലി തോമസ് ഉദ്ഘാടനവും നിർവ്വഹിച്ചു. മാതൃവേദി പ്രസിഡന്റ് മേരി മൈക്കിൾ പരിപാടിക്ക് നന്ദിയും പറഞ്ഞു.

**ചെമ്പന്തൊട്ടി :** 2019 മാർച്ച് 11 തിങ്കളാഴ്ച ചെമ്പന്തൊട്ടി പാരീഷ് ഹാളിൽ വച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ ക്യാൻസർ സെന്ററും ചേർന്ന് സേവ് എ ഫാമിലി മെമ്പേഴ്സിനായി ക്യാൻസർ ബോധവൽക്കരണ ക്ലാസും എക്സിബിഷനും സൗജന്യപരിശോധനയും നടത്തി. ഡോ. ഫിനിസ് എം ഫിലിപ്പ് (മലബാർ ക്യാൻസർ സെന്റർ, ഓങ്കോളജി വിഭാഗം) ആണ് ക്ലാസ് എടുത്തത്.

**ഭീമനടി:** 2019 മാർച്ച് 12 ചൊവ്വാഴ്ച ഭീമനടി പള്ളി ഓഡിറ്റോറിയത്തിൽ വച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ ക്യാൻസർ

സെന്ററും ചേർന്ന് ക്യാൻസർ ബോധവൽക്കരണ ക്ലാസ്സും എക്സിബിഷനും സൗജന്യ പരിശോധനയും സംഘടിപ്പിച്ചു.

**കോളയാട് :** 2019 മാർച്ച് 13 ബുധനാഴ്ച കോളയാട് പാരിഷ് ഹാളിൽ വച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ ക്യാൻസർ സെന്ററും ചേർന്ന് ക്യാൻസർ ബോധവൽക്കരണ ക്ലാസ്സും എക്സിബിഷനും പരിശോധനയും നടത്തി.

**പേരാവൂർ:** 2019 മാർച്ച് 14 വ്യാഴാഴ്ച പേരാവൂർ തുണ്ടി പാരിഷ് ഹാളിൽ വച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ ക്യാൻസർ സെന്ററും ചേർന്ന് ക്യാൻസർ ബോധവൽക്കരണ ക്ലാസും എക്സിബിഷനും പരിശോധനയും നടത്തി.

**ഭീമനടി:** 2019 മാർച്ച് 18, 19, 20 തീയതികളിൽ പനത്തടി മേഖലയിലെ പടുപ്പ് മാനടുക്കം, കരിവേടകം യൂണിറ്റുകളിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയും മലബാർ ക്യാൻസർ സെന്ററും ചേർന്ന് ക്യാൻസർ ബോധവൽക്കരണ ക്ലാസ്സും പരിശോധനയും എക്സിബിഷനും സംഘടിപ്പിച്ചു. തിങ്കളാഴ്ച രാവിലെ പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം നടത്തി.

**ആനറ:** 2019 മാർച്ച് 27 ബുധനാഴ്ച നെല്ലിക്കാംപോയിൽ മേഖലയിൽ ആനറ യൂണിറ്റിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ ക്യാൻസർ സെന്ററും ചേർന്ന് ക്യാൻസർ ബോധവൽക്കരണ ക്ലാസും പരിശോധനയും എക്സിബിഷനും സംഘടിപ്പിച്ചു.

**മാട്ടറ :** 2019 മാർച്ച് 28 വ്യാഴാഴ്ച മാട്ടറയിൽ വെച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ ക്യാൻസർ സെന്ററും ചേർന്ന് ക്യാൻസർ ബോധവൽക്കരണ ക്ലാസും എക്സിബിഷനും പരിശോധനയും നടത്തി.

**നെല്ലിക്കാംപോയിൽ :** 2019 മാർച്ച് 29 വെള്ളിയാഴ്ച നെല്ലിക്കാംപോയിൽ വച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മലബാർ ക്യാൻസർ സെന്ററും ചേർന്ന് ക്യാൻസർ ബോധവൽക്കരണ ക്ലാസ്സും എക്സിബിഷനും പരിശോധനയും നടത്തി.

### 4. വിധവകളെ ആദരിച്ചു

2019 മാർച്ച് 13 ബുധനാഴ്ച കോട്ടയത്ത് കേരള സോഷ്യൽ സർവ്വീസ് ഫോറത്തിൽ വച്ച് വനിതാദിനാഘോഷവും വിധവകളെ ആദരിക്കലും സംഘടിപ്പിച്ചു. പ്രതീക്ഷിക്കാത്ത നേരത്ത് തന്റെ ജീവിത പങ്കാളിയെ നഷ്ടപ്പെട്ടിട്ടും ജീവിതത്തിൽ തളരാതെ മുന്നേറിയ വനിതകളെയാണ് 32 സോഷ്യൽ സർവീസ് സൊസൈറ്റികളിൽ നിന്നും തെരഞ്ഞെടുത്തിരിക്കുന്നത്. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നിന്ന് ആലക്കോട് യൂണിറ്റിലെ എംഎസ്എസ് മെമ്പറും ക്യാൻസർ ക്ലിനിക്കിൽ സേവനമനുഷ്ഠിക്കുകയും ലൗലി ജോർജിനെയാണ് ആദരിച്ചത്. ചങ്ങനാശ്ശേരി അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ ആണ് എല്ലാവർക്കും അവാർഡ്ദാനവും

ക്യാഷ് പ്രൈസും നൽകിയത്.

### 5. വനിതാദിനാഘോഷവും സ്വയം തൊഴിൽ പരിശീലനവും

2019 മാർച്ച് 9 ശനിയാഴ്ച ഉളിക്കൽ ഉണ്ണിമിശിഹാ ദേവാലയത്തിൽ വച്ച് വനിതാദിനാഘോഷവും വിധവകൾക്കായി സ്വയം തൊഴിൽ പരിശീലന ക്ലാസും നടത്തി. ശ്രീമതി ബിന്ദു പി. റ്റി. പ്രാർത്ഥനാഗാനം ആലപിച്ചു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പരിപാടി ഉദ്ഘാടനം ചെയ്ത് ക്ലാസ് ആരംഭിച്ചു. ശ്രീമതി ലിസ്സി ജിജി നിത്യോപയോഗ സാധനങ്ങളായ സോപ്പുപൊടി, ഫിനോയിൽ എന്നിവ എങ്ങനെ സ്വയം ഉണ്ടാക്കി വരുമാനം കണ്ടെത്താമെന്നും വീട്ടിലേക്കുള്ള ചിലവ് എങ്ങനെ കുറയ്ക്കാമെന്നും ശ്രീമതി ലിസ്സി ജിജി ക്ലാസ് എടുത്തു. ഏകദേശം 100 ഓളം പേർ ക്ലാസ്സിൽ പങ്കെടുത്തു.

### 6. സേവ് എ ഫാമിലി റീജണൽ മീറ്റിംങ്ങും വനിതാദിനാഘോഷവും ഉളിക്കൽ

2019 മാർച്ച് 9 ശനിയാഴ്ച 12 മണിക്ക് വനിതാദിനാഘോഷവും സേവ് എ ഫാമിലി പ്ലാൻ നെല്ലിക്കാംപൊയിൽ റീജണൽ മീറ്റിംഗും ഉളിക്കൽ ഉണ്ണിമിശിഹാ ദേവാലയ പാരിഷ് ഹാളിൽ വച്ച് നടത്തി. സേവ് എ ഫാമിലി കോർഡിനേറ്റർ സി. ആഷ ജോർജ് സ്വാഗതം പറഞ്ഞു. തലശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനവും ഉളിക്കൽ ഉണ്ണിമിശിഹാ ദേവലയ വികാരി റവ. ഫാ. തോമസ് പയ്യംപള്ളി അദ്ധ്യക്ഷതയും വഹിച്ചു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ബെന്നി നിരപ്പേൽ, റീജണൽ കോർഡിനേറ്റർ സി. ഇമാക്കുലേറ്റ് സി.എം.സി., ആർ.സി.സി. പ്രസിഡന്റ് എംഎസ് ജോസഫ്, യൂണിറ്റ് പ്രസിഡന്റ് മേരിക്കുട്ടി ചാക്കോ എന്നിവർ ആശംസകൾ അർപ്പിച്ചു. സേവ് എ ഫാമിലി അംഗങ്ങളുടെ കലാപരിപാടികൾ ചടങ്ങിന് മോടികൂട്ടി. എല്ലാ സേവ് എ ഫാമിലി കുടുംബാംഗങ്ങൾക്കും ഉപഹാരങ്ങൾ വിതരണം ചെയ്തു. സേവ് എ ഫാമിലി ആനിമേറ്റർ മേഴ്സി ജേക്കബ് ചടങ്ങിൽ നന്ദി അർപ്പിച്ചു.

### 7. വനിതാ ദിനാഘോഷവും കുടിയേറ്റ വനിതകളെ ആദരിക്കലും

2019 മാർച്ച് 9 ശനിയാഴ്ച പേരാവൂർ മേഖല പൂളക്കുറ്റി യൂണിറ്റിൽ വച്ച് വനിതാദിനാഘോഷവും കുടിയേറ്റ വനിതകളെ ആദരിക്കുകയും ചെയ്തു. ഉച്ചയ്ക്ക് 2 മണിക്ക് പൂളക്കുറ്റി സെന്റ് മേരീസ് ഹാളിൽ വച്ച് നടന്ന ചടങ്ങിൽ മേഖല പ്രസിഡന്റ് ശ്രീ വർഗ്ഗീസ് സ്വാഗതം പറഞ്ഞു. കണിച്ചാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സെലിൻ മാണി അദ്ധ്യക്ഷതയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ ബെന്നി നിരപ്പേൽ ഉദ്ഘാടനവും നിർവ്വഹിച്ചു. തുടർന്ന് പൂളക്കുറ്റി ഹോമിയോ ഡിസ്പെൻസറിയിലെ ഡോ. ടി.ജി. മനോജ് കുമാർ " സാംസ്ക്കാരിക മൂല്യങ്ങൾ സംരക്ഷിക്കുന്നതിൽ വനിതകളുടെ പങ്ക്" എന്ന വിഷയത്തെ ആസ്പദമാക്കി ബോധൽക്കരണ ക്ലാസ് നടത്തി. ശ്രീ ബാബു പൂന്തുറ (9 -ാം വാർഡ് മെമ്പർ, കണിച്ചാർ) ശ്രീമതി ഷാന്റി സെബാസ്റ്റ്യൻ (8-ാം വാർഡ്

മെമ്പർ, കണിച്ചാർ) എന്നിവർ ആശംസ അർപ്പിച്ചു. അതേതുടർന്ന് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്റ്റാഫ് ശ്രീമതി ഉഷാ ദിനേശൻ കുടിയേറ്റ വനിതകളെ പൊന്നാട അണിയിച്ച് ആദരിച്ചു. ഏറ്റവും പ്രായം കൂടിയ 3 പേർക്ക് ടി.എസ്. എസ്.എസ്. എക്സിക്യൂട്ടിവ് ഡയറക്ടർ റവ. ഫാ ബെന്നി നിരപ്പേൽ സമ്മാനം നൽകി ആദരിച്ചു. പൂളക്കുറ്റി സി.യു സെക്രട്ടറി ശ്രീമതി ഫിലോമിന കുടക്കച്ചിറ നന്ദി അർപ്പിച്ചു.

## 6.2 ചെമ്പന്തൊട്ടി

ലോക വനിതാദിനത്തോടനുബന്ധിച്ച് 2019 മാർച്ച് 11 ചെമ്പതൊട്ടി പാരിഷ് ഹാളിൽ വച്ച് ചെമ്പേരി മേഖലയിലുള്ള സേവ് എ ഫാമിലിയുടെ ആഭിമുഖ്യത്തിൽ വനിതാദിനാഘോഷം സംഘടിപ്പിച്ചു. ശ്രീമതി നിഷ ക്ലാസ്സ് എടുത്തു. ചെമ്പന്തൊട്ടി എം.എസ്.എസ്. പ്രസിഡന്റ് ശ്രീമതി ലിസ്സ ടോമി സ്വാഗതം ആശംസിച്ചു. ചെമ്പന്തൊട്ടി ഫൊറോന വികാരി റവ. ഫാ. ജോസ് മണിക്കത്താഴെയുടെ അധ്യക്ഷതയിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് ഡയറക്ടർ റവ. ഫാ. ബെന്നി നിരപ്പേൽ ഉദ്ഘാടനവും നിർവ്വഹിച്ചു. സേവ് എ ഫാമിലി കോർഡിനേറ്റർ സി. ആഷാ ജോർജ്, മേഖല പ്രസിഡന്റ് ശ്രീ ബേബി മുല്ലൂർ എന്നിവർ ആശംസ പറഞ്ഞു. പ്രോഗ്രാം മാനേജർ ശ്രീമതി ലിസ്സി ജിജി നന്ദിയും പറഞ്ഞു. തുടർന്ന് എല്ലാ സേവ് എ ഫാമിലി മെമ്പേഴ്സിനും സമ്മാനങ്ങൾ വിതരണം ചെയ്തു.

## 6.3 ഭീമനടി

2019 മാർച്ച് 12 ചൊവ്വാഴ്ച ഭീമനടി പള്ളി ഓഡിറ്റോറിയത്തിൽ വച്ച് സേവ് എ ഫാമിലി പ്ലാൻ വെള്ളരിക്കുണ്ട് റിജണൽ മീറ്റിംങ്ങും വനിതാദിനാഘോഷവും നടത്തി. രാവിലെ 10 മണിക്ക് പരിപാടി ആരംഭിച്ചു. ഭീമനടി ക്രെഡിറ്റ് യൂണിയൻ പ്രസിഡന്റ് ശ്രീ മനോജ് ടി.സി. സ്വാഗതം ആശംസിച്ചു. ഭീമനടി ഇടവക വികാരി റവ. ഫാ. ആൻഡ്രൂസ് തെക്കേൽ അധ്യക്ഷതയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ബെന്നി നിരപ്പേൽ ഉദ്ഘാടനവും നിർവ്വഹിച്ചു. തുടർന്ന് ടി. എസ്.എസ്.എസ്. അതിരൂപതാ പ്രസിഡന്റ് ശ്രീ ആന്റണി അത്താഴപ്പാടം ഭീമനടി സി.യു. സെക്രട്ടറി മാനുവൽ, ഭീമനടി എഫ്.സി.സി. കോൺവെന്റ് മദർ സി. വിജയ എഫ് സി.സി. ഭീമനടി വിമല സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി മോളി എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് എല്ലാ സേവ് എ ഫാമിലി മെമ്പേഴ്സിനും സമ്മാനങ്ങൾ നൽകി. സേവ് എ ഫാമിലി ആനിമേറ്റർ ശ്രീമതി ബീന തോണക്കര നന്ദി അർപ്പിച്ചു.

## 8 ഇ ശക്തി

നബാർഡ് - ഇ ശക്തി പ്രൊജക്ടിന്റെ ഭാഗമായി, തലശ്ശേരി അതിരൂപതയിലെ വിവിധ മേഖലകളിൽ വില്ലേജ് ലെവൽ പ്രോഗ്രാമുകൾ നടത്തി. പ്രോഗ്രാം ആനിമേറ്റേഴ്സ് ശ്രീമതി വത്സമ്മ ടോമി, ശ്രീമതി മേഴ്സി ജേക്കബ്, ശ്രീമതി ഉഷ ദിനേശൻ, ശ്രീമതി ലിസ്സി ജിജി എന്നിവരുടെ നേതൃത്വത്തിൽ സോഷ്യൽ സെക്യൂരിറ്റി സ്കീമുകളെക്കുറിച്ച് ബാങ്ക് മാനേജേഴ്സാണ് ക്ലാസ് എടുത്തത്.

എസ്.എച്ച്.ജി. അംഗങ്ങൾക്കാണ് ക്ലാസ്സുകൾ സംഘടിപ്പിച്ചത്. പ്രധാനമന്ത്രിയുടെ PMJDY, PMSBY, PMSSBY, APY, എന്നീ സ്കീമുകളെയും അംഗങ്ങൾക്കു പരിചയപ്പെടുത്തി. ചെറുപുഴ, ആലക്കോട്, മേഖലയിൽ നിന്നും മാർച്ച് 10ന് മണക്കടവ്, മാർച്ച് 13ന് കരുവഞ്ചാൽ, മാർച്ച് 18ന് വായാട്ടുപറമ്പ് , മാർച്ച് 20ന് അരവഞ്ചാൽ, മാർച്ച് 22ന് ആലക്കോട്, മാർച്ച് 19ന് പുളിങ്ങോം എന്നീ സ്ഥലങ്ങളിൽ ആണ് വില്ലേജ് ലെവൽ മീറ്റിംഗ് നടത്തിയത്.

നെല്ലിക്കാംപൊയിൽ മേഖലയിൽനിന്നും മാർച്ച് 21ന് ശാന്തിനഗർ, കാഞ്ഞിരക്കൊല്ലി, മാർച്ച് 19ന് മുണ്ടാനൂർ എന്നീ യുണിറ്റുകളിലുമാണ് വില്ലേജ് ലെവൽ പ്രോഗ്രാം നടത്തിയത്.

പേരാവൂർ മേഖലയിൽ മാർച്ച് 22ന് പേരാവൂരും മാർച്ച് 18ന് കൊളക്കാട് യൂണിറ്റിലും വച്ച് വില്ലേജ് ലെവൽ പ്രോഗ്രാം നടത്തപ്പെട്ടു.

ചെമ്പേരി മേഖലയിൽ മാർച്ച് 20 മണ്ഡളം, മാർച്ച് 21 ചേപ്പറമ്പ്, മാർച്ച് 22 ചെമ്പതൊട്ടി എന്നീ യൂണിറ്റുകളിലും വില്ലേജ് ലെവൽ പ്രോഗ്രാം നടത്തി.

## കോഴിവളർത്തൽ പരിശീലനം സംഘടിപ്പിച്ചു

2019 മാർച്ച് 23 ന് താമരശ്ശേരി കത്തീഡ്രൽ ഹാളിൽവച്ച് കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ നേതൃത്വത്തിൽ വിധവകൾക്കായി “പേല്ലൂഷൻ ഫ്രി പോളിറ്ററി ഫാം” എന്ന വിഷയത്തിൽ പരിശീലനം കൊടുക്കുകയുണ്ടായി. വിവിധ മേഖലയിൽനിന്നും 4 വിധവകളെ അതിനായി തിരഞ്ഞെടുത്തു. നേതൃത്വം കൊടുക്കുന്നതിനായി ടി.എസ്.എസ്.എസിൽ നിന്നും 3 സ്റ്റാഫുകളും പരിപാടിയിൽ പങ്കെടുത്തു. മണമില്ലാത്ത രീതിയിൽ എങ്ങനെ കോഴി വളർത്തി മുട്ട ഉൽപാദനം നടത്തി എങ്ങനെ വരുമാനം ഉണ്ടാക്കാം എന്ന് ക്ലാസ്സിൽ വിശദമായി പറഞ്ഞു. കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ സഹായത്തോടെ ഇവർക്ക് ഫാം തുടങ്ങാൻ സാധിക്കും എന്ന് ഫോറത്തിൽ നിന്ന് അറിയിച്ചു.

## ഹോട്ടൽ മാനേജ്മെന്റ് ഇന്റർവ്യൂ

2019 മാർച്ച് 25 ന് തലശ്ശേരി സോഷ്യൽ സർവ്വീസ് ഓഫീസിൽ വച്ച് ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് പഠിക്കുന്നതിനായി താല്പര്യമുള്ള കുട്ടികളുടെ ഇന്റർവ്യു സംഘടിപ്പിച്ചു. 6 മാസത്തെ സൗജന്യപഠനത്തിലൂടെ ജോലി കരസ്തമാക്കിക്കൊടുക്കുകയാണ് ഇതിലൂടെ ടി.എസ്.എസ്.എസ് സജ് ടാറ്റാ ഡ്രൈവ് ഹോസ്പിറ്റാലിറ്റ് സ്കിൽ സെന്ററിൽനിന്നും ശ്രീ ഷിന്റോ കുട്ടികളുമായി കൂടിക്കാഴ്ച നടത്തി താല്പര്യം ഉള്ള കുട്ടികളെ തിരഞ്ഞെടുത്തു.

സ്നേഹപൂർവം,

| | |
|---|---|
| **ഫാ. ബെന്നി നിരപ്പേൽ** | **ഫാ. തോമസ് തയ്യിൽ** |
| എക്സി. ഡയറക്ടർ | ഡയറക്ടർ |

# ധ്യാനകേന്ദ്രങ്ങളിലൂടെ
## ഏപ്രിൽ & മെയ്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

**2019- ഏപ്രിൽ** 5 - 7 : സൗഖ്യാനുഭവ ധ്യാനം (6 pm ആരംഭം)
8-12 : ക്രിസ്റ്റീൻ ധ്യാനം ( ക്ലാസ്സ് : 5 -12)
12-16 : കന്നഡ ധ്യാനം
13 : ഏകദിന കൺവെൻഷൻ
13 (ശനി)-18 (വ്യാഴം) : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
28 - മെയ് 2 (2 pm) : യുവജന ധ്യാനം

**മെയ്**

ഏപ്രിൽ 28- മെയ് 2 : യുവജന ധ്യാനം (2 pm)
3-5 : തപസ്സ് ധ്യാനം (10 am ആരംഭം)
3-5 : പരിശുദ്ധാത്മാഭിഷേക ധ്യാനം (10 am ആരംഭം)
5-10 : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം
11 : ഏകദിന കൺവെൻഷൻ
12-17 : സമർപ്പിത ശാക്തീകരണ ധ്യാനം (സിസ്റ്റേഴ്സിന്)
17- 19 : സൗഖ്യാനുഭവ ധ്യാനം
20- 24 : ക്രിസ്റ്റീൻ ധ്യാനം (ക്ലാസ്സ് : 5 -12)
26-31 : ആന്തരീക-ശാരീരിക സൗഖ്യ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി**

**ഫോൺ: 0490-2493491, 9745017131, 0490 2491941**

**ഏപ്രിൽ**7-11 : ആന്തരിക സൗഖ്യ ധ്യാനം
12 : ജാഗരണ പ്രാർത്ഥന
13 : ക്രിസ്ററീൻ ഏകദിന ധ്യാനം
14-16 : തപസ്സ് ധ്യാനം (40 മണിക്കൂർ)
22-26 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
28 : കപ്പൂച്ചിൻസ് ധ്യാനം ( Provincial Chapter)

**മെയ്** 5-9 : ആന്തരിക സൗഖ്യ ധ്യാനം
10 : ജാഗരണ പ്രാർത്ഥന
11 : ക്രിസ്ററീൻ ഏകദിന ധ്യാനം
12-15 : ക്രിസ്ററീൻ ധ്യാനം (Sun - Wed)
19-23 : ആന്തരിക സൗഖ്യ ധ്യാനം
26-30 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം

**3. മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

**ഏപ്രിൽ** 12-14 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9വരെ)

26- 28 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9വരെ)

**2019 - മെയ്** 10- 12 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9വരെ)

24- 26 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9വരെ)

**3. ദർശന ധ്യാന കേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ്**
**ഫോൺ :0460 2202613, 0460 2204556, 9447424076**

**ഏപ്രിൽ** 11-14 : (വ്യാഴം-ഞായർ) മരിയൻ ദിവ്യകാരുണ്യാഭിഷേക ധ്യാനം

15-17 : (തിങ്കൾ - ബുധൻ) നാല്പതുമണി ആരാധന ഈശോയുടെ പീഡാസഹന സ്മരണഒരുക്കമായി) രാവിലെ മുതൽ വൈകുന്നേരം വരെ

22- 24 : (തിങ്കൾ - ബുധൻ) - കുടുംബ ദർശന ധ്യാനം (ദമ്പതികൾക്കും യുവജനങ്ങൾക്കും വേണ്ടി)

25- 28 : (വ്യാഴം - ഞായർ) ഹീലിങ്ങ് & ഡെലിവറൻസ് ധ്യാനം - ഫാ. ജോസഫ് വയലിൽ സി.എം.ഐ&ടിം

28 -3 : (ഞായർ-വെള്ളി ) ദിവ്യകാരുണ്യാഭിഷേക ധ്യാനം (സിസ്റ്റേഴ്സിന്)

**മെയ്** 05-8 : (ഞായർ- ബുധൻ) 8-ാം ക്ലാസിന് താഴെ കുട്ടികളുടെ ധ്യാനം

9-12 : (വ്യാഴം - ഞായർ) മരിയൻ ദിവ്യകാരുണ്യാഭിഷേക ധ്യാനം

19- 21 : (ഞായർ- ചൊവ്വ) - കുടുംബ ദർശന ധ്യാനം (ദമ്പതികൾക്കും യുവജനങ്ങൾക്കും വേണ്ടി)

23-26 : (വ്യാഴം - ഞായർ) ഹീലിങ്ങ് & ഡെലിവറൻസ് ധ്യാനം - ഫാ. ജോസഫ് വയലിൽ സി.എം.ഐ&ടിം

26 - 31 : (ഞായർ-വെള്ളി) ദിവ്യകാരുണ്യാഭിഷേക ധ്യാനം (സിസ്റ്റേഴ്സിന്)

**4. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ**
**ഫോൺ: 9526609050, 9447481643, 9496253756**

**ഏപ്രിൽ** 7-12 : ആന്തരിക സൗഖ്യ ധ്യാനം

| | | |
|---|---|---|
| | 14-18 : | പെൺകുട്ടികൾക്ക് മാത്രമുള്ള ധ്യാനം |
| | 21-25 : | ആൺകുട്ടികൾക്ക് മാത്രമുള്ള ധ്യാനം |
| | 2,9,16,23,30 : | ഏകദിന കൺവെൻഷൻ |
| **മെയ്** | 5-10 : | ആന്തരിക സൗഖ്യ ധ്യാനം |
| | 12-17 : | സിസ്റ്റേഴ്സിന് മാത്രമുള്ള ധ്യാനം |
| | 19-24 : | ആന്തരിക സൗഖ്യ ധ്യാനം |
| | 7, 14,21, 28 : | ഏകദിന കൺവെൻഷൻ |

**6. IMS ധ്യാന കേന്ദ്രം - കൂട്ടുപുഴ ഫോൺ : 9605907813, 9745292602, 823972612**

| | | |
|---|---|---|
| **മെയ്** 02 | : | രാത്രി ആരാധന |
| | 3-5 : | യുവജന ധ്യാനം |
| | 10-13 : | കരുണാഗ്നി സ്നാന ധ്യാനം |
| | 13-17 : | ആന്തരിക സൗഖ്യ ധ്യാനം |
| | 20-23 : | ക്രിസ്റ്റീൻ ധ്യാനം |
| | 24-26 : | ദിവ്യകാരുണ്യ അഭിഷേക മരിയൻ ധ്യാനം |
| | 26-30 : | പരിശുദ്ധാത്മാഭിഷേക ധ്യാനം |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | |
|---|---|---|
| **ഏപ്രിൽ** | 06 : | ഏകദിന കൺവൻഷൻ |
| | 07-11 : | ആന്തരീക സൗഖ്യധ്യാനം |
| | 12 : | ജാഗരണപ്രാർത്ഥന |
| | 13 : | സീയോൻ വിങ്സ് |
| | 14-17 : | പീഡാനുഭവധ്യാനം |
| | 22-25 : | ക്രിസ്റ്റീൻ ധ്യാനം |
| | 26-29 : | യുവജന ധ്യാനം |
| **മെയ്** | 04 : | ഏകദിന കൺവൻഷൻ |
| | 05-09 : | മരിയൻ ആന്തരീക സൗഖ്യധ്യാനം |
| | 10 : | ജാഗരണപ്രാർത്ഥന |
| | 11 : | സീയോൻ വിങ്സ് |
| | 11-13 : | ഏയ്ഞ്ചൽസ് ധ്യാനം |

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഫെബ്രുവരി 2019

22 താമരശ്ശേരി എം.എസ്.ടി. മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ച് സെമിനാരി ഡേ ആഘോഷത്തിൽ പങ്കുചേർന്നു.

23 സി.എം.ഐ. കോഴിക്കോട് സെന്റ് തോമസ് പ്രൊവിൻസിന്റെ സുവർണ്ണജൂബിലി ആഘോഷത്തിൽ വി. ബലിയർപ്പിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി.

24 രാവിലെ മണിക്കടവ് ഇടവകയിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവനനിർമ്മാണ പദ്ധതിയിൽ നിർമ്മിച്ച ഭവനം വെഞ്ചരിച്ചു. ഉച്ചകഴിഞ്ഞ് ശാന്തിനഗർ ഇടവകയിൽ വി. ബലിയർപ്പിക്കുകയും പ്രളയദുരന്തത്തിനിരയായ രണ്ടു കുടുംബങ്ങൾക്ക് മാർ വള്ളോപ്പിള്ളി ഭവന നിർമ്മാണ പദ്ധതിയിൽ നിർമ്മിച്ച രണ്ടുഭവനങ്ങൾ വെഞ്ചരിക്കുകയും തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

25 രാവിലെ സന്ദേശഭവനിൽ ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിദേശ ഭാഷാപഠന സ്ഥാപനം AIFL ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന പ്രസ്ബിറ്ററൽ കൗൺസിലിൽ അധ്യക്ഷതവഹിച്ചു. വൈകുന്നേരം ആർച്ച്ബിഷപ്സ് ഹൗസിൽ നവീകരിച്ച ദൈവാലയത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

26 കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിൽ വി.ബലിയർപ്പിച്ച് സന്ദേശം നല്കി ഉച്ചകഴിഞ്ഞ് കുന്നോത്ത് സെന്റ് ജോസഫ്സ് സ്കൂളിൽ പുതിയതായി നിർമ്മിച്ച ക്ലാസുമുറികൾ വെഞ്ചരിച്ചു. വൈകുന്നേരം മൈനർ സെമിനാരിയിൽ നടന്ന വൊക്കേഷൻ ബ്യൂറോ അംഗങ്ങളുടെ മീറ്റിംങ്ങിൽ അധ്യക്ഷത വഹിച്ചു.

27 രാവിലെ കാഞ്ഞങ്ങാട് ഇടവകയിൽ പ്ലാക്കിൽ ഷിജിയുടെ നാലാമത്തെ കുട്ടി സാമുവലിന് മാമ്മോദീസ നല്കി. തുടർന്ന് പടന്നക്കാട് ഗുഡ്

ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ഭീമനടി ഇടവകയിൽ ബഹു. ജോസഫ് വാരണത്ത് അച്ചന്റെ പിതാവ് പരേതനായ അബ്രാഹം വാരണത്തിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ സിമിത്തേരിയിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

28 രാവിലെ അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയ വൈദികരെയും സിസ്റ്റേഴ്സിനെയും സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് വിളക്കന്നൂർ ഇടവകയിൽ തിരുഹൃദയ സന്യാസിനി സമൂഹം പുതുതായി നിർമ്മിച്ച കോൺവെന്റ് വെഞ്ചരിച്ച് ചാപ്പൽ കൂദാശചെയ്തു.

## മാർച്ച് 2019

01 രാവിലെ അതിരൂപതാ കാര്യാലയത്തിൽ നടന്ന ഫൊറോനവികാരിമാരുടെ മീറ്റിങ്ങിന് നേതൃത്വം കൊടുത്തു. ഉച്ചകഴിഞ്ഞ് ഒറ്റത്തൈ ഇടവകയിൽ നിര്യാതയായ കാഞ്ഞിരത്തിങ്കൽ റോസമ്മയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

02 രാവിലെ പേരാവൂർ കിഴക്കേ മാവടിയിൽ നിർമ്മിച്ച പുതിയ ദൈവാലയം കൂദാശചെയ്തു. ഉച്ചകഴിഞ്ഞ് പൂപ്പറമ്പ് ഇടവകയിൽ എസ്.എം.എസ്. സന്യാസിനി സമൂഹം നിർമ്മിച്ച മാനസികരോഗികൾക്കുവേണ്ടിയുള്ള ആതുരാലയം വെഞ്ചരിച്ച് ചാപ്പൽ കൂദാശചെയ്തു. വൈകുന്നേരം രത്നഗിരി ഇടവകയിൽ അജപാലന സന്ദർശനത്തിനെത്തി രോഗികളായവരെ സന്ദർശിച്ചു.

03 രത്നഗിരി ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

04 രാവിലെ ഭദ്രാസന ദൈവാലയത്തിൽ നടന്ന വിഭൂതി തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് സന്ദേശഭവനിൽ നടന്ന തലശ്ശേരി റിസേർച്ച് സെന്ററിന്റെ സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു. വൈകുന്നേരം കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ അധ്യായനവർഷ വിലയിരുത്തൽ യോഗത്തിന് നേതൃത്വം നല്കി.

05 രാവിലെ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ നടന്ന സന്യാസ സമൂഹങ്ങളുടെ സുപ്പീരിയേഴ്സിന്റെ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

07 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം നടന്ന കുരീയ മീറ്റിങ്ങിന് നേതൃത്വം നല്കി.

08 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയ വൈദികരോടും സിസ്റ്റേഴ്സിനോടുമൊപ്പം സമയം ചിലവഴിച്ചു. വൈകുന്നേരം വിമൽജ്യോതി എൻജിനീയറിങ് കോളേജിന്റെ ഭരണസമിതി യോഗത്തിൽ പങ്കെടുത്തു.

09 രാവിലെ സാൻജോസ് മെട്രോപോളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ ഈ വർഷം സ്കൂളുകളിൽനിന്ന് വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പ് യോഗത്തിൽ അധ്യക്ഷതവഹിച്ച് വിരമിക്കുന്ന അധ്യാപകർക്ക് അനുമോദനങ്ങളറിയിച്ചു. ഉച്ചകഴിഞ്ഞ് അരിവിളഞ്ഞ പൊയിൽ ഇടവകയിൽ അജപാലനസന്ദർശനത്തിനെത്തി രോഗികളെ സന്ദർശിച്ചു.

10 അരിവിളഞ്ഞപൊയിൽ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

12 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽനടന്ന വൊക്കേഷൻ ബ്യൂറോ മീറ്റിങ്ങിൽ പങ്കെടുത്തു.

13 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയവരോടൊപ്പം സമയം ചിലവഴിച്ചു. വൈകുന്നേരം മാസധ്യാനത്തിൽ പങ്കെടുത്തു.

14 അതിരൂപതാ കാര്യാലയത്തിൽ സന്ദർശനത്തിനെത്തിയ വൈദികരോടും സിസ്റ്റേഴ്സിനോടും സംവദിച്ചു. പൊന്ന്യം സെന്റ് ജോൺ പോൾ ഫോർമേഷൻ സെന്ററിലെ അവസാനവർഷ വൈദികവിദ്യാർത്ഥികളോട് വ്യക്തിപരമായി സംസാരിച്ചു.

15 കെസിബിസി മദ്യവിരുദ്ധസമിതിയുടെ വിംശതി സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. മൈനർ സെമിനാരി മൂന്നാംവർഷ വൈദികവിദ്യാർത്ഥികളുമായി കോൺഫറൻസ് നടത്തി. വൈകുന്നേരം അതിരൂപത കാര്യാലയത്തിൽ ഫിനാൻസ് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു.

16 അതിരൂപത കാര്യാലയത്തിൽ കൺസൾട്ടേഴ്സ് മീറ്റിങ്ങിൽ അധ്യക്ഷതവഹിച്ചു. വൈകുന്നേരം നെടുവാലൂർ ഇടവകയിൽ അജപാലന സന്ദർശനത്തിനെത്തി രോഗികളായവരെ സന്ദർശിച്ചു.

17 നെടുവാലൂർ ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

18 കരുവഞ്ചാൽ ശാന്തിഭവനിൽ വിശ്രമജീവിതം നയിക്കുന്ന വൈദികരോടൊപ്പം വി. ബലിയർപ്പിക്കുകയും അവരോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു. വൈകുന്നേരം അതിരൂപതാകാര്യാലയത്തിൽ ജോസഫ് പാംപ്ലാനി പിതാവിന്റെ നാമഹേതുകതിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം കൊടുത്തു.

19 തലശ്ശേരി സെന്റ് ജോസഫ്സ് ഭദ്രാസന ദൈവാലയത്തിൽ ഇടവകത്തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

20 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു.

❖❖❖

## Programme of the Archbishop
## MAR GEORGE NJARALAKATT

### APRIL 2019

| | | | |
|---|---|---|---|
| 01 | | - | Minor seminary - Conference with regency brothers |
| 02 | | - | Kakkanad - Permanent synod |
| 03 | | - | Mumbai - CBCI |
| 04 | | - | Cathedral - Mar Valloppilly death anniversary |
| 05 | | - | Provincial bishops' meet |
| 06 | | - | Unaided school managers' meet |
| 08 | | - | Gudalloor |
| 09 | | - | Minor seminary- Conference with major seminarians |
| 10 | | - | Visitors' day |
| 11 | | - | Cathedral - Minor orders |
| | | - | Priests' & Sisters' day |
| 12 | | - | Out of station |
| 14 | | - | Cathedral - Palm Sunday |
| 15 | | - | Thaliparamba - Chrism mass |
| 16 | | - | Minor seminary - Interview with new candidates |
| 17 | | - | Visitors' day |
| 18 | | - | Cathedral - Maundy Thursday |
| 19 | | - | Cathedral - Good Friday |
| 20 | | - | Aryaparamba |
| 21 | | - | Cathedral - Easter |
| 22 | 6.30 am | - | Holy Qurbana at FCC |
| | 6.30 pm | - | Holy Qurbana at MSMI |
| 24 | 6.30 am | - | Cathedral - Feast of St. George & Vestition of regency brothers |
| | 6.30 pm | - | Festal celebrations at Archbishop's House |
| 25 | 9.00 am | - | Peravoor - Vestition SH sisters |
| | 3.30 pm | - | Kallumuthirakunnu |

| | | | |
|---|---|---|---|
| | 7.00 pm | - | SD convent TLY |
| 26 | | - | Ernakulam - Rectors' meet |
| 27 | 9.00 am | - | Ordination - Vellariyanam |
| | 2.30 pm | - | Church Consecration - Edakkom |
| | | - | Pastoral visit - Balesugiri |
| 28 | | - | Pastoral visit - Balesugiri |
| 29 | | - | Ordination - Mangod |
| | 3.00 pm | - | Sanjos IELTS Academy Inauguration |
| | 5.00 pm | - | Conference with TTC Students |
| 30 | 10.00 am | - | Karunapuram - SMS Golden Jubillee |
| | 3.00 pm | - | Maruthumthattu Chappel Consecration |

## MAY 2019

| | | | |
|---|---|---|---|
| 01 | 9.00 am | - | Nellickampoil - Vestition CMC sisters |
| | 2.30 pm | - | Church Consecration - Kolikadavu |
| | 7.00 pm | - | Catechism seminar |
| 02 | 9.00 am | - | Nadavayal - Vestition |
| | 5.00 pm | - | Jubilee DST Congregation |
| 03 | 2.00 pm | - | AKCC Annual meet |
| 4-5 | | - | Heggade |
| 06 | 9.00 am | - | Deacons' meet- Minor Seminary |
| | 5.00 pm | - | Kolayad parish hall blessing |
| 07 | | - | Manakkadav - First Holy Communion |
| 8-10 | | - | Bangalore - CBCI |
| 11 | | - | Arakkuzha |
| 12-13 | | - | Ernakulam - Catechism Commission |
| 14 | 10.00 am | - | Kanichar |
| | 3.00 pm | - | Kunnoth |
| 15 | | - | Visitors' day |
| 16 | | - | Priests' & sisters' day |

❖❖❖ **Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ഫെബ്രുവരി 2019

25 രാവിലെ 10.30ന് വെള്ളാട് ഇടവകയിൽ നിര്യാതനായ ജോൺ പുളിക്കലിന്റെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 3 മണിക്ക് പാത്തൻപാറ ഇടവകയിൽ നിര്യാതയായ മുണ്ടക്കൽ ഏലിക്കുട്ടിയുടെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം 7 മണിക്ക് അരമനയിൽ ചാപ്പലിന്റെ കൂദാശകർമ്മങ്ങൾക്ക് സഹകാർമ്മികത്വം വഹിച്ചു.

27 വൈകുന്നേരം 3.30 ന് ഭീമനടി ഇടവകയിൽ നിര്യാതനായ അബ്രഹാം വാരണത്തിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

28 വൈകുന്നേരം 6.30ന് തലശ്ശേരി ജോസ്ഗിരി SABS സമൂഹത്തിൽ വി. കുർബ്ബാനയർപ്പിക്കുകയും ജൂബിലി ആഘോഷങ്ങളിൽ പങ്കാളിയാവുകയും ചെയ്തു.

### മാർച്ച് 2019

01 രാവിലെ 7 മണിക്ക് നെല്ലിക്കാംപോയിൽ പള്ളിയിൽ വി. കുർബ്ബാനയർപ്പിക്കുകയും പുനരുദ്ധരിച്ച സിമിത്തേരി വെഞ്ചരിക്കുകയും ചെയ്തു. തുടർന്ന് സി.എം.സി. പ്രൊവിൻഷ്യൽ ഹൗസ്, കരുവാഞ്ചാൽ പ്രീസ്റ്റ് ഹോം എന്നിവിടങ്ങൾ സന്ദർശിച്ചു. ഉച്ചയ്ക്ക് 3.30 ന് പാലാവയൽ ഇടവകയിൽ നിര്യാതയായ ഇടക്കര മേരിക്കുട്ടിയുടെ മൃതസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

02 രാവിലെ 10.30ന് എടത്തൊട്ടി ദൈവാലയത്തിൽ ഡേവിഡ് സെബാസ്റ്റ്യൻ കൈപ്പാനിക്കലിന് മാമ്മോദിസാ നൽകി.

04 രാവിലെ 8.30ന് വിഭൂതി ദിനത്തിൽ കാസർഗോഡ് ദൈവാലയത്തിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി. രാവിലെ 10.30ന് കത്തോലിക്കാ കോൺഗ്രസ് നയിക്കുന്ന സമര പ്രഖ്യാപന വിളംബരജാഥ ഉദ്ഘാടനം ചെയ്തു.

09 രാവിലെ 10.30ന് അറബി സെന്റ് ജോസഫ് പള്ളിയിൽ കൊച്ചുകുന്നത്ത് പറമ്പിൽ ആന്റണിയുടെ മൃതസംസ്കാര കർമ്മത്തിൽ പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

## Programme of the Archbishop Emeritus
## MAR GEORGE VALIAMATTAM

### APRIL 2019

15 - Taliparamba

18 - Pesaha

19 - Good Friday

21 - Easter

24 - Thalassery

25 - SD Convent Thalassery

27 - Udayapuram

**Secretary to the Archbishop Emeritus**

---

11. വൈകുന്നേരം 4.30ന് ആലക്കോട് ഇടവകയിൽ നിര്യാതനായ അബ്രഹാം മുതുപ്പാറക്കുന്നേലിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
12. രാവിലെ 10 മണിക്ക് പെരുമ്പുന്ന ഇടവകയിൽ നിര്യാതനായ കൊല്ല റേട്ട് പി.കെ. തോമസിന്റെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മി കത്വം വഹിച്ചു.
16. രാവിലെ 10.30ന് നെല്ലിക്കാംപോയിൽ ഇടവകയിൽ നിര്യാതയായ സിൽവി തൈക്കണ്ടത്തിലിന്റെ മൃതസംസ്ക്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
17. വൈകുന്നേരം 5.30ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ തിരു നാൾ ദിനത്തിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകി.
18. രാവിലെ 9.30ന് പനത്തടി ദൈവാലയത്തിൽ തിരുനാൾ കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഫെബ്രുവരി 2019

25 രാവിലെ 9 മണിക്ക് സന്ദേശഭവനിൽ ആൽഫാ ഫോറിൻ ലാംഗ്വേജ് അക്കാഡമിയുടെ ഉദ്ഘാടന ചടങ്ങുകളിൽ പങ്കെടുത്തു. തുടർന്ന് നടന്ന പാസ്റ്ററൽ കൗൺസിലിൽ പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് അരമനയിൽ പുനർനിർമ്മിച്ച ചാപ്പലിന്റെ വെഞ്ചരിപ്പ് കർമ്മങ്ങളിൽ സഹകാർമ്മികത്വം വഹിച്ചു.

26 വൈകുന്നേരം 7.30 മുതൽ തലശ്ശേരി മൈനർ സെമിനാരിയിൽ വൊക്കേഷൻ ബ്യൂറോ അംഗങ്ങൾക്ക് ക്ലാസ് നയിച്ചു.

27 തലശ്ശേരി അരമനയിൽ സന്ദർശകരെ സ്വീകരിച്ചു.

28 രാവിലെ 11 മണിക്ക് പൈസക്കരി ദേവമാതാകോളേജിൽ നടന്ന ഐ.എസ്.ഒ. അംഗീകാര സമർപ്പണചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം ചെമ്പേരി കരുണാലയം സന്ദർശിച്ചു.

### മാർച്ച് 2019

01 തലശ്ശേരിയിൽ നടന്ന ഫൊറോനാവികാർ മീറ്റിംഗിലും തുടർന്ന് ഉച്ചകഴിഞ്ഞ് നടന്ന മതബോധന കൗൺസിൽ യോഗത്തിലും പങ്കെടുത്തു. വൈകുന്നേരം 4 മണിക്ക് പേരാവൂർ ഇടവകയിൽ നടന്ന മാരത്തോൺ മത്സരങ്ങളുടെ സമ്മാന വിതരണം ചെയ്യുകയും മുതിർന്ന കുടിയേറ്റക്കാരെ ആദരിക്കുകയും ചെയ്തു.

02 രാവിലെ 10 മണിക്ക് മേരിപുരത്ത് പനത്തടി ഫൊറോനാ മാതൃവേദി കൺവെൻഷനിൽ വി. കുർബ്ബാനയർപ്പിച്ച് ക്ലാസ് നയിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് പടുപ്പ് ഇടവകയിൽ വൃക്കദാനത്തെതുടർന്ന് വിശ്രമത്തിലായിരുന്ന ഫാ. സനിൽ അച്ചാണ്ടിയെ സന്ദർശിച്ചു.

03 കാലിച്ചാനടുക്കം ഇടവകയിൽ ഇടവക സന്ദർശനം നടത്തി.

04 വൈകുന്നേരം 6 മണിക്ക് ചെറുപുഴയിൽ നടന്ന ഇൻഫാമിന്റെ കർഷക ജാഥയ്ക്ക് നൽകിയ സ്വീകരണത്തിൽ മുഖ്യപ്രഭാഷണം നടത്തി.

05 തളിപ്പറമ്പിൽ വച്ച് നടന്ന റിലിജിയസ് സുപ്പീരിയേഴ്സ് മീറ്റിൽ പങ്കെടുത്തു.

07 മാലോം ഇടവകയിൽ നടന്ന സക്കറിയാസ് കൺവെൻഷനിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം 7 മണിക്ക് അരമനയിൽ നടന്ന VJEC ഗവേണിംഗ് ബോഡിയിൽ അദ്ധ്യക്ഷത വഹിച്ചു.

08 പാറേൽപള്ളിയിൽ നടത്തപ്പെട്ട ചങ്ങനാശ്ശേരി അതിരൂപതാ ബൈബിൾ കൺവെൻഷനിൽ പ്രസംഗിച്ചു.

09 രാവിലെ 9 മണിക്ക് സാൻജോസ് മെട്രോപ്പൊളിറ്റൻ സ്കൂളിൽ നടന്ന കോർപ്പറേറ്റ് സ്കൂൾ അവാർഡ് ദാനചടങ്ങിൽ ആശംസയർപ്പിച്ചു. തുടർന്ന് 12 മണിക്ക് ഉളിക്കലിൽ TSSS- ന്റെ ആഭിമുഖ്യത്തിൽ നടന്ന വിവിധ സഹായ വിതരണങ്ങൾ നടത്തി.

10. പൈസക്കരി ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

11. അരമനയിൽ സന്ദർശകരെ സ്വീകരിച്ചു.

12. രാവിലെ 10 മണിക്ക് ചെമ്പേരി വിമൽജ്യോതി കോളേജ് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.

13. തലശ്ശേരി അരമനയിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

14. രാവിലെ 9 മണിക്ക് പടന്നക്കാട് നടന്ന MPC കോഴ്സിൽ പ്രഭാഷണം നടത്തി. തുടർന്ന് റീജണൽ ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിക്കുകയും BSF മീറ്റിംഗിൽ ക്ലാസ് നയിക്കുകയും ചെയ്തു.

15. രാവിലെ 10 മണിക്ക് തലശ്ശേരി സന്ദേശഭവനിൽ മദ്യവിരുദ്ധസമിതിയുടെ നേതൃത്വത്തിൽ നടന്ന പഠനശാലയിൽ ക്ലാസ് നയിച്ചു. ഉച്ചകഴിഞ്ഞ് ഗുഡ്നെസ് ടി.വിയുടെ ഷൂട്ടിംഗിൽ പങ്കെടുത്തു. രാത്രി 8.30ന് തലശ്ശേരിയിൽ നടന്ന ഫിനാൻസ് കൗൺസിലിൽ പങ്കാളിയായി.

16. രാവിലെ 10 മണിക്ക് അരമനയിൽ നടന്ന കൺസൾട്ടേഴ്സ് യോഗത്തിൽ പങ്കെടുത്തു.

17. കനകക്കുന്ന് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

18. വൈകുന്നേരം 5 മണിക്ക് തലശ്ശേരി കത്തീഡ്രലിൽ തിരുനാൾ കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി.

19. ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ പൊയ്കയിൽ നിര്യാതനായ ജേക്കബ് പാംപ്ലാനിയുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

20. കാക്കനാട് നടന്ന മീഡിയാകമ്മീഷൻ യോഗത്തിൽ പങ്കെടുത്തു.

21. രാവിലെ 10 മണിക്ക് ആർച്ച്ബിഷപ്പ്സ് ഹൗസിൽ നടന്ന റിലിജിയസ് സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചക്ക് 12.30ന്

ചെമ്പേരി വിമൽജ്യോതി സ്റ്റാഫ് യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം 6 മണിക്ക് പൈസക്കരി ഇടവകയിൽ നിര്യാതനായ ജോസഫ് തൊട്ടി ലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

23. രാവിലെ 9.30ന് തളിപ്പറമ്പ് നടന്ന പാസ്റ്ററൽ കൗൺസിലിൽ പങ്കെടുത്തു.

24. കാർത്തികപുരം ഇടവകയിൽ അജപാലനസന്ദർശനം നടത്തി ഉച്ചക ഴിഞ്ഞ് 3 മണിക്ക് കൊട്ടത്തലച്ചിമലയിൽ SMYM സംസ്ഥാന സമിതി യുടെ നേതൃത്വത്തിൽ നടന്ന കുരിശിന്റെ വഴി പ്രദക്ഷിണത്തിന്റെ സമാ പന പ്രസംഗം നടത്തി ഉദ്ഘാടനം ചെയ്തു. തുടർന്ന് ഉച്ചകഴിഞ്ഞ് പൈസക്കരി രോഗീസന്ദർശനം നടത്തി.

❖❖❖

# Programme of the Auxiliary Bishop
# Mar Joseph Pamplany

## April 2019

| | | | |
|---|---|---|---|
| 1- 4 | | - | Out of station |
| 05 | | - | Engaged |
| 06 | | - | Padannakkad |
| 07 | | - | Pastoral Visit : Padappu |
| 08 | 6.15 am | - | Josgiri Hospital |
| 8- 9 | | - | Alpha Shooting Programme |
| 10 | | - | Monthly recollection |
| 11 | | - | BSF Padannakkad |
| 12 | | - | Ernakulam |
| 14 | | - | Vellad |
| 15 | 10.00am | - | Thaliparamba |
| 16 | | - | Padannakkad |
| 18 | | - | Badiyaduka |
| 19 | | - | Good Friday |
| 21 | | - | Easter |
| 22 | | - | Rajagiri youth Convention |
| 24 | | - | Bishop's House |
| 25 | 09.00 am | - | Paisakary : Ordination |

| | | | |
|---|---|---|---|
| | 02.00 pm | - | Bathery |
| | 06. 30 | - | SD Thalassery |
| 26 | 10.00 am | - | Alpha Institute |
| | 4.00 pm | - | Aravanchal |
| 27 | 9.00 am | - | Ordination: Chempanthotty |
| | 2 pm | - | Edakom |
| 28 | | - | Shakinah TV Launch |
| 29 | 10.00am | - | Ordination : Palavayal |
| | 3.00 pm | - | Vembua |
| 30 | 9.30 am | - | SABS Kiliyanthara |
| | 3.00 pm | - | Rajamudy |

**Secretary to the Auxiliary Bishop**

❖❖❖